2021 മെയ്
12
ബുധൻ
1196 മേടം 29


# മെട്രോ വാർത്ത

www.metrovaartha.com

12 പേജ് ₹ 7.00

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | മുംബൈ

KOZHIKODE



14/07/1919
11/05/2021

# നായികാ നക്ഷത്രം

## കെ.ആർ. ഗൗരിയമ്മയ്ക്ക് മലയാളനാടിന്റെ പ്രണാമം

**സ്വന്തം ലേഖകർ**

തിരുവനന്തപുരം/ ആലപ്പുഴ: പുന്നപ്ര-വയലാർ വിപ്ലവ സ്മരണകളിരമ്പുന്ന ആലപ്പുഴ വലിയ ചുടുകാട്ടിൽ കേരളത്തിന്റെ വിപ്ലവനായിക കെ.ആർ. ഗൗരിയമ്മയ്ക്ക് (102) അന്ത്യവിശ്രമം. കേരള രാഷ്ട്രീയത്തിലെ സമാനതകളില്ലാത്ത നേതാവും ആദ്യ വനിതാ മന്ത്രിയുമായ ഗൗരിയമ്മ, ശ്വാസകോശത്തിലുണ്ടായ അണുബാധയെ തുടർന്ന് തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാവിലെ ഏഴുമണിയോടെയാണ് അന്തരിച്ചത്.

തിരുവനന്തപുരം അയ്യങ്കാളി ഹാളിലെ പൊതുദർശനത്തിനു ശേഷം, ആലപ്പുഴയിലെ സ്വവസതിയായ ചാത്തനാട് കളത്തിപ്പറമ്പിൽ വീട്ടിലും എസ്ഡിവി സ്കൂൾ ഓഡിറ്റോറിയത്തിലും പൊതുദർശനത്തിനു വച്ചു. തുടർന്ന് വലിയ ചുടുകാട്ടിൽ ഭർത്താവും സിപിഐ നേതാവുമായിരുന്ന ടി.വി. തോമസിന്റെ ശവകുടീരത്തിനടുത്തായി വൈകിട്ട് അഞ്ച് മണിയോടെ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം. ജ്യേഷ്ഠ സഹോദരിയുടെ ചെറുമകൻ അരുൺ ഉണ്ണികൃഷ്ണനാണ് ചിതയ്ക്ക് തീ കൊളുത്തിയത്.

16 വർഷത്തോളം ഭരണാധികാരിയായും 46 വർഷം നീണ്ട സാമാജിക ജീവിതത്തിലും ഏറെ സമയവും ചെലവിട്ട തിരുവനന്തപുരത്തു നിന്ന് ജന്മനാട്ടിലേക്കുള്ള അന്ത്യയാത്രയ്ക്ക് മുമ്പ് ധീരവനിതയുടെ മൃതദേഹത്തിൽ ചെങ്കൊടി പുതപ്പിച്ചാണ് തലസ്ഥാന നഗരി വിടചൊല്ലിയത്. ആദ്യ മന്ത്രിസഭയിലും ആദ്യ നിയമസഭയിലും അംഗമായിരുന്നവരുടെ അവസാനകണ്ണിയായിരുന്നു ഗൗരിയമ്മ.

ചികിത്സയുടെ ഭാഗമായി ആലപ്പുഴയിൽ നിന്ന് തിരുവനന്തപുരത്ത് സഹോദരീപുത്രിയുടെ വീട്ടിലേക്ക് ഏപ്രിൽ ആദ്യവാരമാണ് ഗൗരിയമ്മ താമസം മാറിയത്. കടുത്ത പനിയെ തുടർന്ന് ഏപ്രിൽ 25ന് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരോഗ്യനിലയിൽ പുരോഗതിയുണ്ടായതിനാൽ മുറിയിലേക്ക് മാറ്റി. എന്നാൽ, മെയ് അഞ്ചിന് വീണ്ടും ആരോഗ്യനില വഷളായതിനെ തുടർന്ന് തീവ്രപരിചരണ വിഭാഗത്തിലേക്ക് മാറ്റുകയായിരുന്നു.



വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തെത്തിയ ഗൗരിയമ്മ അക്കാലത്ത് സമൂഹം സ്ത്രീകൾക്കായി വരച്ചിട്ട ലക്ഷ്മണ രേഖ മറികടന്ന് രാഷ്ട്രീയ മണ്ഡലത്തിൽ പുതുചരിത്രം എഴുതിച്ചേർത്തു. അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കൗൺസിൽ അംഗമായിരുന്നു.

കൊവിഡ് നിയന്ത്രണങ്ങൾ ഇളവു ചെയ്ത് സർക്കാർ പ്രത്യേക ഉത്തരവിറക്കിയതിനാൽ നിരവധി പേർ ഗൗരിയമ്മയ്ക്ക് അന്ത്യാഞ്ജലി അർപ്പിച്ചു. കളത്തിപ്പറമ്പിൽ വീട്ടിൽ വളരെ കുറച്ചുപേർക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളൂ. വിവിധ കക്ഷി നേതാക്കൾ ഗൗരിയമ്മയ്ക്ക് അന്തിമോപചാരം അർപ്പിക്കാനെത്തി.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, രമേശ് ചെന്നിത്തല, മുൻ മന്ത്രിമാർ, എംഎൽഎമാർ, രാഷ്ട്രീയ- സാംസ്കാരിക- സാഹിത്യ രംഗങ്ങളിലെ പ്രമുഖർ എന്നിവരടക്കമുള്ളവർ അന്ത്യാഞ്ജലിയർപ്പിച്ചു.

**1957-59**
**ഒന്നാം ഇഎംഎസ് മന്ത്രിസഭ:**
റവന്യു, എക്സൈസ്, ദേവസ്വം മന്ത്രി

**1967- 69**
**രണ്ടാം ഇഎംഎസ് മന്ത്രിസഭ:**
റവന്യു, നിയമം, പൊതുവിതരണം, സാമൂഹികക്ഷേമം

**1980-81**
**ഒന്നാം ഇ.കെ.നായനാർ മന്ത്രിസഭ**
കൃഷി, സാമൂഹികക്ഷേമം

**1987- 91**
**രണ്ടാം ഇ.കെ.നായനാർ മന്ത്രിസഭ**
വ്യവസായം, സാമൂഹിക ക്ഷേമം, വിജിലൻസ്

**2001-04**
**മൂന്നാം എ.കെ.ആന്റണി മന്ത്രിസഭ**
കൃഷി, കയർ വ്യവസായം

**2004-06**
**ഒന്നാം ഉമ്മൻ ചാണ്ടി മന്ത്രിസഭ**
കൃഷി, കയർ വ്യവസായം

### സിന്ദൂരപ്പൊട്ടിട്ട സഹനം

### ഗൗരിയമ്മ എനിക്ക് പേരമ്മ
ചെറിയാൻ കൽപ്പകവാടി

### തടവറയിൽ മൊട്ടിട്ട പ്രണയം; **സാനഡുവും റോസ് ഹൗസും ഒന്നിച്ച ദാമ്പത്യം**

### ചെറുത്തുനിൽപ്പിന്റെ ധീരബിംബം
പിണറായി വിജയൻ

### ആദ്യമായി ലോക്ഡൗൺ നിർദേശം മുന്നോട്ടുവച്ച ഗൗരിയമ്മ

» പേജ് 6/7

- **ആനകളുടെയും തമ്പുരാൻ**
- തസ്‌ലിമയെ സ്വാഗതം ചെയ്ത തന്റേടം
- **എഴുത്തിലെ ഒറ്റയാൻ**
- വെള്ളിത്തിരയിലെ ബഹുമുഖ പ്രതിഭ

» പേജ് 4



# മാടമ്പ് യാത്രയായി

23/06/1941
11/05/2021

**സ്വന്തം ലേഖകൻ**

തൃശൂർ: എഴുത്തിലും ജീവിതത്തിലും സിനിമയിലും വേറിട്ട വഴികളിലൂടെ സഞ്ചരിച്ച് ജനശ്രദ്ധ നേടിയ മാടമ്പ് കുഞ്ഞുകുട്ടൻ (81) അന്തരിച്ചു. ശ്വാസതടസത്തെത്തുടർന്നു തൃശൂരിലെ സ്വകാര്യാശുപത്രിയിൽ ഞായറാഴ്ച രാത്രി പ്രവേശിപ്പിച്ചിരുന്നു. പരിശോധനയിൽ കൊവിഡ് സ്ഥിരീകരിച്ചു. തുടർന്നാണ് അന്ത്യം സംഭവിച്ചത്. ശ്വാസതടസത്തെത്തുടർന്ന് ഏപ്രിൽ 20നും ചികിത്സ തേടിയിരുന്നു. പിന്നീടു വീട്ടിൽ വിശ്രമത്തിലായിരുന്നു.

1941ൽ തൃശൂർ വടക്കാഞ്ചേരിയിലെ കിരാലൂർ ഗ്രാമത്തിൽ മാടമ്പ് മനയിൽ ശങ്കരൻ നമ്പൂതിരിയുടെയും സാവിത്രി അന്തർജനത്തിന്റെയും മകനായാണു മാടമ്പ് ശങ്കരൻ നമ്പൂതിരി എന്ന മാടമ്പ് കുഞ്ഞുക്കുട്ടന്റെ ജനനം. നോവലിസ്റ്റ്, ചെറുകഥാകൃത്ത്, തിരക്കഥാകൃത്ത്, അധ്യാപകൻ, നടൻ, ആനചികിത്സാ വിദഗ്ധൻ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശസ്തനായി. സംഘപരിവാറിന്റെ സാംസ്കാരിക സംഘടനയായ തപസ്യ കലാസാഹിത്യവേദിയുടെ സംസ്ഥാന അധ്യക്ഷനായിരിക്കെയാണു വിടവാങ്ങൽ.

അശ്വത്ഥാമാവ് ആണ് ആദ്യ നോവൽ. മഹാപ്രസ്ഥാനം എന്ന കൃതിക്ക് 1982ൽ സാഹിത്യ അക്കാദമി പുരസ്കാരം നേടി. ജയരാജ് സംവിധാനം ചെയ്ത കരുണം എന്ന ചിത്രത്തിന്റെ തിരക്കഥ രചിച്ചതിന് 2000ൽ മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ ചലച്ചിത്രപുരസ്കാരം. അശ്വത്ഥാമാവ്, ആറാം തമ്പുരാൻ, പൈതൃകം, ദേശാടനം, വടക്കുംനാഥൻ, ശാന്തം, കരുണം, പുരുഷാർഥം അടക്കം ഒട്ടേറെ ചിത്രങ്ങളിൽ ശ്രദ്ധേയമായ വേഷമിട്ടു. ജീവിതനാനുഭവങ്ങളുടെ കരുത്തിൽനിന്നും കഥകൾ കണ്ടെത്തിയ കോവിലന്റെ സ്കൂളാണ് തന്റേതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്.

2001ൽ ബിജെപി സ്ഥാനാർഥിയായി കൊടുങ്ങല്ലൂർ മണ്ഡലത്തിൽ നിന്നു നിയമസഭയിലേക്കു മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. അന്തരിച്ച സാവിത്രി അന്തർജനമാണ് ഭാര്യ. ജസീന മാടമ്പ്, ഹസീന മാടമ്പ് എന്നിവർ മക്കൾ. സംസ്കാരം ഇന്നലെ വൈകീട്ട് കിരാലൂരിലെ തറവാട്ടുവളപ്പിൽ നടത്തി. അനുജൻ ചിത്രഭാനു ചിതയ്ക്ക് തീ കൊളുത്തി.



## ഇവർ കാവൽ മാലാഖമാർ..!

*ഇന്ന് അന്തർദേശീയ നഴ്സസ് ദിനം. കൊവിഡ് മഹാമാരിക്കു മുന്നിൽ ജനം പകച്ചു നിൽക്കുമ്പോൾ, എരിയുന്ന മെഴുകുതിരിക്കു മുന്നിലെ ഈ പ്രാർഥന സ്വരക്ഷയ്ക്ക് മാത്രമല്ല, എല്ലാവർക്കും വേണ്ടിയാണ്. സ്വയം സമർപ്പിക്കാൻ തയാറായ കാരുണ്യത്തിന്റെ മാലാഖമാർക്ക് ബിഗ് സല്യൂട്ട്. എറണാകുളം ജില്ലയിൽ വടക്കൻ പറവൂരിലെ ഡോൺ ബോസ്കോ ആശുപത്രിയിലെ ചാപ്പലിൽ നിന്നുള്ള ദൃശ്യം.*

മനു ഷെല്ലി

# ഇസ്രയേലിൽ മലയാളി നഴ്സ് കൊല്ലപ്പെട്ടു

ഇടുക്കി: ഇസ്രയേലിൽ ഹമാസ് ഭീകരർ നടത്തിയ റോക്കറ്റ് ആക്രമണത്തിൽ മലയാളി നഴ്സ് മരിച്ചു. ഇടുക്കി കീരിത്തോട് കാഞ്ഞിരംതാനം സന്തോഷിന്റെ ഭാര്യ സൗമ്യ (32)യ്ക്കാണു ദാരുണാന്ത്യം. ഇന്നലെ വൈകിട്ട് 5.30ന് ഗാസ അഷ്ക്കലോണിലുള്ള വീട്ടിൽ നിന്നു കീരിത്തോട്ടിലുള്ള ഭർത്താവുമായി ഫോണിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇവി



ടെ മിസൈൽ പതിച്ചത്. പിന്നീട് അവിടെയുള്ള ബന്ധുവാണ് മരണവിവരം വിളിച്ചറിയിച്ചത്. കഞ്ഞിക്കുഴി പഞ്ചായത്ത് മുൻ അംഗങ്ങളായ സതീശന്റെയും സാവിത്രിയുടെയും മകളാണ് സൗമ്യ. ഏഴു വർഷമായി ഇസ്രയേലിൽ കെയർടേക്കറായി ജോലി ചെയ്യുകയാണ്. ഏക മകൻ അഡോൺ. രണ്ടു വർഷം മുൻപാണ് ഏറ്റവുമൊടുവിൽ നാട്ടിൽ വന്നത്.

ജറൂസലമിലെ അൽഅഖ്സ പള്ളിയിൽ തടിച്ചുകൂടിയവരെ കഴിഞ്ഞദിവസം ഇസ്രയേൽ ഒഴിപ്പിച്ചതിനെത്തുടർന്നാണ് ഇസ്രയേൽ- പലസ്തീൻ സംഘർഷം രൂക്ഷമായത്.



# ഡെന്നീസ് ഇനി കണ്ണീരണിയുന്ന ഓർമ

**ബിനീഷ് മള്ളൂശേരി**

കോട്ടയം: ആകാശദൂതിലൂടെ മലയാളികളെ കണ്ണീരണിയിച്ച സിനിമാ ലോകത്തെ ഹിറ്റ് മേക്കർ ഡെന്നീസ് ജോസഫിന് മലയാളത്തിന്റെ അന്ത്യാഞ്ജലി. സർക്കാരിന്റെ ഔദ്യോഗിക ബഹുമതികൾ ഏറ്റുവാങ്ങി, കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഏറ്റുമാനൂർ ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ അദ്ദേഹം അന്ത്യനിദ്രയിൽ പ്രവേശിച്ചു. കലാ രാഷ്ട്രീയ സാംസ്കാരിക, സിനിമ രംഗത്തെ നിരവധിയാളുകൾ ഏറ്റുമാനൂരിലെ വീട്ടിലെത്തി ഡെന്നീസ് ജോസഫിന് അദരാഞ്ജലികൾ അർപ്പിച്ചു.

തിങ്കൾ വൈകിട്ടാണ് ഹൃദയാഘാതത്തെ തുടർന്ന് ഡെന്നീസ് ജോസഫ് മരണത്തിന് കീഴടങ്ങുന്നത്. വീട്ടിൽ കുഴഞ്ഞുവീണ അദ്ദേഹത്തെ തെള്ളകത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിലേക്കുള്ള വഴിയിൽ വച്ചു തന്നെ മരണം അദ്ദേഹത്തെ കവർന്നെടുത്തിരുന്നു.

ഇന്നലെ രാവിലെ 11 മണിയോടെ ഭൗതീകശരീരം ആശുപത്രിയിൽ നിന്നും ഏറ്റുമാനൂരിലെ വീട്ടിലെത്തിച്ചു. മൂന്നുമണിക്ക് വീട്ടിലെ ശുശ്രൂഷകൾക്ക് ശേഷം ഏറ്റുമാനൂർ ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ സംസ്കാരചടങ്ങുകൾ നടന്നു. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു ചടങ്ങുകൾ.

അമ്മ സംഘടനയ്ക്ക് വേണ്ടി നടൻ കലാഭവൻ പ്രജോദും ഫെഫ്കയ്ക്ക് വേണ്ടി സംഘടനാ പ്രതിനിധികളും ഏറ്റുമാനൂരിലെ വീട്ടിലെത്തി അന്തിമോപചാരം അർപ്പിച്ചു. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.എൻ. വാസവൻ, മോൻസ് ജോസഫ്, തോമസ് ചാഴികാടൻ, സുരേഷ് കുറുപ്പ്, നിർമാതാവ് ജോയ് തോമസ് തുടങ്ങി രാഷ്ട്രീയ-കലാ- സാംസ്കാരിക രംഗത്തെ ഒട്ടേറെ ആളുകൾ ആദരാഞ്ജലികളർപ്പിച്ചു.

അഭിനേതാക്കളായ ജോസ് പ്രകാശ്, പ്രേം പ്രകാശ് എന്നിവരുടെ സഹോദരീപുത്രനാണ് ഡെന്നിസ് ജോസഫ്. എഴുതിക്കൂട്ടിയ അനശ്വരങ്ങളായ തിരക്കഥകളിലൂടെയും ചലച്ചിത്ര സൃഷ്ടികളിലൂടെയും ഇനി മലയാള സിനിമയും മലയാളികളും ഡെന്നീസ് ജോസഫിനെ ഓർമിക്കും.



*ഡെന്നിസ് ജോസഫിന് ഔദ്യോഗിക ബഹുമതികളോടെ നൽകിയ യാത്രയയപ്പ്.*

## 37,290 പേർക്ക് കൊവിഡ്

### 79 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 37,290 പേർക്ക് കൊവിഡ്19 സ്ഥിരീകരിച്ചു. 24 മണിക്കൂറിനിടെ 1,39,287 സാംപ്ളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 26.77%.79 മരണം സ്ഥിരീകരിച്ചതോടെ കേരളത്തിലെ ആകെ കൊവിഡ് മരണം 5958 ആയി.

മലപ്പുറം 4774, എറണാകുളം 4514, കോഴിക്കോട് 3927, തിരുവനന്തപുരം 3700, തൃശൂർ 3282, പാലക്കാട് 2959, കൊല്ലം 2888, കോട്ടയം 2566, ആലപ്പുഴ 2460, കണ്ണൂർ 2085, പത്തനംതിട്ട 1224, ഇടുക്കി 1056, കാസർഗോഡ് 963, വയനാട് 892 എന്നിങ്ങനെയാണ് ജില്ലാതല കൊവിഡ് കണക്ക്.

രോഗം സ്ഥിരീകരിച്ചവരിൽ 215 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നു വന്നവരാണ്. 34,256 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 2676 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 143 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. ചികിത്സയിലായിരുന്ന 32,978 പേർ രോഗമുക്തി നേടി. 4,23,957 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. വിവിധ ജില്ലകളിലായി 9,93,313 പേരാണ് നിരീക്ഷണത്തിലുള്ളത്. 4007 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 810 ഹോട്ട് സ്പോട്ടുകളാണുള്ളത്.

# ഇറച്ചി വിൽപന ഡോർ ഡെലിവറിയിലേക്ക് മാറണം

## സർക്കാർ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

തിരുവനന്തപുരം: ഈദ് ഉൽ ഫിത്തറിനോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മാംസ വിഭവങ്ങളുടെ ഡോർ ഡെലിവറി നടത്തുന്നത് സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

ഇറച്ചിക്കടകളിലെ ആൾക്കൂട്ടം ഒഴിവാക്കാൻ ഇറച്ചി വിൽപ്പനക്കാരുടെ സംഘടനകളുമായി ഓൺലൈൻ യോഗം ചേർന്ന് അവരോട് ഹോം ഡെലിവറിയിലേക്ക് മാറാൻ അപേക്ഷിക്കണം. കടയ്ക്ക് മുന്നിൽ ആൾക്കൂട്ടം ഒഴിവാക്കുകയും സാമൂഹിക അകലം ഉൾപ്പെടെ എല്ലാ കൊവിഡ് പ്രോട്ടോക്കോളും പാലിക്കുകയും ചെയ്യണം.

ഇതു ലംഘിക്കുന്ന കടക്കാർക്കെതിരെ നടപടി സ്വീകരിക്കണം. ഇറച്ചിവിൽപ്പനക്കാർ പരമാവധി ഡോർ ഡെലിവറി പ്രോത്സാഹിപ്പിച്ച് അതിനാവശ്യമായ ഒരുക്കങ്ങൾ ചെയ്യണം. തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ അധികാര പരിധിയിലുള്ള വിൽപനക്കാരുടെ കോൺടാക്ട് നമ്പർ ഉൾപ്പെടെ പട്ടിക തയാറാക്കി ഹെൽപ് ഡെസ്കിൽ ലഭ്യമാക്കണം. കച്ചവടക്കാർ ആവശ്യപ്പെടുന്നപക്ഷം ലഭ്യമാക്കുന്നതിനായി ആവശ്യത്തിന് ഡോർ ഡെലിവറിക്ക് തയാറായ സന്നദ്ധ പ്രവർത്തകരെ ഹെൽപ് ഡെസ്കിൽ തയാറാക്കി നിർത്തണം. റംസാന് തലേന്ന് രാത്രി മുഴുവൻ ഹെൽപ് ഡെസ്ക് പ്രവർത്തിക്കണം.

ഇറച്ചി വ്യാപാരികളുടെ പട്ടിക തദ്ദേശസ്ഥാപനങ്ങൾ പൊലീസുമായി പങ്കുവെക്കണം. ഇറച്ചികൊണ്ടുകൊടുക്കുന്നവർക്കുള്ള പാസ് കച്ചവടക്കാർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം തദ്ദേശ സ്ഥാപന സെക്രട്ടറി /ഹെൽത്ത് ഓഫീസർ വിതരണം ചെയ്യണം. മാംസ വിഭവങ്ങളുടെ വിൽപന സംബന്ധിച്ച് ഈ മാർഗനിർദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് തദ്ദേശസ്ഥാപനങ്ങൾ ഉറപ്പാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലറിലൂടെ നിർദേശിച്ചു.

# ചെങ്കൊടി പുതച്ച് അവസാനയാത്ര

തിരുവനന്തപുരം: കേരള സംസ്ഥാനം രൂപമെടുത്ത കാലം മുതൽ ദശാബ്ദങ്ങളോളം തലസ്ഥാനത്തേക്കും ആലപ്പുഴയിലെ വീട്ടിലേക്കും മാറി മാറി സഞ്ചരിച്ചിട്ടുള്ള ഗൗരിയമ്മയുടെ അവസാന യാത്രയും രാഷ്ട്രീയ ജീവിതത്തിൽ ഏറെക്കാലവും നെഞ്ചോടു ചേർത്ത ചെങ്കൊടി പുതച്ചുകൊണ്ടായിരുന്നു.

ആലപ്പുഴയോട് വിടപറഞ്ഞു കഴിഞ്ഞമാസമാണ് ഗൗരിയമ്മ തലസ്ഥാനത്തേക്ക് ചേക്കേറിയത്. വഴുതക്കാട് പൊലീസ് ആസ്ഥാനത്തിനു പിന്നിലെ ഉദാര ശിരോമണി റോഡിൽ താമസിക്കുന്ന സഹോദരീപുത്രിയുടെ വീട്ടിലായിരുന്നു താമസം. ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് ഇവിടെ നിന്നാണ് സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയത്. ഇനി തലസ്ഥാനത്തേക്കില്ലെന്ന് ഉറപ്പിച്ച് ചാത്തനാട്ടെ വീട്ടിൽ താമസമാക്കിയിരുന്നെങ്കിലും കഴിഞ്ഞ മാസമാണ് മനസു മാറി ബന്ധുക്കൾക്കൊപ്പം തിരുവനന്തപുരത്തേക്ക് പോരാൻ തീരുമാനിച്ചത്. അവസാനം എത്തിയത് മൂന്ന് വർഷങ്ങൾക്ക് മുമ്പ് ഗൗരിയമ്മ കൂടി ഉൾപ്പെട്ട ആദ്യ സർക്കാർ രൂപീകരണത്തിന്റെ 60ാം വാർഷികാഘോഷത്തിൽ പങ്കെടുക്കാനായിരുന്നു. മന്ത്രിയായും ജനപ്രതിനിധിയായും നേതാവായുമെല്ലാം ഗൗരിയമ്മ നിറഞ്ഞു നിന്നിരുന്ന തലസ്ഥാനം ഒടുവിൽ ഗൗരിയമ്മയ്ക്ക് ഏറെ പ്രിയപ്പെട്ട ചെങ്കാടി പുതപ്പിച്ചു യാത്രാമൊഴി ചൊല്ലി. 1994ൽ പാർട്ടി വിട്ടിരുന്നെങ്കിലും പിണറായി സർക്കാരിനൊപ്പം ഗൗരിയമ്മ തിരിച്ച് ഇടതു പക്ഷത്തേക്ക് എത്തിയത് തലസ്ഥാനത്തെ എൽഡിഎഫ് പ്രവർത്തകരിൽ ആവേശം പകർന്നിരുന്നു.അയ്യങ്കാളി ഹാളിൽ പൊതുദർശനത്തിന് വച്ച മൃതദേഹത്തിൽ സിപിഎം നേതാക്കളായ എം.എ ബേബി, എ. വിജയരാഘവൻ, കടകംപള്ളി സുരേന്ദ്രൻ എന്നിവർ ചെങ്കൊടി പുതപ്പിച്ചു. നൂറുകണക്കിന് വരുന്ന ഇടത്-വലത് പാർട്ടി പ്രവർത്തകരുടെ അഭിവാദ്യങ്ങളോടെ ആലപ്പുഴയിലേക്ക് അവസാനയാത്ര.



*കെ.ആർ. ഗൗരിയമ്മയ്ക്ക് ആലപ്പുഴ വലിയ ചുടുകാട് ശ്മശാനത്തിൽ പൊലീസ് ഗാർഡ് ഒഫ് ഓണർ നൽകുന്നു.*

## വാക്സിൻ വിതരണത്തിൽ സുതാര്യത അനിവാര്യമെന്ന് ഹൈക്കോടതി

കൊച്ചി: സംസ്ഥാനത്ത് കൊവിഡ് വാക്സിൻ വിതരണത്തിൽ സുതാര്യത ആവശ്യമെന്നു ഹൈക്കോടതി. കേരളത്തിലെ വാക്സിൻ സ്റ്റോക്കിന്റെ വിശദാംശങ്ങൾ കൊവിഡ് ജാഗ്രത പോർട്ടലിൽ വെളിപ്പെടുത്താൻ സാധിക്കില്ലേ എന്നു ചോദിച്ച കോടതി നിലപാട് അറിയിക്കാൻ സർക്കാരിന് നിർദേശം നൽകി. വാക്സിൻ വിതരണത്തിൽ കോടതി ഇടപെടലാവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് നടപടി. നിലവിൽ എത്ര ഡോസ് വാക്സിൻ സ്റ്റോക്കുണ്ടെന്ന് സർക്കാർ വ്യക്തമാക്കണം, വാക്സിൻ വിതരണവുമായി ബന്ധപ്പെട്ടു സപ്ലൈ കലണ്ടർ തയാറാക്കി ജനങ്ങൾക്കിടയിലെ ആശങ്ക പരിഹരിക്കണം. ഹർജി തീർപ്പാക്കും വരെ പൊതുവിപണിയിലെ വാക്സിൻ വിൽപ്പന തടയണം എന്നിവയാണ് ഹർജിയിലെ പ്രധാന ആവശ്യങ്ങൾ. കേസ് വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.

## ഏകാംഗകക്ഷികൾക്ക് ഉറപ്പ് നൽകാതെ സിപിഎം

തിരുവനന്തപുരം: മന്ത്രിസഭാ രൂപീകരണം സംബന്ധിച്ച് ഏകാംഗകക്ഷികൾക്ക്ഒരുറപ്പും നൽകാതെ സിപിഎം. ഇന്നലെ ചർച്ച നടത്തിയ നാല് ഘടകകക്ഷികളോടും മന്ത്രിസ്ഥാനം നൽകുന്നതിലെ ബുദ്ധിമുട്ടുകൾ സിപിഎം വിവരിച്ചു.17ന് മുന്നണി യോഗം ചേരുന്നതിനു മുമ്പ് ഒരിക്കൽ കൂടി കൂടിയാലോചന നടത്താമെന്നുമാത്രമാണ് ആകെ ലഭിച്ച ഉറപ്പ്.

മുഖ്യമന്ത്രി പിണറായി വിജയൻ, കോടിയേരി ബാലകൃഷ്ണൻ എന്നിവരാണ് ഇന്നലെയും എകെജി സെന്ററിൽ കക്ഷികളുമായി ചന നടത്തിയത്. കേരള കോൺഗ്രസ്(ബി), ഐഎൻഎൽ, കോൺഗ്രസ്(എസ്), ജനാധിപത്യ കേരളാ കോൺഗ്രസ് എന്നിവയുടെ നേതാക്കളുമായായിരുന്നു ഇന്നലത്തെ കൂടിക്കാഴ്ച. എൽജെഡിയുമായി തിങ്കളാഴ്ച ചർച്ച നടത്തിയിരുന്നു. ആർഎസ്പി(ബി) ഘടകകക്ഷി അല്ലാത്തതിനാൽ കോവൂർ കുഞ്ഞുമോനുമായി ചർച്ച പിന്നീടാണ് .

## കൊവിഡ്: കോടതി ഇടപെടലിൽ കേന്ദ്രത്തിന് അതൃപ്തി

ന്യൂഡൽഹി:കൊവിഡ് പ്രതിരോധത്തിലെ കോടതി ഇടപെടലിൽ അതൃപ്തി പ്രകടിപ്പിച്ചു കേന്ദ്ര സർക്കാർ. രാജ്യത്തെ ഓക്സിജൻ ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ കോടതിയിൽ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും കേന്ദ്രം തയാറായില്ല. എന്നാൽ വാക്സിൻ ലഭ്യത ജൂലൈയോടെ പ്രതിമാസം 13 കോടി ഡോസായി വർധിപ്പിക്കാനാകുമെന്നു കേന്ദ്രം കോടതിയിൽ വ്യക്തമാക്കി.

ഭരണകൂടത്തെ വിശ്വസിക്കുക. കോടതിയുടെ ഇടപെടൽ പ്രതിസന്ധി മറികടക്കാൻ നൂതന വഴികൾ സ്വീകരിക്കുന്നതിന് തടസമാകും. കോടതി അമിതാവേശം കാട്ടുന്നതു പ്രതിസന്ധിക്ക് ഉചിതമായ പരിഹാര മാർഗങ്ങൾ കണ്ടെത്താനുള്ള ഭരണകൂടശ്രമങ്ങളെ ബാധിക്കും എന്നീ വാദങ്ങളാണു കേന്ദ്രം നിരത്തിയത്. സത്യവാങ്മൂലത്തിലും കേന്ദ്രത്തിന്റെ കടുത്ത അതൃപ്തി പ്രകടമായിരുന്നു. കോടതി തന്നെ ദൗത്യസംഘം രൂപീകരിച്ചതും അതൃപ്തിക്ക് കാരണമായി. ദൗത്യസംഘത്തെ രൂപീകരിച്ചതിനാൽ ഓക്സിജൻ ലഭ്യത സംബന്ധിച്ച വിവരങ്ങൾ കൈമാറില്ലെന്ന നിലപാടിലാണ് കേന്ദ്രം.

കൊവിഡ് രണ്ടാം തരംഗവുമായി വാക്സിൻ നയത്തിലേതടക്കം എല്ലാ വിഷയങ്ങളിൽ നിന്നും കോടതി ഇടപെടൽ പൂർണമായും ഒഴിവാക്കണമെന്നാണ് കേന്ദ്രം മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയം. ജൂലൈയോടെ പതിമൂന്ന് കോടി വാക്സിൻ ഡോസുകൾ പ്രതിമാസം തയാറാക്കാനുള്ള ശേഷി കൈവരിക്കും എന്നാണ് കേന്ദ്രം പറയുന്നത്. 50 ലക്ഷം ഡോസ് വാക്സീൻ യുകെയ്ക്ക് നൽകാനുള്ള സീറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നീക്കം കേന്ദ്രം ഇടപെട്ട് തടഞ്ഞു. ഇവ സംസ്ഥാനങ്ങൾക്ക് നൽകാനാണു നിർദ്ദേശം. റഷ്യയിലെ സ്പുട്നിക് വി വാക്സിന്റെ പതിനഞ്ച് ലക്ഷം ഡോസുകൾ ഈ മാസം അവസാനത്തോടെ വിപണിയിൽ എത്തുമെന്ന സൂചനയും സർക്കാർ നൽകുന്നു. കൊവിഡ് പ്രതിരോധത്തിലെ കേസ് ഇനി നാളെയാണ് സുപ്രീം കോടതി പരിഗണിക്കുന്നത്.

## സമാനതകളില്ലാത്ത പോരാട്ടവീര്യം

**വെള്ളാപ്പള്ളി നടേശൻ**



പൊതുപ്രവർത്തനം സ്ത്രീകൾക്ക് അചിന്ത്യമായിരുന്ന കാലഘട്ടത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് അസ്പൃശ്യത കൽപ്പിക്കപ്പെട്ടിരുന്ന ഒരു കാലത്ത് എല്ലാ എതിർപ്പുകളെയും അപകട സാധ്യതകളെയും അവഗണിച്ചു കൊണ്ട് അതീവ സാഹസികമായി പ്രവർത്തിക്കാൻ ധൈര്യം കാട്ടിയയാളായിരുന്നു കെ.ആർ. ഗൗരിയമ്മ. ലോകചരിത്രത്തിൽ ആദ്യമായി ജനാധിപത്യസംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് സർക്കാരിലെ രണ്ടാം സ്ഥാനക്കാരിയായി ഒരു സ്ത്രീ അവരോധിക്കപ്പെടുക എന്ന അപൂർവതയ്ക്കും അവർ നിമിത്തമായി.

കെ.ആർ. ഗൗരിയമ്മയുമായി വ്യക്തിപരമായി തന്നെ ബന്ധിപ്പിക്കുന്നത് രണ്ട് ഘടകങ്ങളാണ്. ഒന്ന് ഞങ്ങൾ ഇരുവരും ആലപ്പുഴ ജില്ലയിലെ ചേർത്തല സ്വദേശികളാണ്. രണ്ട് ബന്ധുക്കളുമാണ്. ഗൗരിയമ്മയെ അടുപ്പമുള്ളവർ വിളിച്ചിരുന്നത് കുഞ്ഞമ്മ എന്നായിരുന്നു. എന്റെ ഭാര്യ പ്രീതിയും അങ്ങനെയാണ് വിളിച്ചിരുന്നത്. ഗൗരിയമ്മയുമായി എന്നേക്കാൾ അടുപ്പം പ്രീതിക്കായിരുന്നു. സ്വന്തം പാർട്ടിക്കാൻ അടക്കം പലരും ഗൗരിയമ്മയെ അവർ അർഹിക്കുന്ന തലത്തിൽ മനസിലാക്കിയിട്ടില്ലെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

ജനങ്ങൾക്കിടയിലാണ് ഗൗരിയമ്മ ജീവിച്ചത്. തീയിൽ കുരുത്തതാണ് ആ വ്യക്തിത്വം. അപമാനങ്ങളുടെയും അവഗണനയുടെയും തിരസ്കാരത്തിന്റെ പാർശ്വവത്കണത്തിന്റെയും വെയിലത്ത് അവർ വാടിപ്പോയില്ല. ഇനി കാലം എത്ര കഴിഞ്ഞാലും അവർ അതേ വജ്രശോഭയോടെ ജനഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുക തന്നെ ചെയ്യും.



## അതീവ ദുഃഖം: വി.എസ്



തിരുവനന്തപുരം: ഗൗരിയമ്മയുടെ നിര്യാണവാർത്ത അതീവ ദുഃഖത്തോടെയാണ് ശ്രവിച്ചതെന്ന് മുൻ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ. കേരളവും അങ്ങനെതന്നെയാവും. കേരളത്തിൽ സിപിഎം കെട്ടിപ്പടുക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഗൗരിയമ്മ കേരള ചരിത്രത്തിന്റെതന്നെ ഭാഗമാണ്. വ്യക്തിപരമായി ഏറെ അടുപ്പം പുലർത്തിയിരുന്ന ഗൗരിയമ്മയുടെ നിര്യാണത്തിൽ വി.എസ് അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

## രാഷ്ട്രീയ കേരളത്തിന്റെ അമ്മ

**അഡ്വ. എ. എൻ. രാജൻബാബു**



പുന്നപ്ര വയലാറിന്റെ തീച്ചൂളയായി മാറിയ ചേർത്തലയിലെ തിളച്ചുമറിഞ്ഞ മണിൽ നിന്നാണ് കെ.ആർ.ഗൗരിയെന്ന അഗ്നിപുത്രിയെ കേരളത്തിന് ലഭിച്ചത്. രാഷ്ട്രീയവും, ഭരണവും ജനസേവനത്തിനാണെന്നും, അത് അഴിമതി വിമുക്തമായിരിക്കണമെന്നും സമഗ്ര വികസനത്തിനും ജനങ്ങളുടെ ഉയർച്ചയ്ക്കും കഷ്ടതകളും ദുരിതങ്ങളും പരിഹരിക്കാനാണെന്നുമുള്ള ഉറച്ച നിലപാടിലായിരുന്നു എന്നും ഗൗരിയമ്മ.

1946 മുതൽ പൊതുരംഗത്തും, രാഷ്ട്രീയ രംഗത്തും നിറഞ്ഞ സാന്നിധ്യമായിരുന്ന ഗൗരിയമ്മയ്ക്ക് അഴിമതിയുടെ കറ ഒട്ടു പുരളാത്ത വ്യക്തിത്വമാണുള്ളത്. സ്ത്രീ ശാക്തീകരണത്തിനുള്ള പോരാട്ടത്തിൽ ഗൗരിയമ്മ എന്നും മുൻ നിരയിലായിരുന്നു. ഗൗരിയമ്മ പൗരുഷം പുരുഷന്റെ കുത്തകയാണെന്ന സങ്കൽപ്പത്തെ ഇടിച്ച് നിർത്തി. കേരള ജനതയുടെ ഉള്ളിൽ സംശുദ്ധവും ചടുലവും, ജീവസുറ്റതുമായ ഒരു പ്രതിഛായയാണ് ഗൗരിയമ്മയുടെതായിട്ടുള്ളത്..

1957-ലെ മന്ത്രിസഭ കഴിഞ്ഞ് വന്ന തെരഞ്ഞെടുപ്പിൽ ടി.വി.തോമസ് തോറ്റു. വരുമാനം ഇല്ലതായി. ഗൗരിയമ്മയുടെ വരുമാനം കൊണ്ട് ജീവിക്കണമായിരുന്നു. ചെലവിന് പണം കണ്ടെത്താൻ ഗൗരിയമ്മ പച്ചക്കറി കൃഷി ചെയ്തു. പശുവിനെ വളർത്തി പാൽ വിറ്റിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലത്ത് കമ്യൂണിസത്തിന്റെ വിത്തിന് വെള്ളവും വളവും നൽകി പരിചരിച്ച പെൺകരുത്ത്.

## അസാധാരണ മനക്കരുത്ത്

**ഡോ. ടി.എം തോമസ് ഐസക്**



കേരളം കണ്ട ഏറ്റവും മികച്ച ഭരണതന്ത്രജ്ഞരിൽ മുൻനിരയിലുണ്ട് ഗൗരിയമ്മ. കാര്യങ്ങൾ പഠിക്കാനും മനസിലാക്കാനും നടപ്പിലാക്കാനുമുള്ള അവരുടെ കഴിവ് അസാമാന്യമായിരുന്നു. ഫയലിന്റെ സാങ്കേതികത്വവും ചുവപ്പുനാടയുടെ കുരുക്കും അവരുടെ നിശ്ചയദാർഢ്യത്തിനും കലർപ്പില്ലാത്ത ജനപക്ഷ സമീപനത്തിനും മുന്നിൽ താനേ അഴിഞ്ഞു വീണു. അധികാരം പാർശ്വവത്കരിക്കപ്പെട്ടവർക്കു വേണ്ടി വിട്ടുവീഴ്ചയില്ലാതെ ഉപയോഗിക്കണമെന്ന നിഷ്കർഷ എക്കാലവും സഖാവിനുണ്ടായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർടിയുടെ ചരിത്രത്തിലേയ്ക്ക് കേരളം സംഭാവന ചെയ്ത ചെങ്കനലാണ് സഖാവ് ഗൗരിയമ്മ. സ്വന്തം ജീവചരിത്രം നാടിന്റെ ചരിത്രമാക്കിയ അപൂർവം പേരിലൊരാൾ. സഖാവിന് വിട.

## അമ്മ മുഖം

**സി.എസ്. സുജാത, മുൻ എംപി**



പ്രിയപ്പെട്ട ഗൗരിയമ്മ നമ്മളെ വിട്ടു പിരിഞ്ഞു. ഞങ്ങളുടെ വള്ളികുന്നവുമായി അടുത്ത ബന്ധമുണ്ടായിരുന്നു ഗൗരിയമ്മയ്ക്ക്. കുട്ടിയായിരുന്നപ്പോൾ സ്വീകരിക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. എസ്എഫ്ഐ ആയപ്പോൾ അടുത്തറിയാൻ സാധിച്ചു. തുറവൂരിൽ വച്ചു നടന്ന എസ്എഫ്ഐ ജില്ലാ സമ്മേളത്തിന്റെ സ്വാഗത സംഘം ചെയർമാനായിരുന്ന ഗൗരിയമ്മയുടെ സ്നേഹത്തോടെയുള്ള പെരുമാറ്റമാണ് ആദ്യം മുന്നിൽ വരുന്നതും. ഭക്ഷണം വിളമ്പിത്തന്നതും വിദ്യാർഥിനികളെ ആങ്ങളയുടെ വീട്ടിൽ കൊണ്ടുപോയി താമസിപ്പിച്ചതും ഒന്നും മറക്കാൻ കഴിയില്ല. 1991 ൽ ജില്ലാ കൗൺസിലിൽ മത്സരിച്ചപ്പോൾ ഗൗരിയമ്മയാണ് എന്റെ തെരഞ്ഞെടുപ്പു പ്രവർത്തനം ഉദ്ഘാടനം ചെയ്തത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോഴും എംപി ആയിരുന്നപ്പോഴും നല്ല നിർദേശങ്ങൾ തന്നിരുന്നു. എന്റെ വിവാഹം നടത്താൻ മുൻകൈ എടുത്ത കാര്യം ഒരിക്കൽ സഖാവ് കോടിയേരിയോടു പറഞ്ഞതു ഓർക്കുകയാണ്. ജെഎസ്എസിന്റെ വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്യാൻ 'ആ പെണ്ണിനെ വിളിക്കാൻ പറഞ്ഞതു'മൊന്നും മറക്കാൻ കഴിയില്ല.

## ജീവിതം മാതൃക

**കെ.കെ.ശൈലജ**



കരുത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകമാണ് സഖാവ് ഗൗരിയമ്മ. കുഞ്ഞുനാൾ മുതൽ ഗൗരിയുടെ വീരകഥകൾ വല്യമ്മ പറയാറുണ്ടായിരുന്നു. പൊലീസും ജന്മി ഗുണ്ടകളും ചേർന്ന് നടത്തിയ ഭീകരമായ അക്രമണങ്ങൾക്കൊന്നും ആ ധീര വനിതയെ തളർത്താൻ കഴിഞ്ഞില്ല. താൻ വിശ്വസിച്ച പ്രത്യയശാസ്ത്രം അധസ്ഥിതരുടെ വിമോചനത്തിന് കാരണമാകുമെന്ന് പ്രവൃത്തിയിലൂടെ തെളിയിക്കാൻ ഗൗരിയമ്മയ്ക്ക് കഴിഞ്ഞു.

കഴിഞ്ഞ നിയമസഭയിൽ മന്ത്രിയായി ചുമതലയേറ്റപ്പോൾ ഗൗരിയമ്മയെ സന്ദർശിച്ചിരുന്നു. അന്ന് തനിക്ക് കിട്ടിയ ഉപദേശം ഓരോ ദിവസവും ലഭ്യമാകുന്ന ഫയലുകൾ അന്നു തന്നെ തീർപ്പുകൽപ്പിക്കാൻ ശ്രമിക്കുക എന്നായിരുന്നു. നന്നായി പ്രവർത്തിക്കാനുള്ള ഗൗരിയമ്മയുടെ ആശംസകൾ വലിയ ആത്മവിശ്വാസമാണ് പകർന്നുനൽകിയത്.

## ചരിത്രം രചിച്ച വനിത

**വി.എം.സുധീരൻ**



കെ.ആർ.ഗൗരിയമ്മയുടെ വേർപാട് അതീവ ദുഃഖകരമാണ്. ഗൗരിയമ്മയോടൊപ്പം നിയമസഭയിൽ പ്രവർത്തിക്കാനായത് മറക്കാനാകാത്ത ഒട്ടനവധി അനുഭവങ്ങൾക്കിട വരുത്തിയത് മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

1986 ജൂലൈ 9ന് പ്രീഡിഗ്രി ബോർഡ് പ്രശ്നത്തിൽ ഗൗരിയമ്മയുടെ നേതൃത്വത്തിൽ നിയമസഭാ മന്ദിരത്തിൽ നടന്ന നിരാഹാര സമരം സ്പീക്കറായിരുന്ന എനിക്ക് വലിയ മാനസിക സംഘർഷമാണ് ഉണ്ടാക്കിയത്.

നിയമ നിർമ്മാണത്തിൽ ഗൗരിയമ്മയുടെ പ്രതിബദ്ധത കൃത്യമായും പ്രകടമാക്കിയ സന്ദർഭമായിരുന്നു 'പബ്ലിക് മെൻ കറപ്ഷൻ ഇൻവെസ്റ്റിഗേഷൻ ആൻഡ് എൻക്വയറി ബില്ല്'മായി ബന്ധപ്പെട്ട് നടന്ന കേരള നിയമസഭയിലെ ചർച്ചാവേള. ആ ബില്ലിന്റെ ചർച്ചയോടനുബന്ധിച്ചാണ് സഭാ ചരിത്രത്തിലെ ഏറ്റവും ദീർഘമായ സിറ്റിങ്ങ് ഉണ്ടായത്. ശനിയാഴ്ച രാവിലെ ചേർന്ന നിയമസഭ ഞായറാഴ്ച വെളുപ്പിന് 4.45നാണ് ആ ബിൽ പാസാക്കി പിരിഞ്ഞത്.

ശാരീരിക ക്ലേശങ്ങളൊന്നും വകവയ്ക്കാതെ നിശ്ചയദാർഢ്യത്തോടെ സഭയിൽ ഉയർന്നുവന്ന ഓരോ ചോദ്യത്തിനും കൃത്യമായ വിശദീകരണം നൽകി ഗൗരിയമ്മ ആ ബിൽ പൈലറ്റ് ചെയ്ത നടപടിയും രീതിയും വേറിട്ടതായിരുന്നു.

## മനസിൽ കവിത നിറച്ച പെൺകുട്ടി

കിഴക്കേ വരാന്തയിൽ എന്തോ എടുക്കാൻ വന്നതായിരുന്നു ഗൗരി. മുഖമുയർത്തി വിസ്മയിച്ചു നിന്നു പോയി. വിസ്തൃതമായ പറപ്പള്ളിച്ചിറയുടെ മേലെ, പരന്നു കിടക്കുന്ന ആകാശം നീലത്തിൽ മുക്കിയെടുത്തതു പോലെ.

അതിൽ മേയാൻ ഇറങ്ങുന്ന ആട്ടിൻ പറ്റങ്ങളായി വെൺമേഘത്തുണ്ടുകൾ പാറി നടക്കുന്നു. സൂര്യൻ അവയെ പൊന്നണിയിക്കുന്ന ഉത്സാഹത്തിലാണ്. താഴെ ചിറയുടെ ഇരുവശങ്ങളിലുമായി കണ്ണെത്താതെ നീളുന്ന പാടപ്പച്ച. അകലെ ഓളങ്ങൾ വെള്ളിച്ചിലങ്കയണിഞ്ഞു തുള്ളിക്കളിക്കുന്നു. ഒരു മധുര വേദന മനസിൽ മഴയായി പെയ്യുന്നു. അതൊരു ശകലമായി ചുണ്ടിൽ തുടിച്ചു. ങേ! ഞാനൊരു കവിയാവുകയോ? അവൾ തുള്ളിപ്പോയി.

പറപ്പള്ളിച്ചിറയിൽ തുടിച്ചു കുളിക്കുന്നതിനിടെ വെള്ളത്തിൽ അലസമായി പൊങ്ങിക്കിടക്കുമ്പോൾ പ്രകൃതിയും തന്നെപ്പോലൊരു യുവതിയായി പരിണമിക്കുന്നത് അവൾ അറിഞ്ഞു. ആകാശത്തിലൂടെ കാമുകനെപ്പോലെ അലയുന്ന കാർമുകിലുകളെയും കവിളിൽ ഏഴഴകു വിടർത്തുന്ന പ്രണയിനിയെപ്പോലെ വിവശയായ വെൺമേഘങ്ങളെയും അവളുടെ കണ്ണുകൾ പിന്തുടരും. ജീവിതം അവരെ എവിടേയ്ക്കോ കൊണ്ടുപോവുകയാണ്. കാറ്റിൽ കമിതാക്കളുടെ രൂപഭാവങ്ങൾ തന്നെ മാറുകയാണ്. അവ നേർത്തുനേർത്ത് ചക്രവാളത്തിനപ്പുറത്തേക്കു മായുമ്പോൾ അവളുടെ മനസു വിങ്ങും. കവിത നുരയും. എന്നാൽ ആ കവിത എഴുതാൻ അവൾക്കായില്ല.

കവിത എഴുതാൻ കഴിവുള്ള അവൾ കവിയായില്ല. ഊഞ്ഞാലാട്ടം മുതൽ ടെന്നിസിൽ വരെ കമ്പമുണ്ടായിട്ടും കായികതാരമായില്ല. ഓട്ടൻതുള്ളലിലും അഭിനയത്തിലും സംഗീതത്തിലും പ്രഭാഷണത്തിലും ശോഭിച്ചെങ്കിലും കലാകാരിയായില്ല. അതിലും വലിയ ദൗത്യങ്ങൾ അവളെ കാത്തിരുന്നു.

## കാർമുകിൽ വർണന്റെ ഗൗരി

ക്ഷേത്രത്തിൽ പോകുന്ന പതിവ് വീട്ടിലില്ലായിരുന്നെങ്കിലും എങ്ങനെയോ ശ്രീകൃഷ്ണൻ ഗൗരിയുടെ മനസിൽ ചെറുപ്പത്തിലേ കുടിയേറി. നിലവിളക്കു കൊളുത്തി രാമനാമം ചൊല്ലുന്ന സമയത്തും കൃഷ്ണരൂപമായിരുന്നു മനസിൽ. ഹോസ്റ്റലിൽ താമസിക്കുന്ന കാലത്തു രാത്രി പ്രാർഥനയും കൃഷ്ണനോടു തന്നെ. മാലയിൽ കൃഷ്ണന്റെ ലോക്കറ്റ്. വിരലിൽ കൃഷ്ണന്റെ പടമുള്ള വെള്ളക്കൽ മോതിരം. കൃഷ്ണന്റെ ഭംഗിയുള്ള ചിത്രം എവിടെക്കണ്ടാലും അതു വാങ്ങി സൂക്ഷിക്കും.

മുറിയിലെ കൃഷ്ണവിഗ്രഹത്തിലും ചിത്രത്തിലും എന്നും പിച്ചിപ്പൂ മാല അണിയിക്കും. ഉറക്കത്തിലും കണ്ടിട്ടുണ്ട് കൃഷ്ണനെ. ഒരു തവണയല്ല, പലവട്ടം. ഒരു തവണ മതിലിനു മുകളിൽ കയറിയ ഗൗരി താഴെ വീണപ്പോൾ കൃഷ്ണനതാ കൈകൊട്ടിച്ചിരിക്കുന്നു.

വർഷങ്ങൾക്കു ശേഷം കേസിൽ ശിക്ഷിച്ചു ജയിലിലേക്കു കൊണ്ടുപോയപ്പോൾ ലോക്കറ്റും മാലയും ഊരി വീട്ടിലേൽപ്പിച്ചു. ജയിലിൽ നിന്നു വിട്ടു പോരുമ്പോൾ അവിടത്തെ വാർഡന് സമ്മാനിച്ചു, വിരലിലുണ്ടായിരുന്ന കൃഷ്ണമോതിരം.

## സാരിയിലെ ഗൗരി സ്റ്റൈൽ



അക്കാലത്ത് തിരുവിതാംകൂറും കൊച്ചിയും രണ്ടു രാജ്യങ്ങൾ. തിരുവിതാംകൂറിൽ പെൺകുട്ടികൾക്കു പഠിക്കാനായി അന്നൊരു കോളെജുണ്ട്. കൊച്ചിയിൽ എറണാകുളം മഹാരാജാസിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനമുണ്ട്. മഹാരാജാസിൽ നിന്ന് കാർഡ് കിട്ടിയപ്പോൾ സഹോദരീ ഭർത്താവായ കൃഷ്ണൻ വക്കീലിനൊപ്പം ഇന്റർവ്യൂവിന്റെ തലേന്ന് എറണാകുളത്തെത്തി. ബന്ധുവും കൊച്ചിക്കോട്ട ആശുപത്രിയിലെ ഡോക്റ്ററുമായ കുഞ്ഞുലക്ഷ്മിയുടെ വീട്ടിലാണു താമസിച്ചത്. അതുവരെയുണ്ടായിരുന്ന പാവാടയിൽ നിന്നു സാരിയിലേക്കുള്ള പ്രമോഷനും അന്നു നടന്നു. പക്ഷേ സാരിയുടുക്കാൻ വശമില്ല.

ഡോ. കുഞ്ഞുലക്ഷ്മിയാണ് സാരിയുടുക്കാൻ പഠിപ്പിച്ചത്. ഉടുത്തു കഴിഞ്ഞപ്പോൾ സംശയം. സാരിയിൽ തട്ടി വീഴുമോ? അങ്ങനെ സംഭവിക്കാതിരിക്കാൻ ഇടതുകൈകൊണ്ട് സാരി അൽപം പൊക്കിപ്പിടിച്ചാണു നടന്നത്. ആ സ്വഭാവം പിന്നെ മാറിയില്ല. നടക്കുമ്പോൾ സാരി ഇടംകൈകൊണ്ട് അൽപം ഉയർത്തിപ്പിടിക്കും- ഗൗരിയമ്മ സ്റ്റൈൽ.

## സമരത്തിന്റെ കളരിയായി കളത്തിപ്പറമ്പിൽ അങ്കണം

ഗൗരിയമ്മയുടെ ഓർമ തുടങ്ങുന്നത് ഒരു കഷണം കൽക്കണ്ടത്തിന്റെ മധുരത്തിൽ നിന്നാണ്.

ചേർത്തലയിലെ രാമത്തണ്ടാർ എന്ന കളത്തിപ്പറമ്പിൽ അയ്യപ്പൻ രാമന്റെ വീട്ടിലെത്തിയ ശ്രീനാരായണ ഗുരുദേവനെ കണ്ടു വന്ദിക്കാൻ വന്നവർ കാഴ്ചയായി കൊണ്ടുവന്ന കൽക്കണ്ടത്തിന്റെയും മുന്തിരങ്ങയുടെയും പ്രസാദ മധുരം.

തിരുമല ദേവസ്വത്തിന്റെ ഏക്കർ കണക്കിനു കൃഷിയിടങ്ങൾ ഏറ്റെടുത്തു കൃഷിയിറക്കുന്ന രാമത്തണ്ടാർ ചേർത്തലയിലെ കരപ്രമാണിയായിരുന്നു. അവർണർ നേരിടുന്ന അടിമത്തത്തിനും ചൂഷണത്തിനും മാറ്റം വരുത്താൻ രാമത്തണ്ടാർ മുന്നിട്ടിറങ്ങിയതോടെ സവർണ ജന്മിമാരുടെ എതിർപ്പു ശക്തമായി.

ചണ്ഡികാ പരിപാലന യോഗം, സഹോദര സംഘം, ഈഴവ യുവജന സംഘം തുടങ്ങിയ ആദ്യകാല സംഘടനകളുടെ രക്ഷാധികാരിയും ഖജാൻജിയും രാമത്തണ്ടാറായിരുന്നു. അധഃസ്ഥിതരുടെ ആത്മാഭിമാനം വീണ്ടെടുക്കാൻ തണ്ടാർ തന്റെ നെല്ലും പണവും തണ്ടാർ ലോഭമില്ലാതെ ചെലവാക്കി.

സാമൂഹ്യനീതിക്കായുള്ള ഈ സമരകാഹളം കേട്ടാണ് കളത്തിപ്പറമ്പിൽ രാമത്തണ്ടാറുടെ മകൾ ഗൗരി പിച്ചവച്ചത്. ശ്രീനാരായണ ഗുരുവും കുമാരനാശാനും മാത്രമല്ല, പെരിയോർ രാമസ്വാമി നായ്ക്കർ, സി.വി. കുഞ്ഞുരാമൻ, ടി.കെ. മാധവൻ, മൂർക്കോത്തു കുമാരൻ, മിതവാദി കൃഷ്ണൻ തുടങ്ങിയ അക്കാലത്തെ പ്രമുഖരെല്ലാം ആ മുറ്റത്തു സംഗമിച്ചിരുന്നു.

## ചങ്ങമ്പുഴയുടെ സഹപാഠി

മഹാരാജാസിൽ മലയാളം, ഇംഗ്ലീഷ് ക്ലാസുകളിൽ എല്ലാ ഗ്രൂപ്പിലെയും കുട്ടികളെ ഒന്നിച്ചിരുത്തിയാണു പഠിപ്പിച്ചിരുന്നത്. ജി. ശങ്കരക്കുറുപ്പ്, കുറ്റിപ്പുഴ കൃഷ്ണപിള്ള എന്നിവരായിരുന്നു മലയാളം അധ്യാപകർ. അവരിൽ കുട്ടികൾക്കു പ്രിയം കുറ്റിപ്പുഴയെ ആയിരുന്നു.

ഒരു ദിവസം ക്ലാസ് തുടങ്ങുന്നതിനു മുൻപ് കുറ്റിപ്പുഴ സാർ ഒരു ചോദ്യം: "നിങ്ങൾ ചങ്ങമ്പുഴയെന്ന കവിയെക്കുറിച്ചു കേട്ടിട്ടുണ്ടോ?"

രമണൻ വായിക്കാത്ത ഒറ്റ കുട്ടി പോലും അക്കാലത്തില്ല. ഏവരുടെയും ചുണ്ടിൽ തത്തിക്കളിക്കുന്നതു ചങ്ങമ്പുഴയുടെ കവിതാശകലങ്ങളാകും. അവരുടെ കോറസിൽ ഗൗരിയും ചേർന്നു: "ഉവ്വ് സർ".

"ചങ്ങമ്പുഴയെ നിങ്ങൾക്കു കാണണോ?" എന്നായി സാർ. വേണമെന്ന് കുട്ടികൾ ഒറ്റക്കെട്ടായി വിളിച്ചു പറഞ്ഞപ്പോൾ സാർ ഉറക്കെപ്പറഞ്ഞു: "എടോ, ചങ്ങമ്പുഴേ, താനൊന്ന് എഴുന്നേറ്റു നിൽക്കൂ. ഇവരൊന്നു കാണട്ടെ".

എല്ലാ കണ്ണുകളും ആൺകുട്ടികളിരിക്കുന്ന ഭാഗത്തേക്കു നീണ്ടു. അപ്പോൾ കുട്ടികളുടെ ഇടയിൽനിന്ന് കറുത്തുമെലിഞ്ഞു കിളിരം കൂടിയ ഒരാൾ എഴുന്നേറ്റു. തവിട്ടുനിറത്തിലുള്ള ഖദർ ജൂബയും ഖദർ മുണ്ടും. ജൂബയ്ക്കു മേൽ കരയുള്ള ഷാൾ ചുറ്റിയിരിക്കുന്നു. അനുസരണയില്ലാത്ത മുടിയിഴകൾ നെറ്റിയിലേക്കു വീണു കിടക്കുന്നു. വിനീതമായ ചിരിയോടെ സഹപാഠി അവർക്കിടയിൽ നിന്നു. പെൺകുട്ടികൾ ആരാധനയോടെയും ആൺകുട്ടികൾ വിസ്മയത്തോടെയും നോക്കിനിന്നുപോയി. കണ്ടിട്ടും കണ്ടിട്ടും മതി വരാത്തതുപോലെ. അന്നു പിന്നെ ക്ലാസൊന്നും നടന്നില്ല.

## അയിത്തത്തെ അകറ്റുന്ന പണം

നാലാം ക്ലാസ് ജയിച്ചപ്പോൾ തിരുമല ദേവസ്വം സ്കൂളിലാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ചേർത്തത്. സ്കൂളിനടുത്ത്, മനക്കോടം കേശവൻ വൈദ്യന്റെ സദനം എന്ന ഹോസ്റ്റലിലായിരുന്നു താമസം. പഠനത്തിലെന്നതുപോലെ കളികളിലും സമർഥയായിരുന്നു ഗൗരി. ഓട്ടം, ചാട്ടം, ഗോലി, കുടുകുടു തുടങ്ങി അക്കാലത്തെ കായിക ഇനങ്ങളിൽ ആൺകുട്ടികളുടെ അതേ വാശിയിൽ പങ്കെടുത്തു.

മൂത്ത ചേച്ചി നാരായണി സംഗീത വിദുഷിയായിരുന്നു. തമിഴ് ബ്രാഹ്മണരാണ് അക്കാലത്തും പാട്ടിന്റെ ശുരുക്കന്മാർ. അവർ കളത്തിപ്പറമ്പിൽ വന്നു താമസിച്ച് നാരായണിയെ പാട്ടും സംഗീതോപകരണങ്ങളും അഭ്യസിപ്പിച്ചു. അന്നാണ് അയിത്തത്തിന്റെ വലിയ രഹസ്യം ഗൗരിക്കു മനസിലായത്- ധാരാളം പണമുണ്ടെങ്കിൽ ഏത് അയിത്തവും മാറിനിൽക്കും.

# നിലാവിന്റെ ഗർജനം

## ആദ്യത്തെ പ്രസംഗം

രാജഭരണകാലത്തെ ഏറ്റവും വലിയ ആഘോഷങ്ങളിലൊന്ന് വഞ്ചിഭൂപതിയായ ചിത്തിര തിരുനാളിന്റെ പിറന്നാൾ ദിവസമാണ്. ക്ലാസ് ടീച്ചറായ പ്രഭു സാർ പെൺകുട്ടികളിൽ നിന്നു പ്രസംഗിക്കാൻ ഗൗരിയെ തെരഞ്ഞെടുത്തു. ചേച്ചിയുടെ ഭർത്താവ് എൻ.ആർ. കൃഷ്ണൻ വക്കീലിന്റെ സഹോദരൻ ജി. മാധവൻ വക്കീൽ എഴുതി നൽകിയ പ്രസംഗം കാണാതെ പഠിച്ച് തെറ്റാതെ അവതരിപ്പിച്ചു. കടലാസിൽ നോക്കാതെ നടത്തിയ ആ പ്രസംഗത്തിനു ലഭിച്ചത് വലിയ കരഘോഷം.

## സ്ത്രീകളുടെ സമരവീര്യം

വൈക്കം സത്യഗ്രഹം, ക്ഷേത്രപ്രവേശന പ്രക്ഷോഭം, അയിത്തോച്ചാടനം, മദ്യവർജന പ്രക്ഷോഭം തുടങ്ങിയ സമരമുഖങ്ങളിലേക്കു സന്നദ്ധഭടന്മാരെ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും ചെയ്തിരുന്നത് കളത്തിപ്പറമ്പിൽ വീടിന്റെ മുറ്റത്തായിരുന്നു. ഈ പ്രസ്ഥാനങ്ങൾക്കു പിന്തുണയായി സ്ത്രീസമാജങ്ങൾ ഉടലെടുത്തു.

പുരുഷന്മാർ നടത്തുന്ന സമരങ്ങൾ എന്തിനു വേണ്ടിയെന്നും അവരെ സ്ത്രീകൾക്കെങ്ങനെ പിന്തുണയ്ക്കാമെന്നും ബോധവത്കരണം നടത്തിയിരുന്നത് അമ്മ പാർവതിയായിരുന്നു. കളിക്കുന്നതിനിടയിൽ കുഞ്ഞു ഗൗരിയുടെ മനസിൽ പതിഞ്ഞതാണീ സമര ചിത്രങ്ങൾ.

## പ്രണയത്തോട് നോ!

കൗമാര, യൗവന കുതൂഹലങ്ങളിൽ പ്രണയമധുരം ഉണ്ടാകാതെ വയ്യ. അതും ഗൗരിയെപ്പോലൊരു മിടുക്കി പെൺകുട്ടിക്ക്. എന്നാൽ പ്രണയവലകളിൽ ചെന്നുചാടാൻ മറ്റു പെൺകുട്ടികളെപ്പോലെ ഗൗരി ഒരുക്കമായിരുന്നില്ല.

പത്താം ക്ലാസിൽ പഠിക്കവേ ഓണക്കാലത്താണ് ഗൗരിക്ക് ആദ്യത്തെ പ്രണയസമ്മാനം ലഭിക്കുന്നത്. അച്ഛനെ കാണാൻ വന്ന ബന്ധുവായ കോളെജ് കുമാരൻ നീട്ടിയ കവറിൽ വടിവൊത്ത അക്ഷരങ്ങളിലെഴുതിയ കത്തും ദന്തനിർമിതമായ ബ്രൂച്ചുമാണുണ്ടായിരുന്നത്. അതാണ് ആദ്യ പ്രണയ ലേഖനം. കത്തിനു മറുപടി വേണമെന്ന ആവശ്യം ഗൗരിയുടെ നെഞ്ചിടിപ്പു കൂട്ടി.

എന്തു ചെയ്യണമെന്നു നിശ്ചയമില്ലാത്തതിനാൽ കത്ത് പെട്ടിയിൽ സൂക്ഷിച്ചു. മറുപടി നൽകിയില്ല. എന്നാൽ പെട്ടിയിൽ നിന്നു കത്തു ചോർന്ന് ചേച്ചിയുടെ കൈയിലെത്തി. വഴക്കും ബഹളവുമായി. അയാളുടെ വീട്ടിലുമെത്തി വിവരങ്ങൾ. അയാളോടു സഹാനുഭൂതിക്കപ്പുറം പ്രണയമൊന്നുമില്ലെന്നു ഗൗരി തിരിച്ചറിഞ്ഞു.



## രാഷ്ട്രീയത്തിലെ ആദ്യ ചുവടുകൾ

തിരുവനന്തപുരമാണ് ഗൗരിയമ്മയെ രാഷ്ട്രീയത്തിലേക്കു നയിച്ചത്. കോൺഗ്രസ് നയിക്കുന്ന സമരപരിപാടികളിൽ തനിക്കും ചിലതു ചെയ്യാനാകുമെന്ന ധാരണ ഗൗരിക്കുണ്ടായി. ഗാന്ധിജയന്തി ദിനത്തിൽ നഗരം ശുചിയാക്കുന്നതിനു രൂപവത്കരിച്ച കമ്മിറ്റിയിൽ ഗൗരിയും ഉൾപ്പെട്ടു. അതോടൊപ്പം തിരുവനന്തപുരത്തെ ധനാഢ്യ ഈഴവ കുടുംബങ്ങളിലെ വലിയ ഉദ്യോഗസ്ഥരുടെയും കോൺട്രാക്റ്റർമാരുടെയും പ്രമാണിമാരുടെയും കുടുംബങ്ങളുമായി മമതാബന്ധവും ഉടലെടുത്തു.

ആയിടയ്ക്കാണ് സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭത്തിന്റെ പേരിൽ പട്ടം താണുപിള്ളയെ അറസ്റ്റുചെയ്തു ജയിലിലടച്ചത്. അദ്ദേഹത്തിന്റെ റേഷൻ കാർഡും നിർത്തലാക്കി. ഇതിനെ എതിർത്തു തോൽപ്പിക്കാൻ വിദ്യാർഥി കോൺഗ്രസ് തീരുമാനിച്ചു. വീടുകളിൽനിന്ന് അരി പിരിച്ചു താണുപിള്ള സാറിന്റെ വീട്ടിലെത്തിക്കാനായിരുന്നു തീരുമാനം. ഇങ്ങനെ പിരിച്ച അരി അദ്ദേഹത്തിന്റെ ഭാര്യ പൊന്നമ്മയെ ഏൽപ്പിച്ചതു ഗൗരിയാണ്.

## സമുദായത്തിലെ ആദ്യ അഭിഭാഷക

ബാർ കൗൺസിൽ പരീക്ഷ പാസായ ഗൗരിയുടെ സന്നതെടുക്കൽ വലിയ ആഘോഷമാക്കാൻ രാമൻ തണ്ടാർ തീരുമാനിച്ചു. ഗൗരിക്കു താമസിക്കാനും വക്കിലോഫീസ് നടത്താനും ചേർത്തലയിൽ കെട്ടിടം വാടകയ്ക്കെടുത്തു. ക്ഷണപത്രികയും കാപ്പിസത്കാരവും സദ്യയും ഏർപ്പാടാക്കി.

ഗൗരി കോടതിയിലേക്കിറങ്ങുന്നതു കാണാൻ ഏതാണ്ടെല്ലാ ബന്ധുക്കളും സുഹൃത്തുക്കളുമെത്തിയിരുന്നു. പത്തു പതിനഞ്ചു വക്കാലത്തുകളും ഏർപ്പാടാക്കിയിരുന്നു. അങ്ങനെ ഗൗരി ചേർത്തല മുൻസിഫ് കോടതിയിൽ ചേർത്തല കോടതിയിലെയും ഈഴവ സമുദായത്തിലെയും ആദ്യ വനിതാ അഡ്വക്കറ്റായി പ്രാക്റ്റീസ് തുടങ്ങി.

## സ്ഥാനാർഥിയും തോൽവിയും

തിരുവിതാംകൂർ കമ്യൂണിസ്റ്റു പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി യോഗത്തിന്റെ തീരുമാനപ്രകാരം ഗൗരിയെ തിരു- കൊച്ചി നിയമസഭയിലേക്കു സ്ഥാനാർഥിയാക്കുന്നവെന്ന് പി. കൃഷ്ണപിള്ള അറിയിച്ചപ്പോൾ ഉറക്കെ കരഞ്ഞും വാവിട്ടലച്ചുമാണു ഗൗരി പ്രതികരിച്ചത്. അച്ഛനു നൽകിയ വാക്കു ലംഘിക്കുന്നതിന്റെ വേദനയായിരുന്നു അത്.

എന്നാൽ കുമാരപ്പണിക്കരാണു സ്ഥാനാർഥിയെന്നും ഗൗരി ഡമ്മിയാണെന്നുമാണു കൃഷ്ണപിള്ള വിശ്വസിപ്പിച്ചത്. ചേർത്തല ദ്വയാംഗ മണ്ഡലമായിരുന്നു. ജനറൽ സീറ്റിൽ ഗൗരിയും സംവരണ സീറ്റിൽ വി. സോളമനും മത്സരിച്ചു. കൃഷ്ണനയ്യപ്പനായിരുന്നു എതിർ സ്ഥാനാർഥി. മത്സരത്തിൽ ഗൗരി തോറ്റുവെങ്കിലും അതോടെ നാട്ടുകാർക്കെല്ലാം പരിചിതയായി. ആദ്യ കേസിൽ അറസ്റ്റിലായി ഗൗരി ചേർത്തല ലോക്കപ്പിൽ കഴിയുമ്പോഴാണ് പി. കൃഷ്ണപിള്ള പാമ്പുകടിയേറ്റു മരിച്ചെന്ന വാർത്ത അറിയുന്നത്.

## കമ്യൂണിസവും മദറും

സെന്റ് തെരേസാസിലായിരുന്നു ബിരുദപഠനം. കമ്യൂണിസത്തെയും സോവിയറ്റ് ഭരണത്തെയും കുറിച്ചു പരാമർശിച്ച ഇന്ദിര ടീച്ചർ സ്റ്റാലിനെക്കുറിച്ചും മറ്റും സാമാന്യം വിശദമായി പറഞ്ഞു. അവർ വീണ്ടും പാഠ്യവിഷയത്തിലേക്കു തിരിഞ്ഞപ്പോൾ സ്റ്റാലിനെക്കുറിച്ചും സോവിയറ്റ് യൂണിയനെക്കുറിച്ചും കൂടുതൽ പറയണമെന്നു പിന്നിലിരുന്ന ഗൗരി വിളിച്ചുപറഞ്ഞു. അതു വലിയ പ്രശ്നമായി. മദർ സുപ്പീരിയറിനെ കാണാൻ നിർദേശം.

വിസിറ്റേഴ്സ് റൂമിലെത്തിയ ഗൗരിയെ കണ്ട മാത്രയിൽ മദർ എഴുന്നേറ്റു മുട്ടിലിരുന്ന് തലയിൽ കൈവച്ച്, മുഖം മേലോട്ടുയർത്തി കരഞ്ഞു പ്രാർഥിച്ചു. ചെയ്ത കാര്യങ്ങൾ ഏറ്റുപറഞ്ഞു ദൈവത്തോടു മാപ്പിരക്കാനാണ് മദർ പറഞ്ഞത്. എന്നാൽ ഗൗരി അനങ്ങിയില്ല. ഗൗരിക്കു മദർ സമ്മാനിച്ചത് ഒരു കമ്യൂണിസ്റ്റ് വിരുദ്ധ പുസ്തകം. അതു വായിച്ചു വരാനാണ് കല്പന. വായിച്ചശേഷം ചെന്നപ്പോൾ ഉള്ളടക്കത്തെ കുറിച്ചു ചോദ്യങ്ങൾ. അത് ഒരു വശം മാത്രമാണെന്ന അഭിപ്രായം തുറന്നുപറഞ്ഞപ്പോൾ വീണ്ടും മദറിന്റെ കരച്ചിലും പ്രാർഥനയും.

## ആദ്യ പൊതുയോഗവും വിലക്കും

സ്വാതന്ത്ര്യ സമരം കത്തിപ്പടരുന്ന കാലം. തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസ് നിരോധിക്കപ്പെടുകയും മർദനവും അറസ്റ്റും കൂടുകയും ചെയ്തതോടെ നേതാക്കൾ പലരും കൊച്ചിയിലേക്കു താമസം മാറ്റി. അവരാകട്ടെ, കൊച്ചിയിലെ കോളെജുകളിൽ പഠിക്കുന്ന തിരുവിതാംകൂറുകാരായ വിദ്യാർഥികളെ സംഘടിപ്പിച്ചു സമരസഹായ സംഘടനയുണ്ടാക്കി. മർദനത്തിനെതിരെ മലബാറിൽ നിന്ന് എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ മലബാർ ജാഥ കൊച്ചിയിലേക്കു നീങ്ങി.

ജാഥയ്ക്കു സ്വീകരണമൊരുക്കാൻ സമരസഹായ സംഘടന സദനത്തിലെയും വൈഡബ്ല്യുസിഎയിലെയും പെൺകുട്ടികളെക്കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തി.

സദനം യൂണിയൻ സെക്രട്ടറിയായിരുന്ന ഗൗരിയും കമ്മിറ്റിയിൽ വന്നു. അന്ന് എ.കെ. ഗോപാലൻ എന്നു കേട്ടിട്ടുകൂടിയുണ്ടായിരുന്നില്ല ഗൗരി.

ജാഥയിൽ പങ്കെടുത്തതിനാൽ ക്ലാസിൽ കയറേണ്ടെന്ന പ്രിൻസിപ്പിലിന്റെ നിർദേശമായിരുന്നു ആദ്യ വിലക്ക്. വിലക്കു പിൻവലിച്ചില്ലെങ്കിൽ നിരാഹാരം നടത്തുമെന്ന വിദ്യാർഥി നേതാക്കളുടെ ഭീഷണി ഗൗരിക്കുവേണ്ടി ആദ്യമുയർന്ന സമരകാഹളവും.

## അറസ്റ്റിലായ പോരാളി

1948ലെ കൊൽക്കൊത്ത പാർട്ടി കോൺഗ്രസിനെ തുടർന്ന് കമ്യൂണിസ്റ്റ് പാർട്ടിയെയും പോഷക സംഘടനകളെയും സർക്കാർ നിരോധിച്ചു. നേതാക്കൾ ഒന്നുകിൽ ഒളിവിൽ, അല്ലെങ്കിൽ ജയിലിൽ എന്നതായിരുന്നു സ്ഥിതി. ഗൗരി ഒളിവിൽ പോകരുതെന്നായിരുന്നു പാർട്ടി നിർദേശം.

വിലവർധനയെ നേരിടാൻ ക്ഷാമബത്ത നൽകണമെന്നാശ്യപ്പെട്ട് ഗൗരിയുടെ നേതൃത്വത്തിൽ ചേർത്തല കയർ ഫാക്റ്ററി തൊഴിലാളികൾ സമരത്തിനിറങ്ങി. ദേവസ്വംചിറ ഫാക്റ്ററിയായിരുന്നു സമരവേദി. സമരക്കാരെ ഒരു വെളുപ്പാൻകാലത്തു പൊലീസ് അറസ്റ്റു ചെയ്തു നീക്കി. സമരക്കാരുടെ കൊടി പിടിച്ചെടുത്ത പൊലീസുകാരനു മുന്നിലേക്ക് ഒരു സിംഹിയെപ്പോലെ ഗൗരി എടുത്തുചാടി. പിടിവലി നടത്തി കൊടി തിരിച്ചുമേടിച്ചു. തുടർന്നു നടന്ന ചർച്ചയിൽ തൊഴിലാളികൾക്ക് ഡിഎ അനുവദിച്ചു. എന്നാൽ ഏതാനും ദിവസം കഴിഞ്ഞപ്പോൾ പൊലീസ് സിഐഡിയും ഇൻസ്പെക്റ്റർ രാമൻകുട്ടി നായരും വീട്ടിലെത്തി ഗൗരിയമ്മയെ അറസ്റ്റ് ചെയ്തു. പൂജപ്പുര സെൻട്രൽ ജയിലിലേക്കു കൊണ്ടുപോയി. ആദ്യ ജയിൽവാസം.

# ആനകളുടെയും തമ്പുരാൻ



മാടമ്പ് കുഞ്ഞുകുട്ടന് കിരാലൂർ മാടമ്പ് മനയിൽ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഗാർഡ് ഓഫ് ഓണർ നൽകുന്നു. കെ. കെ. നജീബ്

## എഴുത്തിലെ ഒറ്റയാൻ

**സച്ചിൻ വള്ളിക്കാട്**

"എഴുത്തുകാരൻ ഉള്ളിൽത്തട്ടി എഴുതിയ കഥയേ വായനക്കാരുടെ ഉള്ളിലും തൊടുകയുള്ളൂ. വായനക്കാർ കരയണമെങ്കിൽ എഴുത്തുകാരൻ അതിന്റെ നൂറു മടങ്ങ് അധികം കരഞ്ഞിരിക്കണം..." മാടമ്പിന്റെ വാക്കുകളാണിത്. വാക്കുകൾ പോലെ വ്യത്യസ്തനായിരുന്നു മാടമ്പും. മാടമ്പിന് എഴുത്ത് ജീവിതമാണ്. എഴുത്തിന്റെ ആത്മീയ ലഹരിയിലായിരുന്നു ജീവിതം. വൈദിക പാരമ്പര്യത്തിന്റെ വഴികളിലൂടെ വളർന്നു വന്നിട്ടും പുരോഗമന ആശയങ്ങളോടും അനുഭാവം പുലർത്തി മാടമ്പ്.

എഴുത്തിന്റെ ലോകത്ത് തന്റേതായ വഴി തീർത്തു.

മാടമ്പിന്റെ നോവലുകളും കഥകളും കേരള സമൂഹത്തിന്റെ നേർചിത്രങ്ങൾ ആയിരുന്നു. എഴുത്തിനപ്പുറം സജീവവും ക്രിയാത്മകവുമായ ഒരു സംവാദമനസ് സൂക്ഷിക്കുന്ന മാടമ്പ്, ബ്രാഹ്മണ്യത്തിന്റെ നടുവിൽ നിൽക്കുമ്പോഴും അത്യന്തം പുരോഗമനാത്മകമായ ചിന്തകളുടെ വിശ്വാസദാർഢ്യം പുലർത്തുന്നു. അതുതന്നെയാണ് ഈ എഴുത്തുകാരന്റെ ശക്തിയും സൗന്ദര്യവും.

മലയാളിയുടെ തീപിടിച്ച വായനാകാലമായ എഴുപതുകളിലാണ് മാടമ്പിന്റെ ആദ്യനോവലായ അശ്വത്ഥാമാവ് പുറത്തുവരുന്നത്. ക്ഷുഭിത യൗവനങ്ങളുടെ തീക്ഷ്ണാനുഭവങ്ങൾ തന്നെയാണ് മാടമ്പിനും പറയാനുണ്ടായിരുന്നതെങ്കിലും പ്രമേയസ്വീകരണത്തിലും ആഖ്യാനത്തിലും അങ്ങേയറ്റം നൂതനമായൊരു അനുഭവമായിരുന്നു അശ്വത്ഥാമാവ്.

എഴുത്തിന്റെ ലോകത്ത് ഒറ്റയാനായിരുന്നു മാടമ്പ്. പ്രമേയത്തിലും അതിന്റെ അവതരണത്തിലും പുലർത്തുന്ന കാർക്കശ്യം കലർന്ന വ്യത്യസ്തത മാടമ്പിന്റെ ജീവിതത്തിലും കാണാം. തെളിഞ്ഞ ചിന്തയുടെ പ്രകാശം, ആജ്ഞാപരമായ ഗൗരവം, വൈദികവും ആത്മീയവുമായ അന്തസത്തയുടെ ആർജ്ജവം, ഇതെല്ലാമാണ് കിരാലൂരിൽ ജനിച്ച മാടമ്പ് മനക്കൽ ശങ്കരൻ എന്ന കുഞ്ഞിക്കുട്ടൻ. അധ്യാപകൻ, പൂജാരി, എഴുത്തുകാരൻ, തിരക്കഥാകാരൻ, അഭിനേതാവ്, അവതാരകൻ, ശ്രീവിദ്യോപാസകൻ ഇങ്ങനെ ജീവിതത്തിലെ മാടമ്പിന്റെ വേഷങ്ങൾ നിരവധിയാണ്.

തുടർച്ചയായി എഴുതുന്ന ഒരു സ്വഭാവമായിരുന്നില്ല മാടമ്പിന്റേത്. പ്രധാനമായും പുലർച്ചെയാണ് എഴുത്ത്. എഴുതിയതിൽ വലിയ വെട്ടലും തിരുത്തലുമുണ്ടാവില്ല. നമ്പൂതിരി സമുദായത്തിലെ ദുരാചാരങ്ങൾക്കെതിരേ അദ്ദേഹം പൊരുതി. തൂലിക പടവാളാക്കി സമുദായ അനീതിക്കെതിരേ കുറിച്ച ഭ്രഷ്ട് എന്ന നോവൽ വളരെയധികം ശ്രദ്ധിക്കപ്പെട്ടു. എഴുപതുകളുടെ തുടക്കത്തിൽത്തന്നെയാണ് മാടമ്പിന്റെ ഭ്രഷ്ട് പുറത്തുവന്നതും. സമുദായ വഴികളിൽ നിന്നു മാറി സ്വന്തമായ ഭാഷയും ഭാവുകത്വവുമായിരുന്നു മാടമ്പിന്റെ കരുത്ത്. തേച്ചുമിനുക്കിയെടുത്ത വാക്കുകളും കുറിക്കൊള്ളുന്ന വാചകങ്ങളും സർവോപരി സ്ത്രീ ശക്തിയിലുള്ള ആത്യന്തിക വിശ്വാസവും. സത്യത്തിന്റെ കാലാതീതമായ ശക്തികൊണ്ടുതന്നെ ഭ്രഷ്ട് എന്ന നോവൽ മാടമ്പിന്റെ ഓർമയിൽ സമൂഹത്തിൽ ഇന്നും ഇടംപിടിച്ചിരിക്കുന്നു.

## വെള്ളിത്തിരയിലെ ബഹുമുഖ പ്രതിഭ

"കലാകാരൻ ഒരിക്കലും സുഖിക്കരുത്. ശാന്തമായ ഒരു ജീവിതം അവനു കിട്ടരുത്. ജോലിയൊന്നുമില്ലാതെ ദുരിതങ്ങളും ദുരന്തങ്ങളും അനുഭവിച്ചുകൊണ്ടിരുന്നാലേ അവനിലെ കല ഉദാത്തമാവുകയുള്ളൂ."...മാടമ്പിന്റെ വാക്കുകളാണിത്. വെള്ളിത്തിരയിൽ ബഹുമുഖ പ്രതിഭയായിരുന്നു മാടമ്പ്. തിരക്കഥാകൃത്തായും അഭിനേതാവായും അവതാരകനായും തിളങ്ങി.

വെള്ളിത്തിരയിലെ വേഷങ്ങളിലൂടെ മാത്രം പരിചയപ്പെട്ടവർക്ക് വൈദഗ്ധ്യമുള്ള ആനവൈദ്യനായിട്ടാകും മാടമ്പിനെ ഓർമ വരിക. ത നോട്ടത്തിലും മൂളലിലും പോലും തഴക്കവും ഗാംഭീരവും നിറഞ്ഞ വൈദ്യൻ. എന്നാൽ, വെള്ളിത്തിരയെ സമ്പന്നമാക്കിയ കഥയിലേക്കു നോക്കുന്നവർക്കു മുന്നിൽ തലയെടുപ്പുള്ള തിരക്കഥാകൃത്താകും മാടമ്പ് കുഞ്ഞിക്കുട്ടൻ.

മലയാളത്തിലെ എണ്ണംപറഞ്ഞ എഴുത്തുകാരനായി പേരെടുത്തതിന് ശേഷമാണ് പക്ഷേ മാടമ്പ് സിനിമക്കഥയുടെ പേന കൈയിലെടുക്കുന്നതും. മാടമ്പ് കുഞ്ഞിക്കുട്ടന്റെ പേര് ആദ്യം സിനിമയിലേക്ക് എത്തുന്നത് കഥാകൃത്ത് ആയിട്ടായിരുന്നു. അശ്വത്ഥാമാവ് എന്ന നോവലാണ് കെ. ആർ മോഹനൻ സിനിമാരൂപത്തിലാക്കുന്നത്. പിന്നീടങ്ങോട്ട് തിരക്കഥാകൃത്തായും നടനായുമൊക്കെ എണ്ണം പറഞ്ഞ സിനിമകളുടെ ഭാഗമായി മാറി മാടമ്പ്.

തിരക്കഥയ്ക്കുള്ള ദേശീയ പുരസ്കാര ജേതാവാകുന്നത് കരുണം എന്ന സിനിമയിലൂടെയാണ്. ജയരാജ് സംവിധാനം ചെയ്ത കരുണത്തിലൂടെ മാടമ്പ് ദേശീയ തലത്തിൽ മികച്ച തിരക്കഥാകൃത്തായി. കരുണത്തിന് പുറമേ പരിണാമം, ശലഭം, മകൾക്ക്, ഗൗരീശങ്കരം തുടങ്ങിയ സിനിമകൾക്കും മാടമ്പ് കുഞ്ഞിക്കുട്ടൻ തിരക്കഥയെഴുതി. കരുണം, വടുക്കുംനാഥൻ, അഗ്നിനക്ഷത്രം, ദേശാടനം, അശ്വത്ഥാമാവ്, ആറാം തമ്പുരാൻ, ആനചന്തം തുടങ്ങി ഒട്ടേറെ സിനിമകളിൽ അഭിനയിച്ചു. പൈതൃകം എന്ന ചിത്രത്തിൽ പ്രധാന കഥാപാത്രമായും എത്തി. ജയരാജ് ചിത്രങ്ങളിലാണ് കൂടുതലും മാടമ്പിനെ കഥാപാത്രമായി പ്രേക്ഷകർ കണ്ടത്.

ദേശാടനം എന്ന ഒറ്റ തിരക്കഥ മാത്രം മതി അദ്ദേഹത്തിന്റെ പ്രതിഭയുടെ ആഴം തിരിച്ചറിയാൻ. കുടുംബബന്ധങ്ങളിലെ അച്ഛനും അമ്മയും മക്കളും തമ്മിലുള്ള ഇഴയടുപ്പം വ്യക്തമാക്കിയ രചന. മാടമ്പിന്റെ അവസാന സിനിമ 'അത്ഭുത'മാണ്. ഒടിടി പ്ലാറ്റ് ഫോമിലാണ് 'അത്ഭുതം' റിലീസ് ചെയ്തത്.

നെഞ്ചുറപ്പോടെ ആരുടെ മുമ്പിലും ഇഷ്ടാനിഷ്ടങ്ങൾ തുറന്നു പറയുന്ന മാടമ്പ് ഇനിയില്ല. മലയാള സിനിമയിൽ ഒറ്റയാനായിരുന്നു അദ്ദേഹം. ആരെയും കൂസാത്ത, ആരോടും പക്ഷപാതമില്ലാത്ത, ആരുടെയും പ്രലോഭനങ്ങളിൽ വീഴാത്ത തലയുയർത്തി നടന്ന ഒറ്റയാൻ. ജീവിതത്തിലെ നിലപാടുകൾ അദേഹം വെള്ളിത്തിരിയിലും ഉയർത്തിപ്പിടിച്ചാണ് ഓർമയായത്.

**ശ്രീകുമാർ അരൂക്കുറ്റി**



മാടമ്പു കുഞ്ഞുകുട്ടനുമായി എനിക്ക് യാതൊരു മുൻപരിചയവുമില്ലായിരുന്നു. ഞങ്ങളുടെ ആദ്യത്തെ ബന്ധം തുടങ്ങുന്നത് 'ദേശാടനം' സിനിമ മുതൽക്കാണ്. ദേശാടനത്തിന്റെ കഥ എന്റേതായിരുന്നു. ജയരാജായിരുന്നു സംവിധാനം. മാടമ്പായിരുന്നു അതിന്റെ തിരക്കഥാ സംഭാഷണ രചന. അതിനുമുമ്പ് ഞങ്ങൾ തമ്മിൽ യാതൊരു ബന്ധവും ഇല്ലായിരുന്നു. ഞങ്ങൾക്കിടയിലെ കണ്ണി ജയരാജായിരുന്നു. ഞാൻ തമ്പി കണ്ണന്താനത്തിന്റെ അസിസ്റ്റന്റായിട്ട് മാന്ത്രികം എന്ന സിനിമയുമായി ബന്ധപ്പെട്ട് മദ്രാസിൽ വർക്ക് ചെയ്യുമ്പോഴാണ് ദേശാടനത്തിന്റെ വർക്ക് ഇവിടെ നടക്കുന്നത്. അതിനുശേഷമാണ് ആനകളെ കുറിച്ചുള്ള ഒരു പ്രോഗ്രാം ചെയ്യുക എന്ന ആശയം വന്നത്. കൈരളി ടി.വി.യിൽ നിന്ന് ഷിബു ചക്രവർത്തിയാണ് മുൻകൈ എടുത്ത് ആനകളെ കുറിച്ച് ഒരു പ്രോഗ്രാം ചെയ്യാം എന്ന് പറയുന്നത്. അന്ന് ആനകളെ കുറിച്ച് കാര്യമായി ഒന്നും എനിക്ക് അറിയില്ലായിരുന്നു. ആനകൾക്ക് ഒരുപാട് ആരാധകരുണ്ടെന്ന് അറിയാമെങ്കിലും അതൊന്നുമില്ലാത്ത ഒരു നാട്ടിലായിരുന്നു ഞാൻ വളർന്നത്.

ഷിബു ചക്രവർത്തി ഓരോ എപ്പിസോഡിലും ഓരോ ആനയെ പരിചയപ്പെടുത്തി പ്രോഗ്രാം ചെയ്യുക എന്നാണ് ഉദ്ദേശിച്ചത്. ഏതാണ്ട് 20 മിനിറ്റ് ഒരു ആനയെ കുറിച്ച് എന്താണ് പറയേണ്ടത് എന്നറിയാതെ ടെൻഷനടിച്ച് നിൽക്കുന്ന സമയത്താണ് അവതാരകനായി വയ്ക്കാൻ പറ്റിയ ഒരാളെ കുറിച്ച് ചിന്തിച്ചത്. അത് മാടമ്പ് കുഞ്ഞുകുട്ടനിലെത്തി. തുടർന്ന് അദ്ദേഹത്തെ കാണാനായി തൃശൂർ കേച്ചേരി കീരാല്ലൂരുള്ള അദ്ദേഹത്തിന്റെ മനയിലെത്തി. ആ കൂടിക്കാഴ്ചയിലൂടെയാണ് ഞങ്ങളുടെ ബന്ധം തുടങ്ങുന്നത്.

എനിക്ക് ആനയെ കുറിച്ച് ഒന്നും അറിയില്ല. മാടമ്പ് സാറിനാണെങ്കിൽ മനയിൽ തന്നെ പണ്ട് ആനകളുണ്ടായിരുന്നു.അത്യാവശ്യം ആന ചികിത്സയും ആനയെ കുറിച്ച് നല്ല ധാരണയുമുള്ള അദ്ദേഹത്തെ അവതാരകനായി കിട്ടിയത് അനുഗ്രഹമായി. ഏറിയാൽ പത്തോ ഇരുപതോ എപ്പിസോഡ് എന്ന രീതിയിൽ തുടങ്ങിയ 'എ4 എലിഫെന്റ്' എന്ന മെഗാ പരമ്പര ഏതൊരു പരിപാടിയെയും കടത്തിവെട്ടി മുന്നോട്ടുപോകുന്നതാണ് കണ്ടത്.

തുടർന്ന് ഏതാണ്ട് ഏഴ് വർഷത്തോളം ആ പ്രോഗ്രാം മുന്നോട്ട് പോയി. അതിന്റെ അവതാരകനായ മാടമ്പ് സാറ് ഒരു ആനച്ചന്തം തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ആ ശൈലി പ്രോഗ്രാമിന് ഏറെ ഗുണം ചെയ്തിരുന്നു. ഉദാഹരണത്തിന് തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ എന്ന കേരളത്തിലെ ഏറ്റവും വലിയ സൂപ്പർ സ്റ്റാറിനെ കുറിച്ച് അദ്ദേഹം പറയുമ്പോൾ തേച്ചോട്ടുകാവ് രാമേന്ദ്രൻ എന്നേ പറയൂ. അദ്ദേഹത്തിന്റെ ആ ശൈലിയോട് ജനങ്ങൾക്ക് ഒരു പ്രത്യേക ഇഷ്ടം തന്നെയായിരുന്നു. ഷൂട്ടിംഗ് സമയങ്ങളിൽ ചില സ്ഥലങ്ങളിൽ അദ്ദേഹം ഞങ്ങളോടൊത്ത് വന്നിരുന്നു. ഇല്ലാത്ത സമയത്ത് ഷൂട്ടിംഗ് കഴിഞ്ഞ് അദ്ദേഹത്തിന്റെ മനയിൽ പോയി ചിത്രീകരിക്കുകയായിരുന്നു. ഓരോ തവണയും അടുത്ത തവണ ഇന്ന ആനയായിരിക്കും എന്ന് പറഞ്ഞു കൊടുത്തിരുന്നു. ഇങ്ങനെ ഏഴ് വർഷമായപ്പോഴേക്കും ഞങ്ങൾക്ക് മടുപ്പനുഭവപ്പെട്ടു തുടങ്ങി. അതിന്റെ പേരിലാണ് ഞാൻ മതിയാക്കുന്നത്. എന്നാൽ കൈരളി അതിനുശേഷവും മറ്റൊരു പ്രൊഡ്യൂസറെ വച്ച് മൂന്നുനാല് മാസം കൂടി ചെയ്തു.

ഞാൻ നിർത്തുകയാണ് എന്ന് പറഞ്ഞപ്പോൾ തന്നെ മാടമ്പ് സാറും പ്രോഗ്രാം മതിയാക്കുകയായിരുന്നു. ഇപ്പോൾ അത് 'ശ്രീ 4 എലിഫന്റ്' എന്ന് പറഞ്ഞ് യൂട്യൂബ് ചാനലായി തുടങ്ങി. പക്ഷെ അനിമൽ വെൽഫെയർ ബോർഡിന്റെ കടുത്ത നിബന്ധനകൾ പരിപാടിയെ വല്ലാതെ ബാധിച്ചു. അതിന്റെയും അവതാരകൻ മാടമ്പ് സാറ് തന്നെയായിരുന്നു. പക്ഷെ, ഒന്നര മാസം മുമ്പ് അദ്ദേഹം പറഞ്ഞു. തുടരുക എന്നത് ബുദ്ധിമുട്ടാണ്. ശാരീരികമായുള്ള അസ്വസ്ഥതകൾ കൂടുകയാണ്. അദ്ദേഹം മനസിൽ വിചാരിക്കുന്ന കാര്യങ്ങൾ ക്യാമറയ്ക്കു മുന്നിൽ പറയാൻ വരുന്നില്ല എന്നതായിരുന്നു പ്രശ്നം.

ഇത്രയും വർഷം നീണ്ട ഒരു ബന്ധമായിരുന്നു എനിക്ക് അദ്ദേഹവുമായി ഉണ്ടായിരുന്നത്. ഇതിനിടയിൽ ചില സ്ക്രിപ്റ്റ് വർക്കുകളും ഉണ്ടായിരുന്നു. ഞാൻ മാക്ടയിൽ ഉള്ള സമയത്തു തന്നെ അദ്ദേഹത്തിന് മാക്ടയിൽ മെമ്പർഷിപ്പ് എടുപ്പിച്ചു. ഞങ്ങൾ ഒരുമിച്ച് ഒരു സിനിമയുടെ വർക്ക് പ്ലാൻ ചെയ്തതായിരുന്നു. കലാഭവൻ മണി അത് ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിലും മണിയുടെ അസൗകര്യങ്ങൾ കൊണ്ടുതന്നെ നടന്നില്ല.

ഇത്രയും ആനകളെ കുറിച്ച് അദ്ദേഹത്തിന്റെ അറിവിനൊത്ത് പറഞ്ഞ് മുന്നോട്ട് പോവുകയും മിക്ക ആനകളെയും സെലിബ്രിറ്റികളാക്കുകയും ചെയ്തിരുന്നു. അക്ഷരാർഥത്തിൽ ഞങ്ങളെ കൊമ്പും പിടിച്ചു വഴി നടത്തിയിട്ടുള്ള തലമുതിർന്ന ഒരു ചട്ടക്കാരനായിരുന്നു മാടമ്പ്. ഗുരുതുല്യനായ ചട്ടക്കാരൻ എന്നുതന്നെ പറയാം. ആ ചട്ടക്കാരനെയാണ് ഞങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

പുതിയ തലമുറയിലെ കുട്ടികൾ ഭ്രഷ്ടും അശ്വഥാമാവും എഴുതിയ മാടമ്പ് കുഞ്ഞികുട്ടനെ അറിയുന്നതിലും കൂടുതൽ ആനകളെ കുറിച്ച് പറയുന്ന മാടമ്പിനെയായിരിക്കും അറിയുന്നത്. മധ്യവയസ്കർക്ക് ഒരുപക്ഷെ, പഴയ മാടമ്പിനെ അറിയാമായിരിക്കും. എന്നാൽ ഏതാണ്ട് 25 വയസിന് താഴെയുള്ളവർ അറിയുന്നത് ഒരുപക്ഷെ, ഇ 4 എലിഫെന്റിലെ മാടമ്പിനെയും ആറാം തമ്പുരാനിലെ മാടമ്പിനെയുമായിരിക്കും.

മാടമ്പ് അശ്വത്ഥാമാവിൽ അഭിനയിച്ചതിനു പിന്നിലും ഒരു കഥയുണ്ട്. കെ.ആർ. മോഹനായിരുന്നു അതിന്റെ സംവിധായകൻ. മാടമ്പിന്റെ മനയിൽ തന്നെയായിരുന്നു ഷൂട്ടിംഗ് നടന്നിരുന്നതും. സുകുമാരനായിരുന്നു നായകൻ. ഈ സമയത്തു തന്നെ എം.ടി. സംവിധാനം ചെയ്യുന്ന മറ്റൊരു സിനിമയും നടന്നിരുന്നു. അതിലെയും നായകൻ സുകുമാരനായിരുന്നു. അതിന്റെ ഷൂട്ടിംഗ് തീരുന്നതിനനുസരിച്ചാണ് സുകുമാരൻ വന്നിരുന്നത്. അങ്ങനെ സുകുമാരൻ വരാൻ വൈകുന്നതിനാൽ ഷൂട്ടിംഗ് മുടങ്ങും എന്ന ഒരു ഘട്ടത്തിലാണ് സുകുമാരന്റെ വേഷം മാടമ്പ് തന്നെ അഭിനയിക്കട്ടെ എന്ന് തീരുമാനിച്ചത്. അങ്ങനെയാണ് അദ്ദേഹം ആ സിനിമയിൽ നായകനാകുന്നത്. അങ്ങനെ വളരെ ചെറുപ്പത്തിൽ അവതരിപ്പിച്ച ആ നായകനെ ഇന്നത്തെ തലമുറയ്ക്ക് അറിയില്ല. അവർ കാണുന്നത് ചെറിയ ചെറിയ കാരക്ടർ ചെയ്യുന്ന മാടമ്പിനെയായിരിക്കും.

അദ്ദേഹം സ്വഭാവത്തിലും രാഷ്ട്രീയത്തിലും വളരെ വ്യത്യസ്തനായിരുന്നു. ജീവിതത്തിൽ അദ്ദേഹത്തിന് തോന്നുന്നത് എവിടെയും വിളിച്ചുപറയും. നേരത്തെ അദ്ദേഹം യുവകലാസാഹിതിയിൽ പ്രവർത്തിച്ചിരുന്ന ആളാണ്. എന്നാൽ ഇപ്പോൾ തപസ്യയുടെ അധ്യക്ഷനായിരുന്നല്ലോ. ആരോടായാലും അദ്ദേഹത്തിന് ശരിയെന്ന് തോന്നുന്നത് വെട്ടിത്തുറന്ന് പറയാൻ മടിയില്ലാത്ത ആളായിരുന്നു മാടമ്പ്.

ദേവീ ഉപാസനയിൽ വളരെ നിഷ്ഠയുള്ളയാളായിരുന്നു അദ്ദേഹം. അതിൽ തന്നെ കൗള സമ്പ്രദായം ആചരിച്ചു പോരുന്ന ആളായിരുന്നു. കാളി ഉപാസകനായിരുന്നു. വർഷങ്ങളായി അതിൽ അടിയുറച്ച് വിശ്വസിച്ചുപോന്നയാളുമായിരുന്നു.



*ബംഗ്ലാദേശി സാഹിത്യകാരി തസ്‌ലിമ നസ്രീനോടൊപ്പം മാടമ്പ് കുഞ്ഞുകുട്ടൻ ഡൽഹി കേരള ഹൗസിനു മുന്നിലെ പ്രശസ്തമായ ആനപ്രതിമയ്ക്കു മുന്നിൽ.*

## തസ്‌ലിമയെ സ്വാഗതം ചെയ്ത തന്റേടം

**സ്വന്തം ലേഖകൻ**

അധികമാർക്കും പിടികൊടുക്കാത്ത കള്ളികളിലായിരുന്നു മാടമ്പ് കുഞ്ഞിക്കുട്ടന്റെ ജീവിതം. കൈവയ്ക്കാത്ത മേഖലകളില്ല. തേടാത്ത അറിവുകളുമില്ല. അഭിപ്രായങ്ങൾ തുറന്നു പറഞ്ഞു. സ്വയം വിശേഷിപ്പിച്ചിരുന്നത് ഹിന്ദു കമ്യൂണിസ്റ്റെന്ന്. എന്നാൽ, തെരഞ്ഞെടുപ്പിൽ അരങ്ങേറിയത് ബിജെപിക്കാരനായി.

ഗാന്ധിസത്തെയും കമ്യൂണിസത്തെയും ഹിന്ദുത്വത്തെയുമെല്ലാം ജീവിതത്തിൽ സമന്വയിപ്പിച്ചുവെന്നതായിരുന്നു മാടമ്പിന്റെ സവിശേഷത. എഴുത്തിന്റെ പേരിൽ സ്വന്തം രാജ്യത്തുനിന്നു പലായനം ചെയ്ത തസ്‌ലിമ നസ്റിനെ സ്വന്തം വീട്ടിലേക്കു സ്വാഗതം ചെയ്യാൻ ധൈര്യംകാട്ടി. ഡൽഹിയിൽ അവരുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ, തന്റെ ഭൂമിയിൽ പത്തു സെന്റ് അവർക്കു വീടുവയ്ക്കാൻ നൽകാമെന്നു പോലും വാഗ്ദാനം ചെയ്തു. ശങ്കരൻ നമ്പൂതിരി എന്ന പേരുപേക്ഷിച്ച് മുത്തശ്ശി വാത്സല്യത്തോടെ തന്നെ വിളിച്ചിരുന്ന കുഞ്ഞിക്കുട്ടൻ എന്ന പേര് സ്വീകരിച്ചത് മറ്റൊരു രാഷ്ട്രീയ നിലപാട്.

പ്രഥമിക സ്കൂൾ പഠനത്തിനു ശേഷം ശാന്തിക്കാരനായി ജീവിതം തുടങ്ങിയ അദ്ദേഹത്തിനു വിദ്യാഭ്യാസക്കുറവ് മികച്ച ജോലികൾക്കു തടസമായതോടെ റേഡിയോ റിപ്പയറിങ്ങിലേക്കു കടന്നു. സ്പ്രേ പെയിന്റിങ്ങിലും കൈവച്ചു. ആനകളോടുള്ള കമ്പം മൂലം പൂമുള്ളി ആറാംതമ്പുരാന്റെ പക്കൽനിന്നും ആനവൈദ്യത്തിൽ അവഗാഹം തേടി. ഇടയ്ക്കു തൃശൂർ ആകാശവാണിയിൽ റൈറ്ററായും ജോലി ചെയ്തു. പിന്നീടു ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടും ട്യൂട്ടോറിയൽ കോളെജും തുടങ്ങി. തന്ത്രവിദ്യയിൽ പരമ ഭട്ടാരക അനംഗാനന്ദ തീർത്ഥ പാദശ്രീയാണു ഗുരു.

കൊടുങ്ങല്ലൂരിൽ സമാന്തരമായി സംസ്കൃതം അധ്യാപകനായതിനു പിന്നാലെയാണ് എഴുത്തിലേക്കു കടന്നത്. വാർഷികാഘോഷങ്ങൾക്കു കളിക്കാനുള്ള നാടകങ്ങൾ ആദ്യമെഴുതി. അശ്വത്ഥാമാവ് ആണ് ആദ്യ നോവൽ. മഹാപ്രസ്ഥാനം എന്ന കൃതിക്ക് 1982ൽ സാഹിത്യ അക്കാഡമി പുരസ്കാരം നേടി. ഭ്രഷ്ട് എന്ന നോവൽ വലിയ വിവാദങ്ങൾക്കും വഴിവച്ചു. മഹാപ്രസ്ഥാനം, അവിഘ്നമസ്തു, ഭ്രഷ്ട്, എന്തരോ മഹാനുഭാവുലു, നിഷാദം, പാതാളം, ആര്യാവർത്തം, അമൃതസ്യ പുത്രഃ എന്നിവയും പുറത്തുവന്നു. സിനിമയിലും തന്റേതായ കൈയൊപ്പ് നേടി. ജയരാജ് സംവിധാനം ചെയ്ത കരുണം എന്ന ചിത്രത്തിന്റെ തിരക്കഥ രചിച്ചതിന് 2000ൽ മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ ചലച്ചിത്രപുരസ്കാരം.

അശ്വത്ഥാമാവ് സിനിമയായപ്പോൾ തിരക്കഥയെഴുതി നായകനായി അഭിനയിച്ചു. ആറാം തമ്പുരാൻ, ശ്യാമരാഗം, ആട്ടക്കഥ, ഓർമമാത്രം, പോത്തൻവാവ, ആനച്ചന്തം, വടക്കുംനാഥൻ, അഗ്നിനക്ഷത്രം, പരിണാമം, മാർഗം, ജീവൻമശായ്, ശാന്തം, കാറ്റുവന്നു വിളിച്ചപ്പോൾ, കരുണം, അഗ്നിസാക്ഷി, പുരുഷാർഥം, ജേർണി ടു വിസ്ഡം എന്നീ സിനിമകളിൽ വേഷമിട്ടു. ദേശാടനം, കുക്കിലിയാർ, ആനന്ദഭൈരവി, മകൾക്ക്, പരിണാമം, സഫലം, ഗൗരീശങ്കരം, ശാന്തം, കരുണം എന്നീ സിനിമകൾക്കു തിരക്കഥയൊരുക്കി. ഇതിനിടെ ഒരു ചാനലിൽ ഏറെ ജനപ്രിയത നേടിയ ആനകളെക്കുറിച്ചുള്ള പരമ്പരയ്ക്ക് അവതാരകനുമായി.





**വി.പി.എം. ഫൈസി വില്യാപ്പള്ളി**



പരിശുദ്ധ റംസാൻ നമ്മോട് വിടപറയുകയാണ്. അല്ലാഹു നമുക്ക് അനുഗ്രഹിച്ചേകിയ ഈ പുണ്യങ്ങളുടെ പൂക്കാലം വിട പറയുന്നതോടെ കഴിഞ്ഞ ഒരു മാസക്കാലമായി നാം ആർജിച്ചെടുത്ത ആത്മീയ ഊർജം കൈവിടാതിരിക്കാൻ വിശ്വാസികൾ ജാഗ്രത കാണിക്കണം. അല്ലാഹുവിന്റെ അനുഗ്രഹങ്ങളോട് കടപ്പാടുണ്ടായിരിക്കണം. അത് റംസാനിൽ മാത്രമുണ്ടാകേണ്ടതല്ല. നാം ജീവിക്കുന്ന ഓരോ നിമിഷങ്ങളും അല്ലാഹുവിന്റെ അനുഗ്രങ്ങളാണെന്ന ബോധ്യം വിശ്വാസിയിൽ രൂഢമൂലമാകണം. അപ്പോഴാണ് വൈമനസ്യം കൂടാതെ ആരാധനകൾ നിർവഹിക്കാൻ കഴിയുക.

ഈ പ്രപഞ്ചം മുഴുവനും അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. നമുക്ക് ജീവിക്കാനുതകുന്ന ഭൂമിയെ അവൻ സൃഷ്ടിച്ചു. ഗർഭാശയത്തിൽ കിടന്നപ്പോഴും പുറത്ത് വന്നപ്പോഴും നമുക്ക് അന്നപാനീയങ്ങൾ തരാൻ പലതരം മാർഗങ്ങൾ പടച്ചുവെച്ചു. ശരീരത്തിലെ ഓരോ അവയവങ്ങളും അതിന്റെ പ്രവർത്തനങ്ങളും മഹത്തായ അനുഗ്രഹങ്ങളാണ്. എല്ലാ അനുഗ്രഹങ്ങളെയും നാം ഓർക്കണം. അത് തന്നതിന് റബ്ബിനോട് നാം നന്ദിയുള്ളവരാകണം. അനുഗ്രഹം ചെയ്തവന് നന്ദി ചെയ്യൽ നിർബന്ധമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ എണ്ണിത്തീർക്കാനോ അതിന് നന്ദി ചെയ്ത് അല്ലാഹുവിനോടുള്ള ബാധ്യത വീട്ടാനോ നമുക്കാകില്ല. നമ്മൾ ചിന്തിക്കുന്നതിനും അപ്പുറത്താണ് അല്ലാഹു നമുക്ക് ചെയ്ത അനുഗ്രഹങ്ങളുള്ളത്. നമുക്ക് ലഭിക്കുന്ന ശുദ്ധജലത്തെ കുറിച്ചൊന്ന് ഓർത്ത് നോക്കൂ. ദിവസവും നമ്മുടെ കിണറുകളിൽ നിന്ന് ലിറ്റർ കണക്കിന് വെള്ളമാണ് നാം ഉപയോഗിക്കുന്നത്. അതിന് ഒരു തുകയും നാം നൽകേണ്ടി വരുന്നില്ല. ലിറ്ററിന് 10 രൂപ കണക്കാക്കിയാൽ തന്നെ 1000 ലിറ്റർ വെള്ളത്തിന് 10,000 രൂപ നൽകേണ്ടി വരുന്നു. മിക്ക വീടുകളിലും ചുരുങ്ങിയത് ആയിരം ലിറ്റർ വെള്ളം ഉപയോഗിക്കുന്നുണ്ടാകും. വെള്ളത്തിന് മാത്രമായി ഇത്രയും വലിയൊരു തുക ചെലവഴിക്കേണ്ടി വന്നാൽ അത് വലിയ ദുരിതമായിരിക്കും വരുത്തിവയ്ക്കുക. നാം ശ്വസിക്കുന്ന വായു അല്ലാഹു സൗജന്യമായല്ലേ നൽകുന്നത്. ഓക്സിജന്റെ വിലയുമായി അതൊന്ന് തുലനം ചെയ്ത് നോക്കൂ. മൂന്ന് ലിറ്ററിന്റെ എയർ ബോട്ടിലിന് ഏകദേശം 2,500 രൂപയാണ് വില. അതുപയോഗച്ച് ഒറ്റത്തവണ ശ്വസിക്കാൻ 12.50 രൂപ ചെലവ് വരുമെന്നാണ് കണക്ക്. അപ്പോൾ ഉറക്കത്തിൽ പോലും നടക്കുന്ന ഈ ശ്വസന പ്രക്രിയക്ക് എത്ര കോടി രൂപയാണ് നാം ചെലവിടേണ്ടി വരിക.

നമ്മുടെ ശരീരത്തിൽ രക്തം ശുദ്ധീകരിക്കുന്ന കിഡ്നിയുടെ പ്രവർത്തനത്തെ കുറിച്ചൊന്ന് ഓർത്തു നോക്കൂ. കിഡ്നിയുടെ പ്രവർത്തനം നിലച്ച് ഡയാലിസിസ് ചെയ്യുന്നവരോട് ചോദിച്ചാലറിയാം അതിന്റെ പ്രവർത്തന മൂല്യം എത്രയാണെന്ന്. ഇങ്ങനെ ശരീരത്തിലെ ഓരോ അവയവത്തിന്റെയും മൂല്യമെടുത്ത് നോക്കിയാൽ അതെല്ലാം അമൂല്യമാണെന്ന് നമുക്ക് ബോധ്യപ്പെടും.

എവിടെ പോയാലും ശ്വസിക്കാൻ ഓക്സിജൻ അല്ലാഹു ഒരുക്കി വച്ചിട്ടുണ്ട്. കുടിക്കാൻ വെള്ളവും കഴിക്കാൻ ആഹാരവും അല്ലാഹു നമുക്ക് തരുന്നു. ഗർഭാശയത്തിന്റെ ഉള്ളിൽ നാം കഴിഞ്ഞ കാലത്ത് പോലും അല്ലാഹു നമ്മെ അന്നം തന്ന് സംരക്ഷിച്ചു. ശരീരത്തിലെ മാലിന്യങ്ങൾ വിസർജിക്കപ്പെടുന്നത് പോലും അനുഗ്രഹമാണ്. അത് നിലച്ചു പോയാൽ അറിയാം അതിന്റെ പ്രയാസം. അതുകൊണ്ടാണ് വിസർജ്യ ശേഷം അല്ലാഹുവിനെ സ്തുതിച്ചു കൊണ്ട് ദിക്റ് ചൊല്ലാൻ ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഒരിക്കൽ പരാധീനതകൾ പറഞ്ഞ് സങ്കടപ്പെട്ടിരിക്കുന്ന ഒരാളെ ഇബ്റാഹീമുബ്നു അദ്ഹം (റ) കണ്ടു. അല്ലാഹു നിനക്ക് അനുഗ്രഹങ്ങൾ ഒന്നും തന്നില്ലേ എന്ന് മഹാൻ അയാളോട് ചോദിച്ചു. ഇല്ല എന്നാണ് അയാൾ പ്രതികരിച്ചത്. എങ്കിൽ നിന്റെ രണ്ട് കണ്ണുകൾ എനിക്ക് തരാമോ ഞാൻ പതിനായിരം ദിർഹം തരാം, മഹാൻ ചോദിച്ചു. അയാൾ സമ്മതിച്ചില്ല. എങ്കിൽ ഒരു ലക്ഷം ദിർഹം തരാം നിന്റെ രണ്ട് കാലുകൾ എനിക്ക് തരുമോ, അയാൾ അതും സമ്മതിച്ചില്ല. പിന്നെ ഓരോ അവയവങ്ങൾക്ക് വിലയിട്ട് അയാളോട് സംസാരിച്ചു. അതൊന്നും അയാൾ സമ്മതിച്ചില്ല. പിന്നീട് അയാൾക്ക് ഒരു ഗുണപാഠവും നൽകി. നീ പറയുന്നത് നിനക്ക് അല്ലാഹു അനുഗ്രഹങ്ങൾ ഒന്നും തന്നില്ല എന്നാണ്. പക്ഷേ, നിന്റെ ശരീരത്തിലെ അവയവങ്ങൾ തന്നെ വിലമതിക്കാനാകാത്തതാണെന്ന് ഇപ്പോൾ മനസിലായില്ലേ.

ഖലീഫ ഹാറൂൻ റശീദിനോട് മഹാനായ ഇബ്നു സമ്മാക്ക് ചോദിച്ചു. പണം നൽകിയാലേ നിങ്ങൾക്ക് ഒരു കപ്പ് വെള്ളം കിട്ടുവെങ്കിൽ നിങ്ങൾ ഒരു കപ്പ് വെള്ളത്തിന് എത്ര കാശ് കൊടുക്കും. ഞാൻ എന്റെ രാജ്യം മുഴുവൻ കൊടുത്തിട്ടായാലും ആ ഒരു കപ്പ് വെള്ളം വാങ്ങിയിരിക്കും. ഓഹോ എങ്കിൽ നിങ്ങൾ കുടിച്ച ആ വെള്ളം വയറിനുള്ളിൽ കെട്ടിക്കിടന്നാൽ അത് പുറത്തെടുക്കാൻ നിങ്ങൾ എത്ര പണം മുടക്കും. എന്റെ രാജ്യം മുഴുവൻ വിറ്റിട്ടാണെങ്കിലും ഞാൻ അതിന് ചികിത്സ തേടും.. ഹാറൂൻ റശീദ് പറഞ്ഞു. നോക്കൂ, നമ്മുക്ക് നാഥനായ അല്ലാഹു തന്ന അനുഗ്രഹങ്ങളുടെ വില!

പരിശുദ്ധ റമസാൻ തന്നെ വലിയൊരനുഗ്രഹമാണ്. ദോശങ്ങൾ പൊറുക്കപ്പെടുന്നതിനും സ്വർഗപ്രവേശത്തിനും നരകമോചനത്തിനും ഈ മാസം നിമിത്തമാകുന്നു. ചെയ്യുന്ന സത്കർമങ്ങൾക്കൊക്കെ വലിയ പ്രതിഫലം നൽകപ്പെടുന്നു. ഈ മാസത്തിൽ നാം നേടിയെടുത്ത ആത്മ സംസ്കരണം വരുന്ന പതിനൊന്ന് മാസത്തേക്കും കരുതിവയ്ക്കണം. ശാന്തിയും സാമാധാനവും ക്ഷമയും ത്യാഗ മനസും ജീവിത നിഷ്ഠയാക്കണം. ആരാധനകളിലും മറ്റ് സത്കർമങ്ങളിലും കൈക്കൊണ്ട കാർക്കശ്യം കൈവിടരുത്. അപ്പോഴാണ് റമസാനെന്ന മഹത്തായ അനുഗ്രഹത്തിന് നന്ദി കാണിച്ച അടിമയായി മാറാൻ നമുക്ക് സാധിക്കുകയുള്ളൂ. അല്ലാഹു തൗഫീഖ് നൽകട്ടെ.

# ഒഴുകിനടക്കുന്നത് 71 മൃതദേഹങ്ങൾ, എറിയുന്ന ദൃശ്യം പുറത്ത്



പറ്റ്ന: ബിഹാറിലെ ബക്സറിൽ ഗംഗാനദിയിൽ കണ്ടെത്തിയ മൃതദേഹങ്ങളുടെ എണ്ണം 71 ആയി. ബക്സറിലെ ചൗസയിൽ മഹാദേവ് ഘട്ടിലാണു മൃതദേഹങ്ങൾ ഒഴുകിനടക്കുന്നത് കണ്ടെത്തിയത്. തുടർന്ന് അധികൃതർ ഇവ നദിയിൽ നിന്നു നീക്കി സംസ്കരിക്കാനുള്ള തയാറെടുപ്പിലാണ്.

അതിനിടെ, ഒരു പാലത്തിൽ നിന്ന് ആംബുലൻസ് ഡ്രൈവർമാർ മൃതദേഹങ്ങൾ നദിയിലേക്കു വലിച്ചെറിയുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. ബിഹാർ- യുപി അതിർത്തിയോടു ചേർന്ന സരണിലെ ജയപ്രഭാ സേതു പാലത്തിൽ നിന്നാണ് ഇവ വലിച്ചെറിയുന്നതെന്നു ബിഹാറിലെ ബിജെപി എംപി ജനാർദൻ സിങ് സിഗ്രിവാൾ പറഞ്ഞു. കൊവിഡ് 19 ബാധിച്ചു മരണമടഞ്ഞവരുടേതാണ് മൃതദേഹങ്ങൾ. യുപിയിലും ബിഹാറിലുമുള്ള ഡ്രൈവർമാരാണ് ഇങ്ങനെ ചെയ്തതെന്നും ഇനിയിത് ആവർത്തിക്കാതിരിക്കാൻ സരൺ ജില്ലാ അധികൃതർ നടപടിയെടുക്കണമെന്നും സിഗ്രിവാൾ.

ബക്സറിലെ മഹാദേവ് ഘട്ടിനോടു ചേർന്ന ശ്മശാനത്തിനടുത്ത് തിങ്കളാഴ്ചയാണ് നാൽപ്പതോളം മൃതദേഹങ്ങൾ നദിയിൽ ഒഴുകിനടക്കുന്നത് കണ്ടത്. തുടർന്ന് നടത്തിയ തെരച്ചിലിൽ ഇന്നലെ കൂടുതൽ മൃതശരീരങ്ങൾ കണ്ടെത്തി. അഞ്ചു ദിവസം വരെ പഴക്കമുള്ളവയാണ് മൃതദേങ്ങൾ. പലതും അഴുകിത്തുടങ്ങി. മൃതദേഹങ്ങൾ നദിയിൽ നിന്നെടുത്തു പോസ്റ്റ് മോർട്ടം നടത്തിയെന്നും ഡിഎൻഎ പരിശോധനയിലൂടെ അവകാശികളെ കണ്ടെത്താനുള്ള ശ്രമത്തിലാണെന്നും ബക്സർ ജില്ലാ അധികൃതർ. ഉത്തർപ്രദേശിലെ ഹാമിർപുരിൽ യമുനാനദിയിലും മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു.

സൗകര്യമില്ലാത്തതിനാലോ പണമില്ലാത്തതിനാലോ ആർക്കും സംസ്കാരത്തിനു ബുദ്ധിമുട്ട് നേരിട്ടിട്ടില്ലെന്നു ബക്സർ ജില്ലാ അധികൃതർ. ശ്മശാനങ്ങളിൽ ദിവസം ആറു മുതൽ എട്ടു വരെ മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള സൗകര്യമുണ്ട്. ആവശ്യത്തിനു വിറകും ശേഖരിച്ചിട്ടുണ്ട്. പണമില്ലാത്തതിന്റെ പേരിൽ സംസ്കാരം നിഷേധിക്കരുതെന്ന നിർദേശവും നൽകിയിട്ടുണ്ട്. പണവും സൗകര്യവുമില്ലാത്തതിന്റെ പേരിലാണ് മൃതദേഹം നദിയിലുപേക്ഷിക്കുന്നതെന്ന പ്രചാരണം വസ്തുതാ വിരുദ്ധമെന്നു ബക്സർ ജില്ലാ കലക്റ്റർ അമൻ സമീർ പറഞ്ഞു. ആളുകൾ ചില വിശ്വാസങ്ങളുടേ പേരിൽ മൃതദേഹം ഉപേക്ഷിക്കുന്നുണ്ടെന്നും അവരെ പിന്തിരിപ്പിക്കാൻ ബോധവത്കരണം നടത്തുമെന്നും അധികൃതർ.

# കുത്തിവയ്പ്പിന് വേഗം പോരാ; ഹേർഡ് ഇമ്യൂണിറ്റിക്ക് മൂന്നര വർഷം!



ന്യൂഡൽഹി: ഇപ്പോഴത്തെ നിരക്കിലാണു കൊവിഡ് 19 പ്രതിരോധ കുത്തിവയ്പ്പ് മുന്നോട്ടുപോകുന്നതെങ്കിൽ രാജ്യം ഹേർഡ് ഇമ്യൂണിറ്റിക്കു യോഗ്യമാകാൻ വേണ്ടിവരിക മൂന്നര വർഷം. 135 കോടി വരുന്ന ജനതയുടെ 70 ശതമാനത്തിനെങ്കിലും പ്രതിരോധ കുത്തിവയ്പ്പ് നൽകിയാൽ മാത്രമേ സമൂഹ പ്രതിരോധം അഥവാ ഹേർഡ് ഇമ്യൂണിറ്റി സ്വന്തമാക്കാനാകൂ.

പ്രതിരോധ കുത്തിവയ്പ്പ് ആരംഭിച്ച് 100 ദിവസം പിന്നിടുമ്പോഴും ഈ രംഗത്ത് വേണ്ടത്ര മുന്നേറാൻ ഇന്ത്യയ്ക്കായിട്ടില്ല. വരും ദിവസങ്ങളിൽ കുത്തിവയ്പ്പിന്റെ നിരക്ക് വൻതോതിൽ ഉയർത്തുകയും കൂടുതൽ വാക്സിനുകൾ ഉൾപ്പെടുത്തുകയും ചെയ്താലേ മാറ്റമുണ്ടാകാനാകൂ എന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ, 135 കോടി പേർക്കും വാക്സിൻ ഉറപ്പാക്കുകയെന്ന ചർച്ച ഇപ്പോഴും ഉയർന്നിട്ടുമില്ല.

എഴുപതു ശതമാനമെന്നാൽ 94.5 കോടി പേർക്ക് കുത്തിവയ്പ്പ് നൽകേണ്ടി വരും. ഇത്രയും പേർക്ക് രണ്ടു ഡോസ് വാക്സിൻ (കൊവിഷീൽഡോ കൊവാക്സിനോ) എന്നാൽ 189 കോടി ഡോസ് വേണ്ടിവരും. രാജ്യത്ത് പ്രതിരോധ കുത്തിവയ്പ്പ് തുടങ്ങി 115 ദിവസമാകുമ്പോൾ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണ പ്രദേശങ്ങൾക്കുമായി നൽകാനായത് 19 കോടി ഡോസ് വാക്സിൻ മാത്രമാണ്. അഥവാ പ്രതിദിനം 15 ലക്ഷം / മാസം 4.5 കോടി ഡോസ് വാക്സിൻ. ഇതേ നിരക്കിൽ വിതരണം തുടർന്നാൽ 12 മാസം കൊണ്ട് 54 കോടി ഡോസ് വാക്സിൻ മാത്രമേ നൽകാനാകൂ.

അതേസമയം, വരുംദിവസങ്ങളിൽ വാക്സിൻ ഉത്പാദനം വർധിപ്പിക്കുമെന്നു കേന്ദ്ര സർക്കാർ വിശദീകരിക്കുന്നുണ്ട്. ജൂൺ ആദ്യവാരത്തോടെ റഷ്യൻ വാക്സിൻ സ്പുട്നിക്കും വിതരണത്തിനെത്തിയേക്കുമെന്നാണു പ്രതീക്ഷ. സൈഡസ് കാഡില്ലയുടെ സൈകൊവ്ഡി പോലുള്ള വാക്സിനുകളും വരും മാസങ്ങളിലെത്തിയേക്കുമെന്നു കരുതുന്നു.

## തെലങ്കാനയിലും ലോക്ഡൗൺ

ഹൈദരാബാദ്: കൊവിഡ് രണ്ടാം തരംഗത്തെ പ്രതിരോധിക്കാൻ തെലങ്കാനയും ലോക്ഡൗൺ പ്രഖ്യാപിച്ചു. ഇന്നു മുതൽ പത്തു ദിവസത്തേക്കാണ് അടച്ചുപൂട്ടൽ. ഇതോടെ ദക്ഷിണേന്ത്യ മുഴുവൻ അടച്ചുപൂട്ടലിലായി. രാവിലെ ആറു മുതൽ പത്തുവരെ ഇളവുകളോടെയാണ് ലോക്ഡൗൺ.

## കശ്മീരിൽ മൂന്നു ഭീകരരെ വധിച്ചു

ശ്രീനഗർ: ജമ്മു കശ്മീരിലെ അനന്തനാഗ് ജില്ലയിൽ രക്ഷാസേനയുമായി ഏറ്റുമുട്ടിയ മൂന്നു ലഷ്കർ ഭീകരർ കൊല്ലപ്പെട്ടു. വൈലൂ മേഖലയിൽ തെരച്ചിലിനിറങ്ങിയ രക്ഷാസേനാ സംഘവുമായി ഭീകരർ ഏറ്റുമുട്ടുകയായിരുന്നു. കീഴടങ്ങാനുള്ള നിർദേശം ലംഘിച്ച് അവർ നിറയൊഴിക്കാൻ തുടങ്ങിയപ്പോഴാണ് തിരിച്ചു വെടിവച്ചതെന്ന് പൊലീസ്. പരസ്പരമുള്ള വെടിവയ്പ്പിനിടയിൽ കുടുങ്ങിപ്പോയ ജനങ്ങളെ സേന രക്ഷിച്ചുവെന്നും പൊലീസ് അറിയിച്ചു. ജനങ്ങളെ സംഭവസ്ഥലത്തുനിന്നു മാറ്റാൻ വേണ്ടി കുറച്ചു നേരം സേനയുടെ പ്രത്യാക്രമണം നിർത്തിവയ്ക്കേണ്ടിവന്നു.

മൂന്നു ഭീകരരുടെയും മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇല്യാസ് അഹമ്മദ് ദാർ, ഉബൈദ് ഷാഫി, അകിബ് അഹമ്മദ് ലോൺ എന്നിവരാണു കൊല്ലപ്പെട്ടത്. രക്ഷാസേനയെ ആക്രമിച്ചതടക്കം ഭീകരാക്രമണങ്ങളിൽ പങ്കാളികളായിരുന്നു ഇവരെന്നും പൊലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു.

## നേപ്പാൾ: പുതിയ സർക്കാരിനു നീക്കം തുടങ്ങി

കാഠ്മണ്ഡു: നേപ്പാളിൽ പ്രധാനമന്ത്രി കെ.പി. ശർമ ഒലി പാർലമെന്റിലെ വിശ്വാസ പ്രമേയ വോട്ടെടുപ്പിൽ പരാജയപ്പെട്ടതോടെ പുതിയ സർക്കാരിനുള്ള നീക്കങ്ങൾ പ്രസിഡന്റ് ബിദ്യ ദേവി ഭണ്ഡാരി ആരംഭിച്ചു. വ്യാഴാഴ്ച രാത്രി ഒമ്പതു മണിക്കകം പുതിയ സർക്കാരിന് അവകാശവാദമുന്നയിക്കാൻ രാഷ്ട്രീയ കക്ഷികളോട് ഭണ്ഡാരി ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷ സർക്കാർ ഉണ്ടാക്കണമെങ്കിൽ പാർട്ടികൾ തമ്മിലുള്ള സഖ്യം അനിവാര്യമാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ. പ്രമുഖ കക്ഷികൾ ഇതിനുള്ള നീക്കത്തിലുമാണ്. പുതിയ സഖ്യകക്ഷി സർക്കാരുണ്ടാക്കുമെന്ന് മുഖ്യ പ്രതിപക്ഷമായ നേപ്പാളി കോൺഗ്രസ് പ്രഖ്യാപിച്ചിട്ടുണ്ട്.

ഭരണകക്ഷി സിപിഎന്നിലെ (മാവോയിസ്റ്റ് സെന്റർ) പുഷ്പകമൽ ദഹൽ 'പ്രചണ്ഡ' നയിക്കുന്ന വിഭാഗം പിന്തുണ പിൻവലിച്ചതോടെയാണ് ഒലി സർക്കാർ പ്രതിസന്ധിയിലായത്. പാർലമെന്റിന്റെ അധോസഭയിൽ ഒലിയുടെ വിശ്വാസ പ്രമേയത്തിന് അനുകൂലമായി 93 വോട്ടാണു ലഭിച്ചത്. 275 അംഗ സഭയിൽ നാല് അംഗങ്ങൾ ഇപ്പോൾ സസ്പെൻഷനിലാണ്. ഇതു കണക്കിലെടുത്താലും ചുരുങ്ങിയത് 136 വോട്ടെങ്കിലും ഒലിക്കു കിട്ടണമായിരുന്നു. 124 പേർ പ്രമേയത്തിന് എതിരായി വോട്ടു ചെയ്തു. 15 പേർ വിട്ടുനിന്നു. 232 പേരാണ് പ്രത്യേക സമ്മേളനത്തിൽ പങ്കെടുത്തത്.

# പുതിയ കേസുകൾ കുറഞ്ഞു; 3.29 ലക്ഷം

● രണ്ടാം തരംഗത്തിന്റെ മൂർധന്യാവസ്ഥ പിന്നിട്ടെന്നു പ്രാഥമിക നിഗമനം

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് പ്രതിദിന രോഗബാധയിൽ ആശ്വാസക്കണക്ക്. അവസാന 24 മണിക്കൂറിൽ സ്ഥിരീകരിച്ചത് 3.29 ലക്ഷം പുതിയ കേസുകൾ. രണ്ടു മാസത്തോളമായി ദിവസവും ഉയർന്നുവന്ന സജീവ കേസുകളിലും കുറവ്. കേന്ദ്ര ആരോഗ്യ മന്ത്രാലയം ഇന്നലെ പുറത്തുവിട്ട കണക്കിൽ 37.15 ലക്ഷം പേരാണ് കൊവിഡ് ബാധിതരായി ചികിത്സയിലുള്ളത്. കഴിഞ്ഞ ദിവസം 37.45 ലക്ഷം പേരായിരുന്നു. അവസാന ദിവസം പുതിയ രോഗബാധിതരെക്കാൾ കൂടുതൽ പേർ രോഗമുക്തരായി ആശുപത്രി വിട്ടു. 3,876 പേർ കൂടി മരിച്ചതോടെ ഇതുവരെയുള്ള മരണസംഖ്യ 2,49,992 ആയിട്ടുണ്ട്.

അവസാന ദിവസം 3,29,942 പേർക്കാണ് രോഗം സ്ഥിരീകരിച്ചതെന്ന് ആരോഗ്യ മന്ത്രാലയം. 18.50 ലക്ഷത്തിലേറെ സാംപിളുകൾ പരിശോധിച്ചപ്പോഴാണിത്. കഴിഞ്ഞ ദിവസം 14.74 ലക്ഷത്തിലേറെ സാംപിളുകൾ പരിശോധിച്ചപ്പോൾ പുതിയ കേസുകൾ 3.66 ലക്ഷമായിരുന്നു. തുടർച്ചയായി നാലു ദിവസം നാലു ലക്ഷത്തിലേറെ പുതിയ രോഗബാധിതരെ കണ്ടെത്തിയ ശേഷമാണ് കേസുകളുടെ പ്രതിദിന കണക്ക് താഴേക്കു നീങ്ങാൻ തുടങ്ങിയത്. രാജ്യത്ത് ഇതുവരെ രോഗം ബാധിച്ചവർ 2.30 കോടിക്ക് അടുത്താണ്. ഇതിൽ 1.90 കോടിയിലേറെ പേർ രോഗമുക്തരായിട്ടുണ്ട്.

പ്രതിദിന മരണസംഖ്യയിൽ കർണാടക മഹാരാഷ്ട്രയ്ക്കു മുകളിലായി. അവസാന ദിവസം കർണാടകയിൽ രേഖപ്പെടുത്തിയത് 596 പേരുടെ മരണമാണ്. മഹാരാഷ്ട്രയിൽ 549. ഡൽഹിയിൽ 319 പേരും ഉത്തർപ്രദേശിൽ 278 പേരും തമിഴ്നാട്ടിൽ 232 പേരും കൂടി കൊവിഡ് ബാധിച്ചു മരിച്ചു. പഞ്ചാബിൽ 198, ഛത്തിസ്ഗഡിൽ 172, ഉത്തരഖണ്ഡിൽ 168, ഹരിയാനയിൽ 161, രാജസ്ഥാനിൽ 160, പശ്ചിമ ബംഗാളിൽ 134, ഝാർഖണ്ഡിൽ 129, ഗുജറാത്തിൽ 117 എന്നിങ്ങനെയാണ് അവസാന ദിവസത്തെ മരണസംഖ്യ.

മഹാരാഷ്ട്രയിലെ ഇതുവരെയുള്ള കൊവിഡ് മരണം 76,398. ഡൽഹിയിൽ 19,663, കർണാടകയിൽ 19,372, തമിഴ്നാട്ടിൽ 15,880, ഉത്തർപ്രദേശിൽ 15,742, പശ്ചിമ ബംഗാളിൽ 12,461 എന്നിങ്ങനെയാണ് വിവിധ സംസ്ഥാനങ്ങളിലെ ഇതുവരെയുള്ള മരണം.

രണ്ടാം തരംഗത്തിന്റെ ഏറ്റവും ശക്തമായ ആക്രമണഘട്ടം പിന്നിടുന്നതായാണ് ആരോഗ്യ മന്ത്രാലയത്തിന്റെ വിലയിരുത്തൽ. മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഡൽഹി, ഛത്തിസ്ഗഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രോഗവ്യാപനം കുറയുന്നുണ്ട്. എന്നാൽ, കേരളം, കർണാടക, തമിഴ്നാട്, പശ്ചിമ ബംഗാൾ, പഞ്ചാബ് സംസ്ഥാനങ്ങളിൽ ആശ്വസിക്കാറായിട്ടില്ലെന്നാണ് മന്ത്രാലയം ചൂണ്ടിക്കാണിക്കുന്നത്. 26 സംസ്ഥാന/ കേന്ദ്രഭരണ പ്രദേശങ്ങളിൽ 15 ശതമാനത്തിലേറെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഇപ്പോഴുമുണ്ട്. 13 സംസ്ഥാനങ്ങളിൽ ഒരു ലക്ഷത്തിലേറെ ആക്റ്റിവ് കേസുകളുമുണ്ട്- മന്ത്രാലയം പറയുന്നു.

## ചൈനയിലെ ജനസംഖ്യാ വർധന ഏറ്റവും കുറഞ്ഞ തോതിൽ

ബീജിങ്: ഏറ്റവും മന്ദഗതിയിലുള്ള ജനസംഖ്യാ വർധനയാണ് ചൈനയിൽ ഇപ്പോഴെന്ന് ഔദ്യോഗിക കണക്കുകൾ. പ്രതിവർഷ ജനസംഖ്യാ വളർച്ചാ നിരക്ക് 0.53 ശതമാനം മാത്രം. 1982ലെ സെൻസസ് സർവെയിൽ 2.1 ശതമാനമായിരുന്ന ജനസംഖ്യാ വളർച്ച പിന്നീട് കുറഞ്ഞുവരികയാണ്. കഴിഞ്ഞ വർഷം നടത്തിയ സെൻസസിന്റെ റിപ്പോർട്ടിലാണ് ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് കാണിക്കുന്നത്.

ലോകത്ത് ഏറ്റവുമധികം ജനങ്ങളുടെ രാജ്യമാണു ചൈന. പുതിയ കണക്കുപ്രകാരം 141 കോടി ജനങ്ങളാണ് രാജ്യത്തുള്ളത്.

വരും വർഷങ്ങളിൽ ചൈനയിലെ ജനസംഖ്യാ വളർച്ച നെഗറ്റീവായേക്കാമെന്നും നിഗമനം. തൊഴിലാളി ക്ഷാമവും ഉപഭോഗത്തിലെ കുറവും ഇതുമൂലം ഉണ്ടായേക്കാം. 60 വയസിൽ കൂടുതൽ പ്രായമുള്ളവർ വർധിച്ചുവരികയാണ്.

2019ൽ 136 കോടിയിലെത്തിയ ഇന്ത്യൻ ജനസംഖ്യ 2027ഓടെ ചൈനയെ മറികടക്കുമെന്നും നിഗമനങ്ങളുണ്ട്.

## റഷ്യയിലെ സ്കൂളിൽ വെടിവയ്പ്പ്; 7 കുട്ടികളും ടീച്ചറും കൊല്ലപ്പെട്ടു

മോസ്കോ: റഷ്യൻ നഗരം കസാനിൽ തോക്ക് ധാരിയായ ഒരക്രമി നടത്തിയ ആക്രമണത്തിൽ ഏഴു കുട്ടികളും ടീച്ചറും കൊല്ലപ്പെട്ടു.

21 പേർക്കു പരുക്കേറ്റിട്ടുണ്ട്. അക്രമി നിറയൊഴിക്കുമ്പോൾ കുറെ കുട്ടികൾ ഓടിരക്ഷപെട്ടു. അകത്തു കുടുങ്ങിയവരാണ് വെടിയേറ്റു മരിച്ചത്. എട്ടാം ക്ലാസിൽ പഠിക്കുന്ന നാല് ആൺകുട്ടികളും മൂന്നു പെൺകുട്ടികളും മരിച്ചവരിൽ ഉൾപ്പെടുന്നു. പത്തൊമ്പതുകാരനായ അക്രമിയെ അറസ്റ്റു ചെയ്തിട്ടുണ്ട്. ആശുപത്രിയിലുള്ള 18 കുട്ടികളിൽ ആറു പേർ ഐസിയുവിലാണ്.

## ദേശ്മുഖിനെതിരേ ഇഡിയുടെ കള്ളപ്പണക്കേസും

ന്യൂഡൽഹി: മഹാരാഷ്ട്ര മുൻ ആഭ്യന്തര മന്ത്രി അനിൽ ദേശ്മുഖിനെതിരേ എൻഫോഴ്സ്മെന്റ് ഡയറക്റ്ററേറ്റ് കള്ളപ്പണം വെളുപ്പിച്ചതിന് ക്രിമിനൽ കേസെടുത്തു. അടുത്തിടെ സിബിഐ സമർപ്പിച്ച എഫ്ഐആർ പഠിച്ച ശേഷമാണ് കേസ് രജിസ്റ്റർ ചെയ്തതെന്ന് ഇഡി അധികൃതർ. ദേശ്മുഖിനെ കേന്ദ്ര അന്വേഷണ ഏജൻസി ചോദ്യം ചെയ്യാൻ വിളിപ്പിച്ചേക്കാം.

പ്രാഥമിക അന്വേഷണം നടത്തിയ ശേഷമാണ് സിബിഐ ദേശ്മുഖിനെതിരേ കേസ് ഫയൽ ചെയ്തിരുന്നത്. ബോംബെ ഹൈക്കോടതിയുടെ ഉത്തരവു പ്രകാരമായിരുന്നു സിബിഐ നടപടികൾ. മുംബൈ മുൻ പൊലീസ് കമ്മിഷണർ പരം ബീർ സിങ് ഉന്നയിച്ച അഴിമതി ആരോപണത്തിന്മേലാണ് ബോംബെ ഹൈക്കോടതി അന്വേഷണത്തിന് ഉത്തരവിട്ടത്.

മുംബൈയിലെ ബാറുകളിൽ നിന്നും മറ്റും പണം പിരിക്കാൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ ദേശ്മുഖ് പൊലീസ് ഉദ്യോഗസ്ഥരോടു നിർദേശിച്ചിരുന്നുവെന്നാണ് പരം ബീർ ആരോപിക്കുന്നത്. മുകേഷ് അംബാനിയുടെ വീടിനു സമീപം സ്ഫോടക വസ്തുക്കൾ നിറച്ച കാർ കണ്ടെത്തിയ സംഭവത്തെത്തുടർന്നായിരുന്നു പരം ബീറിനെ കമ്മിഷണർ സ്ഥാനത്തുനിന്നു ഹോം ഗാർഡ്സിലേക്കു മാറ്റിയത്. ഇതിനു പിന്നാലെ ദേശ്മുഖിനെതിരേ ആരോപണവുമായി അദ്ദേഹം രംഗത്തുവരികയായിരുന്നു. ഇതേത്തുടർന്ന് ദേശ്മുഖ് മന്ത്രിസ്ഥാനം രാജിവച്ചു. കാർ കണ്ടെത്തിയ കേസിൽ അറസ്റ്റിലായ പൊലീസ് ഉദ്യോഗസ്ഥൻ സച്ചിൻ വാസെയോട് എല്ലാ മാസവും 100 കോടി രൂപ പിരിക്കാൻ ദേശ്മുഖ് ആവശ്യപ്പെട്ടിരുന്നുവെന്നാണ് പരം ബീർ ആരോപിച്ചത്. ദേശ്മുഖിനെതിരായ കേസ് രാഷ്ട്രീയപ്രേരിതമാണെന്ന് മഹാരാഷ്ട്രയിലെ ഭരണമുന്നണി ആരോപിച്ചു.

## ദുഷ്പേര് കേൾപ്പിക്കരുത്; മന്ത്രിമാരോടു സ്റ്റാലിൻ



ചെന്നൈ: വിവാദങ്ങൾക്ക് വഴിയുണ്ടാക്കരുതെന്നും ദുഷ്പേരു കേൾപ്പിച്ചാൽ മന്ത്രിസഭയിൽ നിന്ന് പുറത്താക്കുമെന്നും പുതിയ മന്ത്രിമാരോട് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. ഡിഎംകെ മന്ത്രിസഭയുടെ ആദ്യ യോഗത്തിലാണു സ്റ്റാലിൻ നിലപാട് വ്യക്തമാക്കിയത്.

പത്ത് വർഷം പ്രതിപക്ഷത്തിരുന്നത് ഓർക്കണം. അഴിമതി രഹിത ഭരണത്തിലൂടെ ജനങ്ങളെ ഒപ്പം നിർത്താനാണു ശ്രമിക്കേണ്ടത്. ഡിഎംകെയ്ക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. മന്ത്രിയാകാൻ നിങ്ങൾ കുറച്ചുപേർക്ക് അവസരം കിട്ടിയപ്പോൾ അതിനർഹതയും ആഗ്രഹവുമുള്ള നിരവധി പേർ പുറത്തു നിൽക്കുന്നുണ്ടെന്നു മറക്കരുത്. പത്ത് വർഷം കഴിഞ്ഞാണ് നമ്മൾ അധികാരത്തിലെത്തിയത്. വാഗ്ദാനം ചെയ്ത വികസനം നമ്മൾ ജനങ്ങൾക്കായി നൽകേണ്ടതുണ്ട്. സ്വന്തം മണ്ഡലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പൊലീസിനെ നേരിട്ട് വിളിക്കാതെ ആഭ്യന്തര മന്ത്രിയെ വിവരമറിയിക്കുകയാണ് ചെയ്യേണ്ടത്.

അടുത്തിടെ ഡിഎംകെ പ്രവർത്തകർ അമ്മ ക്യാന്റീൻ അടിച്ചു തകർത്തത് പാർട്ടിക്കുണ്ടാക്കിയ മോശം പ്രതിച്ഛായയെക്കുറിച്ചോർക്കുക. അത്തരം സംഭവങ്ങൾ ഒരു കാരണവശാലും ആവർത്തിക്കരുത്. പെഴ്സണൽ സ്റ്റാഫിൽ ബന്ധു നിയമനം ഒഴിവാക്കണമെന്നും സ്റ്റാലിൻ.

## ഇസ്രയേൽ വ്യോമാക്രമണം: 24 പലസ്തീനികൾ കൊല്ലപ്പെട്ടു

ഗാസാ സിറ്റി: ഏതാനും ദിവസമായി തുടരുന്ന ഇസ്രയേൽ- പലസ്തീൻ സംഘർഷം കൂടുതൽ രൂക്ഷമായി. ചൊവ്വാഴ്ച പുലർച്ചെയുണ്ടായ ഇസ്രയേലിന്റെ പുതിയ വ്യോമാക്രമണങ്ങളിൽ ചുരുങ്ങിയത് 24 പലസ്തീനികൾ കൊല്ലപ്പെട്ടെന്നു റിപ്പോർട്ട്. ഹമാസ് ഫീൽഡ് കമാൻഡറുടെ താവളവും അതിർത്തിയിൽ തീവ്രവാദികൾ കുഴിച്ച രണ്ടു ടണലുകളും ലക്ഷ്യമിട്ടായിരുന്നു വ്യോമാക്രമണമെന്നും സൂചന. ഹമാസും മറ്റു സായുധ ഗ്രൂപ്പുകളും ഡസൻ കണക്കിന് റോക്കറ്റുകൾ ഇസ്രയേൽ ലക്ഷ്യമാക്കി തൊടുത്തുവെന്നും റിപ്പോർട്ടുകളുണ്ട്.

ഗാസയിലെ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടവരിൽ ഒമ്പതു കുട്ടികളും ഉൾപ്പെടുന്നു. കൊല്ലപ്പെട്ട 15 പേർ തീവ്രവാദികളാണെന്ന് ഇസ്രയേൽ സൈന്യം അവകാശപ്പെട്ടു. തീവ്രവാദികൾ 250ലേറെ റോക്കറ്റുകളാണ് ഇസ്രയേൽ ലക്ഷ്യമാക്കി തൊടുത്തതെന്നും ഇതിൽ ചിലത് കെട്ടിടങ്ങളിൽ പതിച്ച് ആറ് ഇസ്രേലി പൗരൻമാർക്കു പരുക്കേറ്റിട്ടുണ്ടെന്നും അവർ പറയുന്നു. മേഖലയിൽ സൈനിക സാന്നിധ്യം ശക്തമാക്കാനും ഇസ്രയേൽ പ്രതിരോധ മന്ത്രി ബെന്നി ഗാന്റ്സ് ഉത്തരവിട്ടിട്ടുണ്ട്.

ജറൂസലമിലെ അൽ- അഖ്സ മോസ്ക് കോംപൗണ്ടിൽ പലസ്തീനികളും ഇസ്രേലി രക്ഷാസേനയും തമ്മിലുണ്ടായ ഏറ്റുമുട്ടലുകൾക്കു പിന്നാലെയാണ് ഗാസയിലെ വ്യോമാക്രമണം. മോസ്കിനോടു ചേർന്നുള്ള പ്രദേശത്തെ പലസ്തീനികളെ കുടിയൊഴിപ്പിക്കുന്നതിനെതിരേ പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭമാണ് സംഘർഷം വർധിപ്പിച്ചതെന്നാണു പറയുന്നത്. എഴുനൂറിലേറെ പലസ്തീനികൾക്കു പരുക്കേറ്റിട്ടുണ്ട്. ഇവരിൽ അഞ്ഞൂറോളം പേർ ആശുപത്രികളിലാണ്. ഇസ്രയേലിനെതിരേ അറബ് രാജ്യങ്ങൾ ശക്തമായ പ്രതിഷേധവുമായി രംഗത്തുവന്നിട്ടുണ്ട്.

## അമിത് ഷായെ അറസ്റ്റ് ചെയ്ത കന്ദസ്വാമി തമിഴ്നാട് വിജിലൻസ് മേധാവി



ചെന്നൈ: സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസിൽ അമിത് ഷായെ അറസ്റ്റ് ചെയ്ത പി. കന്ദസ്വാമി ഐപിഎസിനെ ഡിജിപിയായി നിയമിച്ച് തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ തലവനായാണു മുഖം നോക്കാതെ നീതിനടപ്പാക്കുന്ന ഉദ്യോഗസ്ഥനെന്ന പേരുള്ള കന്ദസ്വാമിയുടെ നിയമനം. എസ്എൻസി ലാവലിൻ കേസിൽ പിണറായി വിജയനെതിരേയും അന്വേഷണം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥനാണു കന്ദസ്വാമി.

2010ലെ സൊഹ്റാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസിൽ അന്നു ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദിയുടെ വിശ്വസ്തനും സംസ്ഥാനത്തെ ആഭ്യന്തര സഹമന്ത്രിയുമായ അമിത് ഷായെ അറസ്റ്റ് ചെയ്യുമ്പോൾ സിബിഐ ഐജിയായിരുന്നു കന്ദസ്വാമി. പിന്നീട് ഈ കേസുകളിലെല്ലാം അമിത് ഷാ കുറ്റവിമുക്തനായി.

ഡിഎംകെ അധികാരത്തിലെത്തിയാൽ അണ്ണാ ഡിഎംകെ നേതാക്കളുടെ ഉൾപ്പെടെ അഴിമതി പുറത്തുകൊണ്ടുവന്ന് ശക്തമായ നടപടിയെടുക്കുമെന്ന് സ്റ്റാലിൻ മുൻപ് തന്നെ പ്രഖ്യാപിച്ചിരുന്നു. ഈ പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ആദ്യ സൂചനയാണ് കന്ദസ്വാമിയുടെ നിയമനമെന്നു കരുതുന്നു.

## രണ്ടാം ഡോസിന് മുൻഗണന നൽകണം: സംസ്ഥാനങ്ങളോടു കേന്ദ്രം




ന്യൂഡൽഹി: കൊവിഡ് പ്രതിരോധ വാക്സിൻ കുത്തിവയ്പ്പിൽ രണ്ടാം ഡോസിന് മുൻഗണന നൽകണമെന്ന് സംസ്ഥാനങ്ങളോടു കേന്ദ്ര സർക്കാർ. കേന്ദ്ര പൂളിൽ നിന്ന് അനുവദിക്കുന്ന വാക്സിന്റെ 70 ശതമാനമെങ്കിലും രണ്ടാം ഡോസ് എടുക്കാനുള്ളവർക്കായി നീക്കിവയ്ക്കണം. വാക്സിൻ വെയ്സ്റ്റാവുന്നത് പരമാവധി കുറയ്ക്കണമെന്നും ആരോഗ്യ മന്ത്രാലയം നിർദേശിച്ചു.

നിരവധി പേരാണ് രണ്ടാം ഡോസിനായി കാത്തിരിക്കുന്നത്. ആദ്യ ഡോസ് എടുത്തവർക്ക് യഥാസമയം രണ്ടാം ഡോസും നൽകേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക പരിഗണന വേണം- സംസ്ഥാന ഉദ്യോഗസ്ഥരുമായി കേന്ദ്ര ആരോഗ്യ സെക്രട്ടറി രാജേഷ് ഭൂഷനും കൊവിഡ് ടെക്നോളജി ആൻഡ് ഡാറ്റ മാനെജ്മെന്റ് ഉന്നതാധികാര സമിതി അധ്യക്ഷൻ ഡോ. ആർ.എസ്. ശർമയും നടത്തിയ അവലോകന യോഗത്തിൽ വ്യക്തമാക്കി.

എഴുപതു ശതമാനത്തിൽ കൂടുതൽ വാക്സിനും രണ്ടാം ഡോസിനായി മാറ്റിവയ്ക്കുന്നതിൽ സംസ്ഥാനങ്ങൾക്കു തീരുമാനമെടുക്കാം. ചുരുങ്ങിയത് 70 ശതമാനം എന്നതാണ് കേന്ദ്ര നിബന്ധന. മുൻഗണനാ ഗ്രൂപ്പുകളുടെ വാക്സിനേഷനിൽ ശ്രദ്ധ നൽകണമെന്നും കേന്ദ്രം നിർദേശിച്ചു.

# റാലികൾ നടത്തിയത് ബിജെപി മാത്രമല്ല; സോണിയയോടു നഡ്ഡ



ന്യൂഡൽഹി: കൊവിഡ് 19 വ്യാപനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ തെരഞ്ഞെടുപ്പു റാലികളെ കുറ്റപ്പെടുത്തുന്ന യുപിഎ അധ്യക്ഷ സോണിയ ഗാന്ധി കേരളത്തിൽ കോൺഗ്രസും വൻ റാലികൾ നടത്തിയെന്നു മറക്കരുതെന്ന് ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ. തെരഞ്ഞെടുപ്പു റാലികൾ കേരളത്തിൽ രോഗവ്യാപനം തീവ്രമാക്കുന്നതിനിടയാക്കിയിട്ടുണ്ട്. അവിടെ കോൺഗ്രസ് കൂറ്റൻ റാലികൾ നടത്തിയിരുന്നു. സർക്കാരിന്റെ കൊവിഡ് പ്രതിരോധ നടപടികളെ നിഷേധമനസോടെയാണ് കോൺഗ്രസ് കാണുന്നതെന്നും സോണിയയ്ക്കെഴുതിയ കത്തിൽ നഡ്ഡ ആരോപിച്ചു.

സർക്കാർ എന്തു ചെയ്താലും കുറ്റപ്പെടുത്തുകയെന്നതാണ് കോൺഗ്രസിന്റെ ശൈലി. ആദ്യം ലോക്ഡൗണിനെ എതിർത്തു. പിന്നെ ലോക്ഡൗൺ വേണമെന്നു പറഞ്ഞു. രണ്ടാംതരംഗത്തെക്കുറിച്ച് കേന്ദ്ര സർക്കാരിന്റെ മുന്നറിയിപ്പുകൾ ആദ്യം അവഗണിച്ച കോൺഗ്രസ് ഇപ്പോൾ ഞങ്ങൾക്ക് അതേക്കുറിച്ച് അറിയിപ്പ് കിട്ടിയില്ലെന്നു പറയുന്നു. രണ്ടാംതരംഗം തുടരുമ്പോഴും നിങ്ങളുടെ നേതാക്കൾ മാസ്ക് ധരിക്കാതെയും സാമൂഹിക അകലം പാലിക്കാതെയും രാഷ്ട്രീയ സമ്മേളനങ്ങളിൽ സജീവമായിരുന്നു. പുതിയ കാലത്ത് ഇതൊന്നും മറച്ചുവയ്ക്കാനാവില്ലെന്നും നഡ്ഡ ഓർമിപ്പിച്ചു. തിങ്കളാഴ്ച ചേർന്ന കോൺഗ്രസ് പ്രവർത്തക സമിതി യോഗത്തിൽ കേന്ദ്ര സർക്കാരിനെ സോണിയ രൂക്ഷമായി വിമർശിച്ചതിനുള്ള മറുപടിയായാണു നഡ്ഡയുടെ കത്ത്.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1196 മേടം 29, 1442 റമദാൻ 30
ബുധൻ 12 മേയ് 2021

# രാഷ്ട്രീയത്തിലെ ശക്തി ജ്വാല

ജനങ്ങളുടെ നന്മയാകണം ഏറ്റവും വലിയ രാഷ്ട്രീയ ലക്ഷ്യമെന്ന് വിശ്വസിക്കുകയും ആ വിശ്വാസം സാക്ഷാത്കരിക്കുന്നതിന് സ്വജീവിതം അഗ്നിപരീക്ഷയാക്കുകയും നേടിയതിനെക്കാളേറെ സങ്കടമേതുമില്ലാതെ നഷ്ടപ്പെടുത്തുകയും ചെയ്ത കെ.ആർ. ഗൗരിയമ്മ ചരിത്രത്തിലേക്ക് നടന്നകലുമ്പോൾ തിളക്കമാർന്ന ഒരു യുഗത്തിന് അന്ത്യം. ജാതിചിന്തയുടെ മതിൽക്കെട്ടുകൾ തകർത്തെറിഞ്ഞ കാലത്തിന്റെ ഊർജം ഉൾക്കൊണ്ട്, വിപ്ലവത്തിന്റെ കനൽവഴികളിൽ സാമൂഹ്യനീതിയുടെ തണൽ വിരിച്ച മഹാവൃക്ഷമാകുന്നു ഗൗരിയമ്മ. അശരണരുടെയും അധ്വാനിക്കുന്നവരുടെയും അബലകളുടെയും ജീവിതപന്ഥാവിൽ പ്രകാശം ചൊരിയുന്ന നെയ് വിളക്കായി സ്വയം എരിഞ്ഞുകത്തിയ ധീരവനിത സമസ്ത കേരളത്തിന്റെയും ആദരത്തിനും ആരാധനയ്ക്കും പാത്രമായി. പീഡനങ്ങളും സമ്മർദങ്ങളും അടിച്ചമർത്തലുകളും അവസര നിഷേധങ്ങളും അവരെ തളർത്തിയില്ല. എല്ലാ വിഷമതകളിലും തന്നെക്കാൾ ക്ലേശിക്കുന്നവരുടെ മുഖങ്ങളാണ് അവർ പ്രധാനമായി കണ്ടത്. കേരളത്തിന്റെ ഒരേയൊരു ഗൗരിയമ്മ സൂര്യപ്രഭയോടെ അസ്തമിച്ചിരിക്കുന്നു. അവർക്ക് സ്നേഹ പ്രണാമം.

രാഷ്ട്രീയത്തിന്റെ വഴിത്താരയിലൂടെ സഞ്ചരിക്കില്ലെന്ന് അച്ഛൻ കളത്തിപ്പറമ്പിൽ രാമൻ തണ്ടാർക്കു നൽകിയ വാഗ്ദാനം പാലിക്കാനായി അഭിഭാഷകവൃത്തിയിൽ മാത്രം ശ്രദ്ധിച്ച ഗൗരിയമ്മയെ കാലം നിർബന്ധപൂർവം വിളിക്കുകയായിരുന്നു. അല്ലെങ്കിൽ സാഹിത്യവും സംഗീതവും വക്കീൽപ്പണിയുമായി വീടിനുള്ളിൽ ഒതുങ്ങുമായിരുന്നോ ഗൗരിയമ്മ? സംശയമുണ്ട്. സെന്റ് തെരേസാസ് കോളെജിൽ പഠിക്കുമ്പോൾ സോവിയറ്റ് യൂണിയനെക്കുറിച്ചും സ്റ്റാലിനെക്കുറിച്ചും ഒരാവർത്തി കൂടി പഠിപ്പിക്കണമെന്നു ശഠിച്ച കൗമാരക്കാരിയുടെ മനസ്സിലെ വിപ്ലവവീര്യം പിന്നീട് ജ്വലിപ്പിച്ചത് തിരുവനന്തപുരത്തെ നിയമപഠന വേളയിലാണ്. സ്റ്റേറ്റ് കോൺഗ്രസിന്റെ യുവജന സംഘടനയിലൂടെ സർ സിപിയുടെ കിരാത നടപടികൾക്കെതിരേ നടന്ന സമരമുറകളിൽ പങ്കെടുത്ത് ചിന്തകൾക്ക് മൂർച്ച കൂട്ടിയ ഗൗരിയമ്മ സമുദായത്തിലെ ആദ്യ അഭിഭാഷകയും ചേർത്തല ബാറിലെ ആദ്യ വനിതയുമായി നാട്ടിലേക്കു മടങ്ങിയെത്തി. അവിടെ കയർ തൊഴിലാളികളുടെ സമരങ്ങൾ ഏറ്റെടുത്താണ് ശ്രദ്ധ നേടിയത്.

പി.കൃഷ്ണപിള്ളയിൽ നിന്ന് അംഗത്വം സ്വീകരിച്ച് കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നതു മുതൽ പാർട്ടിയെ താഴേത്തട്ടിൽ ശക്തമാക്കുന്നതിനായിരുന്നു ഗൗരിയമ്മയുടെ ശ്രമം. ബുദ്ധിപാടവവും തന്റേടവും കൊണ്ട് ആരിലും മതിപ്പുളവാക്കാൻ അവർക്കു സാധിച്ചു. തെക്കൻ കേരളത്തിൽ പാർട്ടിയുടെ അടിത്തറ ശക്തമാക്കിയതിൽ അവർക്കുള്ള പങ്ക് തള്ളിക്കളയാവുന്നതല്ല. സവർണ മാടമ്പിമാരുടെയും അധികാരി വൃന്ദത്തിന്റെയും തിട്ടൂരങ്ങൾക്ക് പുല്ലുവില കൽപ്പിച്ചില്ല, ഗൗരിയമ്മ. സമരമുഖത്ത് പുരുഷന്മാർ പോരാട്ടം നടത്തുമ്പോൾ പിന്നണിയിൽ സ്ത്രീകൾ കരുത്തുറ്റ പിന്തുണ നൽകണമെന്നതായിരുന്നു അവരുടെ നിലപാട്. സ്ത്രീകൾക്ക് പാർട്ടിയുടെ കരുതൽ എന്ന നിലപാടുമായി ഗൗരിയമ്മ മുന്നിൽ നിന്നത് തൊഴിലാളി സ്ത്രീകൾക്ക് ആത്മവിശ്വാസം പകർന്ന ഘടകമായിരുന്നു. തിരു- കൊച്ചി നിയമസഭയിലും തുടർന്ന് കേരള നിയമസഭയിലും സാമാജികയായിരുന്ന ഗൗരിയമ്മ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആദ്യ മന്ത്രിസഭയിൽ റവന്യൂ, എക്സൈസ്, ദേവസ്വം മന്ത്രിയായിരുന്നു. കേരളത്തിന്റെ സാമൂഹ്യഘടനയിൽ തിരുത്തിയെഴുതൽ നടത്തിയ കേരള കാർഷിക പരിഷ്കരണ നിയമം അടക്കമുള്ള ബില്ലുകൾ അവതരിപ്പിക്കാനും പാസാക്കാനും മുൻകൈയെടുത്തതും അവർ തന്നെ.

ഇഎംഎസ്, ഇ.കെ. നായനാർ, എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി മന്ത്രിസഭകളിൽ രണ്ടു തവണ വീതം മന്ത്രിയായിരിക്കാൻ സാധിച്ച ഗൗരിയമ്മ ഭരണത്തിൽ തന്റേതായ കൈയൊപ്പ് പതിപ്പിച്ചു. സങ്കുചിതമായ ഒരു പദ്ധതിയും അവരുടെ അജൻഡയിൽ ഇല്ലായിരുന്നു. സമൂഹത്തിന് ആകമാനം ഗുണകരമാകണം ഓരോ തീരുമാനവും എന്ന കാര്യത്തിൽ തികഞ്ഞ നിഷ്കർഷ പുലർത്തി. അഞ്ചാം നിയമസഭ ഒഴികെ ഒന്നു മുതൽ പതിനൊന്നാം നിയമസഭ വരെ അംഗമായി. വിദ്യാർഥി ജീവിതകാലം മുതൽ കൊറോണ കാലം വരെ കർമനിരതയായി നൂറ്റിരണ്ടു സംവത്സരങ്ങൾ പിന്നിടാനും സാധിച്ചു.

കമ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിരിഞ്ഞപ്പോൾ, സിപിഐയിൽ നിന്ന ഭർത്താവ് ടി.വി. തോമസിനൊപ്പം പോകാതെ അവർ സിപിഎമ്മിൽ അടിയുറച്ചുനിന്നു. രണ്ടു പേരും വ്യത്യസ്ത ചിന്താഗതിയോടെ ഒരേ വീട്ടിൽ താമസിച്ചു. അവരെ വേർപിരിക്കാൻ യത്നിച്ചവരുടെ കെണിയിൽ ഇരുവരും വീണതാണ് ദുര്യോഗം. അർഹമായ മുഖ്യമന്ത്രിപദം നൽകാതെ വിശ്വസിച്ച പാർട്ടിയും നിരാശപ്പെടുത്തി. അവഗണനയുടെ നടുവിൽ നിന്നുകൊണ്ടാണ് ജെഎസ്എസ് എന്നപാർട്ടി രൂപവത്കരിച്ച് ഗൗരിയമ്മ തലയുയർത്തിപ്പിടിച്ചത്. യുഡിഎഫ് സർക്കാരുകളിൽ മന്ത്രിയുമായി. 2016 ൽ യുഡിഎഫ് ബന്ധം അവസാനിപ്പിച്ച് സ്വന്തം തട്ടകത്തിലേക്ക് മടങ്ങിയ ഗൗരിയമ്മയെ പാർട്ടി ഔപചാരികമായി സ്വീകരിച്ചില്ലെങ്കിലും ഇന്നലെ അരിവാളും ചുറ്റികയും ആലേഖനം ചെയ്ത ചെങ്കൊടി പുതച്ചാണ് പ്രിയൻ ടി.വി. തോമസ് ഉൾപ്പെടെയുള്ള നേതാക്കൾ അന്ത്യവിശ്രമം കൊള്ളുന്ന വലിയ ചുടുകാട്ടിൽ ഗൗരിയമ്മയും അലിഞ്ഞുചേർന്നത്. അശരണരായ സ്ത്രീകൾക്ക് സംഘശക്തിയുടെ മന്ത്രം ഉപദേശിച്ച് അവരെ കർമധീരരാക്കിയാണ് ആ മാതൃരൂപം മറയുന്നത്. കണ്ണീരണിയാതെ അവർക്ക് വിട ചൊല്ലാനാവില്ല.

## അവസാന വോട്ട് തപാലിൽ



ആലപ്പുഴ: 1948ൽ തിരുവിതാംകൂർ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു മുതൽ അവസാനശ്വാസം നിലയ്ക്കുന്നതു വരെയും ജനാധിപത്യ സംരക്ഷകയായി വോട്ടവകാശം രേഖപ്പെടുത്താൻ കെ.ആർ. ഗൗരിയമ്മയുണ്ടായിരുന്നു.

വാർധക്യത്തിന്റെ അവശത മൂലം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ പറ്റുമോ എന്ന ആശങ്ക ഗൗരിയമ്മ പ്രിയപ്പെട്ടവരോടായി പങ്കുവച്ചിരുന്നു. അപ്പോഴാണ് 80 വയസിനു മേൽ പ്രായമുള്ളവർക്ക് ഉദ്യോഗസ്ഥർ വീട്ടിലെത്തി വോട്ട് ചെയ്യാനുള്ള സൗകര്യമൊരുക്കുമെന്ന തെരഞ്ഞെടുപ്പ് കമ്മിഷന്റെ അറിയിപ്പെത്തുന്നത്. തുടർന്നു ഏറെ സന്തോഷവതിയായി കാണപ്പെട്ട ഗൗരിയമ്മ തപാൽ വോട്ടിന് അപേക്ഷിക്കുകയും ചെയ്തു.

മാർച്ച് 29ന് ഗൗരിയമ്മ തന്റെ 102ാം വയസിനിടെ ചരിത്രത്തിലാദ്യമായി തപാൽ വോട്ടിലൂടെ സമ്മതിദാനാവകാശം വിനിയോഗിച്ചു. ആലപ്പുഴ ചാത്തനാട് കളത്തിപ്പറമ്പിൽ വീട്ടിലെത്തിയ ഉദ്യോഗസ്ഥർ ഗൗരിയമ്മയ്ക്ക് രേഖകൾ കൈമാറുകയും വോട്ടുചെയ്തു തിരികെ വാങ്ങുകയുമായിരുന്നു. തദ്ദേശ തെരഞ്ഞെടുപ്പിനു മുൻപ് വീട്ടിൽ വീണു പരുക്കേറ്റ ഗൗരിയമ്മ അന്ന് തപാൽ വോട്ടിന് അപേക്ഷിച്ചിരുന്നെങ്കിലും ചട്ടമനുസരിച്ച് അപേക്ഷ അംഗീകരിക്കാനാകില്ലെന്ന് അധികൃതർ അറിയിച്ചിരുന്നു.

1948 ൽ തിരുവിതാംകൂർ നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പു മുതൽ വോട്ടു ചെയ്യുന്ന ഗൗരിയമ്മ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പു വരെ എല്ലാ തെരഞ്ഞെടുപ്പുകളിലും വോട്ടു ചെയ്തിട്ടുണ്ട്. 1948 ലെ ആദ്യ തെരഞ്ഞെടുപ്പിൽ മത്സരിച്ച ഗൗരിയമ്മയുടെ ആദ്യ വോട്ട് സ്വന്തം പേരിലായിരുന്നു.



# സിന്ദൂരപ്പൊട്ടിട്ട സഹനം

കാലം 1996 സെപ്തംബർ 23. ഇ.കെ നായനാർ മന്ത്രിസഭയിൽ റവന്യൂ മന്ത്രിയായിരുന്ന കെ.ഇ. ഇസ്മയിൽ ആ മാസം ഒൻപതിന് നിയമസഭയിൽ അവതരിപ്പിച്ച 'കേരള സംസ്ഥാന പട്ടികവർഗക്കാർ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചുകൊടുക്കലും ഭേദഗതി ബിൽ' അന്നാണ് പാസാക്കുന്നത്. പ്രതിപക്ഷത്തുള്ള യുഡിഎഫിന്റെ കൂടി ആവശ്യമായിരുന്നു അതെന്നതിനാൽ ഐകകണ്ഠ്യേന ബിൽ പാസാകുമെന്നാണ് കരുതിയിരുന്നത്.

വോട്ടെടുപ്പുവേളയിൽ വിയോജിപ്പുമായി എഴുന്നേറ്റത് കെ.ആർ. ഗൗരിയമ്മ. ആദിവാസികളുടെ ഭൂമി കള്ളും പുകയിലയും നൽകി പിടുങ്ങിയെടുത്തവർക്കുള്ള അംഗീകാരമാണ് ഈ നിയമമെന്നും അത് അംഗീകരിക്കാനാവില്ലെന്നും വിറയാർന്ന ശബ്ദം വീറോടെയുയർത്തി അവർ വ്യക്തമാക്കി. 140 അംഗ നിയമസഭയിൽ ഗൗരിയമ്മയുടെമാത്രം എതിർപ്പോടെ അംഗീകരിക്കപ്പെട്ട ബില്ലിന് പക്ഷെ രാഷ്ട്രപതിയുടെ അംഗീകാരം കിട്ടാത്തതിനാൽ നിയമമാവാനുള്ള യോഗമുണ്ടായില്ല.

അന്ന് വൈകിട്ട് നിയമസഭ പിരിഞ്ഞ് ഇറങ്ങുമ്പോൾ ഗൗരിയമ്മയെ ചെന്നുകണ്ടു. 'ഇതൊന്നും പത്രങ്ങൾ കൊടുക്കില്ല' എന്ന് നിരാശയോടെയാണ് അവർ പറഞ്ഞത്: 'പാവം ആദിവാസികളെ ആർക്കുവേണം? ആദിവാസികളുടെ കൈയിലെവിടുന്നാ പത്രം വാങ്ങാനുള്ള കാശ് ?കൈയേറ്റക്കാർ പത്രം വായിക്കുകേം ചെയ്യും, പരസ്യോം തരും' -ലേശം ശുണ്ഠിയോടെ പറഞ്ഞിട്ട് പെട്ടെന്ന് തണുത്തു. പേരൊക്കെ ചോദിച്ച് ചിരിയോടെ കൈയിൽ കടന്നുപിടിച്ച് ഒപ്പം നടന്നു. അപ്പോൾ, ആരാഞ്ഞതു മുഴുവൻ വീട്ടുകാര്യങ്ങളായിരുന്നു. അടുത്ത ദിവസത്തെ പത്രത്തിൽ ഗൗരിയമ്മയുടെ എതിർപ്പ് പ്രത്യേക വാർത്തയായി വന്നതിന് പിന്നീട് കണ്ടപ്പോൾ സന്തോഷം പ്രകടിപ്പിക്കാനും മറന്നില്ല.

### കുറ്റമറ്റ നിയമങ്ങൾ

കേരളത്തിന്റെ ചരിത്രം ഗൗരിയമ്മയുടെ ജീവിതവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. കേരളപ്പിറവിക്കു മുമ്പു മുതൽ 2011വരെ 17 തെരഞ്ഞെടുപ്പിൽ മത്സരിച്ച മറ്റൊരു വനിതയില്ല. അതിൽ 13 തവണ വിജയിക്കുകയും ആറുതവണ മന്ത്രിയാവുകയും ചെയ്തതും ചരിത്രം. 102-ാം വയസിൽ അന്തരിക്കുമ്പോൾ നിയമസഭാംഗങ്ങളായിരുന്ന വനിതകളിൽ 101-ാം വയസിൽ നിര്യാതയായ റോസമ്മ പുന്നൂസിന്റെ റെക്കോർഡ് തിരുത്തി.

കർഷകബന്ധബിൽ, കുടിയൊഴുപ്പിക്കൽ നിരോധന ബിൽ എന്നിവ ആദ്യകേരള മന്ത്രിസഭയുടെ കാലത്ത് അവതരിപ്പിച്ച് ഗൗരിയമ്മ പൊതുപ്രവർത്തക അഴിമതി അന്വേഷണവും വിചാരണയും ബിൽ അവതരിപ്പിച്ചത് മറ്റൊരു ചരിത്രം സൃഷ്ടിച്ചാണ്. 1987 ഡിസംബർ 11ന് ആരംഭിച്ച നിയമസഭയുടെ സമ്മേളനം 13ന് വെളുപ്പിന് 4.35നാണ് അവസാനിച്ചത്. അതിന് മുമ്പോ പിമ്പോ ഞായറാഴ്ച നിയമസഭ സമ്മേളിച്ചിട്ടില്ല! ആ ബില്ലിന്റെ മൂന്നാം വായനയിലും പ്രതിപക്ഷത്തുനിന്ന് ടി.എം. ജേക്കബ് ഉൾപ്പെടെയുള്ളവരുടെ ഭേദഗതി സ്വീകരിച്ച ഗൗരിയമ്മയ്ക്ക് ഒരേ ഒരു



**അതീതം**

എം.ബി. സന്തോഷ്

താല്പര്യമേയുണ്ടായിരുന്നുള്ളൂ - കുറ്റമറ്റ നിയമം പിറക്കണം. 1990ൽ വനിതാ കമ്മിഷൻ ബിൽ അവതരിപ്പിച്ചതും ഗൗരിയമ്മയാണ്.

### മുദ്രാവാക്യം വഴിമാറി

പൊലീസിന്റെ ലാത്തിക്ക് സന്താനോല്പാദന ശേഷിയുണ്ടായിരുന്നെങ്കിൽ ഗൗരിയമ്മ ലാത്തിക്കുഞ്ഞുങ്ങളെ പ്രസവിക്കുമായിരുന്നുവെന്ന് സിപിഎം നേതാക്കൾ അഭിമാനത്തോടെ പ്രസംഗിച്ചിരുന്നത് കേട്ടിട്ടുണ്ട്. അവരുടെ ത്യാഗത്തിന് അംഗീകാരമായാണ് 1987ൽ 'കേരം തിങ്ങും കേരള നാടിനി കെ.ആർ. ഗൗരി ഭരിക്കട്ടെ' എന്ന് പ്രചരിപ്പിച്ചത്. പക്ഷെ, അതുപോലല്ല കാര്യങ്ങൾ സംഭവിച്ചത്. ഇ.കെ നായനാർ മുഖ്യമന്ത്രിയായി. ആ മന്ത്രിസഭയിൽ വ്യവസായ എക്സൈസ് മന്ത്രിയായിരുന്നു ഗൗരിയമ്മ.

### ടെക്നോളജിയും സമരവും

കെഎംഎംഎൽ ക്ലോറൈഡ് പ്രക്രിയിലൂടെയാണ് ടൈറ്റാനിയം ഡയോക്സൈഡ് വേർതിരിച്ചിരുന്നത്. പ്ലാന്റ് കാലികമാക്കിയില്ലെങ്കിൽ ഉല്പാദനം കൂട്ടാനാവില്ല. അന്ന് പെയിന്റ് നിർമാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുവായ ടൈറ്റാനിയം ഡയോക്സൈഡാണ് കെഎംഎംഎല്ലിൽ മുഖ്യ ഉല്പാദനം. ഇതിൽനിന്ന് ടൈറ്റാനിയം ലോഹം ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ 'ടാറ്റാ'യുടെ കൈവശമുണ്ട്.

വ്യവസായ വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായി നിയമിതനായത് കേന്ദ്ര ഇലക്ട്രോണിക്സ് സെക്രട്ടറിയായിരുന്ന കെ.പി.പി. നമ്പ്യാരാണ്. നമ്പ്യാർ ടാറ്റായുടെ ഉപദേശകനായിരുന്നു. അങ്ങനെ നടത്തിയ ഇടപെടലിൽ ടാറ്റാ കെഎംഎംഎല്ലിൽ 600 കോടി രൂപ മുതൽ മുടക്കാമെന്ന് സമ്മതിച്ചു. പ്ലാന്റ് കാലികമാക്കുന്നതിനും ടൈറ്റാനിയം ലോഹം ഉല്പാദിപ്പിക്കുന്നതിനും ഉൾപ്പെടെയാണിത്. കെഎംഎംഎല്ലിന്റെ 51 ശതമാനം ഓഹരി ടാറ്റായ്ക്കും 49 സംസ്ഥാനത്തിനും എന്നായിരുന്നു ടാറ്റായുടെ നിലപാട്. പക്ഷെ,തൊഴിലാളികൾ അമ്പിനും വില്ലിനും അടുക്കുന്നില്ല.

ഗൗരിയമ്മ 'കേരളകൗമുദി' ചീഫ് എഡിറ്ററായിരുന്ന എം.എസ്. മണിയെ സമീപിച്ചു. കാര്യങ്ങൾ കേട്ട അദ്ദേഹം പിന്നീട് എക്സിക്യൂട്ടീവ് എഡിറ്ററായ ബി.സി. ജോജോയെ നിയോഗിച്ചു. ഗൗരിയമ്മയ്ക്ക് ഒരു താല്പര്യം മാത്രം: 'നിങ്ങൾ കെ.പി.പി. നമ്പ്യാരെ കാണണം. കെഎംഎംഎൽ എംഡിയെ കാണണം. അവിടത്തെ തൊഴിലാളികളെ കാണണം. എന്നിട്ട് നിങ്ങൾ അതെല്ലാം വച്ച് ഒരു ലേഖനമോ ലേഖന പരമ്പരയോ തയാറാക്കണം.' അന്ന് ഒരു ടെക്നോക്രാറ്റിനെപ്പോലെയാണ് ഗൗരിയമ്മ കാര്യങ്ങൾ വിശദീകരിച്ചതെന്ന് ജോജോ ഓർമിച്ചു. അങ്ങനെ നമ്പ്യാരെ കാണാൻ പോയപ്പോൾ അവിടെ അദ്ദേഹത്തിന്റെ ഓഫീസിന്റെ മുന്നിലെ സ്റ്റൂളിൽ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അദ്ദേഹത്തെ പിന്നീടൊരിക്കൽ നമ്പ്യാർ ജോജോയ്ക്ക് പരിചയപ്പെടുത്തി: 'ഇത് ജി. വിജയരാഘവൻ, സി- ഡാക്കിൽ നിന്ന് സ്പെഷ്യൽ ഓഫീസറായി കൊണ്ടുവന്നിരിക്കുകയാണ്'. അതെ, പിന്നീട്, ടെക്നോപാർക്കിന്റെ സ്ഥാപക സിഇഒ ആയ ജി. വിജയരാഘവൻ തന്നെ.

തൊഴിലാളികളുടെ നിഷേധ നിലപാട് കെഎംഎംഎല്ലിൽ ചെന്നപ്പോൾ മനസ്സിലായി. മെയിന്റനൻസ് വിഭാഗം തൊഴിലാളികൾപോലും ഓവർടൈം ആവശ്യപ്പെട്ട് പണിമുടക്കാൻ ആലോചിക്കുകയാണ്. തൊഴിലാളികളെ എതിരാക്കുന്ന ഒരു ലേഖന പരമ്പര വേണ്ടെന്ന് പിന്നീട് തീരുമാനിക്കുകയായിരുന്നു. 'തന്റെ എഴുത്തൊന്നും കണ്ടില്ലല്ലോ' എന്ന് പിന്നീട് നിയമസഭയിൽ കണ്ടപ്പോൾ പറഞ്ഞതല്ലാതെ സ്നേഹപൂർവം തന്നെയാണ് ഗൗരിയമ്മ പെരുമാറിയത്'- ജോജോ അനുസ്മരിച്ചു.

### ആപ്പിൾ ഫയൽ!

ഇന്ന് കേരളത്തിന് വീമ്പ് പറയാനുള്ള അഭിമാനങ്ങളിലൊന്നായ ടെക്നോപാർക്കിന് മുൻകൈ എടുത്തത് ഗൗരിയമ്മയായിരുന്നു. തായ് വാനിലെ അനുഭവം ഗൗരിയമ്മയോട് കെ.പി.പി. നമ്പ്യാർ പറഞ്ഞപ്പോൾ ഒരു പ്രൊജക്റ്റ് തയാറാക്കാൻ ആവശ്യപ്പെടുകയായിരുന്നു. കേരള സർവകലാശാല ആ ഭൂമി വിട്ടുകൊടുക്കാൻ കൂട്ടാക്കിയില്ല. ഗൗരിയമ്മയുടെ നിശ്ചയദാർഢ്യം കൊണ്ടാണ് ഒടുവിൽ ഭൂമി കിട്ടിയത്. അതിന്റെ തുടർ നടപടി ഫയൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ കുരുങ്ങിക്കിടക്കുകയായിരുന്നു.

ആയിടയ്ക്കായിരുന്നു മുഖ്യമന്ത്രി നായനാരും വ്യവസായമന്ത്രി ഗൗരിയമ്മയും അമെരിക്ക സന്ദർശിച്ചത്. ആപ്പിൾ കമ്പനിയുടെ കമ്പ്യൂട്ടർ നിർമാണ ഫാക്ടറി സന്ദർശിച്ചപ്പോൾ 'നമുക്കും കേരളത്തിലിതുപോലൊന്ന് തുടങ്ങിക്കൂടേ' എന്നായി നായനാർ. അതിന്റെ ഫയലാണ് സിഎമ്മിന്റെ ഓഫീസിൽ കുരുങ്ങിക്കിടക്കുന്നതെന്ന് ഗൗരിയമ്മ. ആ യാത്രയോടെയാണ് ടെക്നോപാർക്കിന്റെ കുരുക്ക് അഴിഞ്ഞത്.

### നഷ്ടമായ മന്ത്രിപദം

അബ്കാരിയായ മണർകാട് പാപ്പന് വീട്ടുകാരെക്കാൾ എക്സൈസ് മന്ത്രി ഗൗരിയമ്മയോടാണ് സ്നേഹം എന്ന് നിയമസഭയിൽ പ്രതിപക്ഷത്തുനിന്ന് ടി.എം. ജേക്കബ് കുറ്റപ്പെടുത്തി. സിഐടിയുവിന്റെ എക്സൈസ് നയവുമായി ബന്ധപ്പെട്ട എതിർപ്പിന്റെ കൂടി പശ്ചാത്തലത്തിലായിരുന്നു ഈ പ്രയോഗം. അടുത്തയാഴ്ചത്തെ 'കലാകൗമുദി' യിൽ എസ്. ജയചന്ദ്രൻനായർ 'അഗ്നിയുടെ നാളുകൾ മറന്നുപോവുന്നവർ' എന്ന തലക്കെട്ടിൽ എഡിറ്റോറിയലെഴുതി. ആ പരാമർശത്തിന്റെ പേരിൽ മാപ്പു ചോദിച്ച് അത് പിൻവലിച്ച് ജേക്കബ് അന്തസുള്ള നിയമസഭാ സാമാജികനായി.

ആ വിവാദങ്ങൾ ചെന്നിത്തിച്ചത് ഗൗരിയമ്മയ്ക്ക് എക്സൈസ് വകുപ്പ് നഷ്ടപ്പെടുന്നതിലേക്കായിരുന്നു. ടി.കെ. രാമകൃഷ്ണനായിരുന്നു സിപിഎം വകുപ്പ് കൈമാറിയത്. പ്രചാരണം നടത്തി വോട്ടുപിടിച്ചിട്ടും മുഖ്യമന്ത്രിയാക്കാത്തതിന്റെ പേരിൽ അസ്വാരസ്യമുണ്ടായിരുന്നെങ്കിലും ഇതോടെ സിപിഎമ്മും ഗൗരിയമ്മയും തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീണു. അടുത്ത തെരഞ്ഞെടുപ്പിലും ഗൗരിയമ്മ ജയിച്ചു, വി.എസ്. അച്യുതാനന്ദനായിരുന്നു പ്രതിപക്ഷ നേതാവ്. ഇ.കെ. നായനാർ സിപിഎം സംസ്ഥാന സെക്രട്ടറിയായി. മികച്ച എംഎൽഎയ്ക്കുള്ള പുരസ്കാരം ലഭിച്ചഗൗരിയമ്മ സിപിഎമ്മുകാരല്ലാത്തവർ സംഘടിപ്പിച്ച സ്വീകരണയോഗത്തിൽ പങ്കെടുത്തത് പാർട്ടിയുടെ അപ്രീതിക്ക് ഇടയാക്കി. യുഡിഎഫ് സർക്കാർ നിർദേശിച്ച സ്വാശ്രയസമിതിയിൽ അധ്യക്ഷയായി നിയോഗിച്ചത് ഗൗരിയമ്മയെ ആയിരുന്നു. സ്ഥാനമൊഴിയണമെന്ന് പാർട്ടി ആവശ്യപ്പെട്ടെങ്കിലും ഗൗരിയമ്മ വഴങ്ങിയില്ല.

### വി.എസ്. നൽകിയ കത്ത്

ഇതിനിടയിൽ കെ.പി.പി. നമ്പ്യാർ 'കേരളകൗമുദി'യിലെത്തി എം.എസ്. മണിയേയും ബി.സി. ജോജോയെയും കണ്ടു. ഗൗരിയമ്മ പാർട്ടിയിൽനിന്ന് പോകുന്നത് ഒഴിവാക്കാൻ ഇടപെടണമെന്നായിരുന്നു ആവശ്യം. പ്രതിപക്ഷ നേതാവും സിപിഎം പിബി അംഗവുമായ വി.എസിന്റെ ഒരു കത്തുകിട്ടിയാൽ ഗൗരിയമ്മയെ തടയാം എന്ന് നമ്പ്യാർ പറഞ്ഞു. കാര്യം കേട്ടതും വി.എസ്. ലെറ്റർഹെഡിൽ സ്വന്തം കൈപ്പടയിൽ പാർട്ടി വിടരുതെന്നും പാർട്ടിയിൽനിന്ന് പോരാടാമെന്നും വ്യക്തമാക്കി ഗൗരിയമ്മയ്ക്ക് കത്തെഴുതി നൽകി.

എം.എസ്. മണി, ജോജോ എന്നിവർ ഗൗരിയമ്മയുടെ ആലപ്പുഴയിലെ ചാത്തനാട് കളത്തിപ്പറമ്പിൽ വീട്ടിലെത്തിയപ്പോൾ അവിടെ കെപിപി നമ്പ്യാരും ഉണ്ടായിരുന്നു. ഗൗരിയമ്മയോട് കാര്യം പറഞ്ഞു. പക്ഷെ, കത്ത് വാങ്ങാൻ ഗൗരിയമ്മ തയാറായില്ല. വിഭവസമൃദ്ധമായ ഭക്ഷണത്തിനുശേഷം വീണ്ടും സംസാരിച്ച് കത്തിലെ ഉള്ളടക്കം വിശദീകരിച്ചു. നിർബന്ധിച്ചപ്പോൾ കത്ത് വാങ്ങിയെങ്കിലും അത് വായിക്കാതെ മേശപ്പുറത്തുവച്ച ഗൗരിയമ്മയെ ജോജോ ഇപ്പോഴും കൺമുന്നിലെന്നവണ്ണം കാണുന്നുണ്ട്. സിപിഎം ഗൗരിയമ്മയോട് അനീതി കാട്ടി എന്നുതന്നെയാണ് അന്നും ഇന്നും കരുതുന്നതെന്ന് ജോജോ പറഞ്ഞു.

പാമോയിൽ ഇടപാടിൽ കെ.കരുണാകരനെ ഏറ്റവും കൂടുതൽ വിമർശിച്ചവരിലൊരാൾ ഗൗരിയമ്മയായിരുന്നു. ആ ഇടപാട് പുറത്തുകൊണ്ടുവന്ന ആൾ എന്ന നിലയിൽ മിക്ക നേതാക്കളെയും അതിന്റെ കാര്യങ്ങൾ നേരിൽ കണ്ട് വിശദീകരിച്ചിരുന്നു. എന്നാൽ, അതിന്റെ ഫയൽ മേശപ്പുറത്തുവച്ചതിന്റെ പിറ്റേന്ന് ഗൗരിയമ്മ സമർപ്പിച്ച നോട്ട് അവരുടെ ഭരണതന്ത്രജ്ഞത വെളിവാക്കുന്നതായിരുന്നുവെന്ന് ജോജോ ഓർത്തു. പിന്നീട്,ഗൗരിയമ്മ യുഡിഎഫിൽ പോയപ്പോൾ ആ പ്രസംഗങ്ങളാണ് വിമർശകർ പ്രധാനമായും ഉന്നയിച്ചത്.

'നടന്നുതീർത്ത വഴികൾ'എന്ന ഇ. ബാലാനന്ദന്റെ ആത്മകഥയിൽ ഇതിൽനിന്നെല്ലാം വ്യത്യസ്തയായ ഗൗരിയമ്മയെ കാണാം. വിവാഹം കഴിഞ്ഞ് മന്ത്രിമന്ദിരത്തിലെത്തിയ ബാലാനന്ദനും സരോജിനിയ്ക്കും ടി.വി. തോമസും ഗൗരിയമ്മയും വിരുന്നു നൽകി.അതുകഴിഞ്ഞ് ടിവി ഇരുവർക്കും ഓരോ പഴം നൽകി. സരോജിനിക്ക് കിട്ടിയത് ഇരട്ടപ്പഴമായിരുന്നു. ഉടൻ ഗൗരിയമ്മ ആ പഴം തിരികെ വാങ്ങി മറ്റൊരു ഒറ്റപ്പഴം നൽകിയിട്ടു പറഞ്ഞു: 'ഇരട്ടപ്പഴം തിന്നാൽ ഇരട്ടക്കുട്ടി പിറക്കും'.

ശ്രീകൃഷ്ണനോടുള്ള ആരാധന ഗൗരിയമ്മ തുറന്നുപറഞ്ഞിട്ടുണ്ട്. 'മറ്റു ദൈവങ്ങളെപ്പോലെയല്ല കൃഷ്ണൻ, മനുഷ്യനാണ്. പഠിക്കുന്ന കാലം മുതലേ എന്നോടൊപ്പം കൃഷ്ണനുണ്ട്. സിപിഎമ്മിലായിരുന്നപ്പോഴും എന്നോടൊപ്പം കൃഷ്ണനുണ്ടായിരുന്നു.'

### ചരിത്രം കുറിച്ച ജീവിതം

സിന്ദൂരപ്പൊട്ട് ചാർത്തിയ സഹനമായിരുന്നു ഗൗരിയമ്മ. പാർട്ടി പിളർന്നപ്പോൾ ഗൗരിയമ്മ ഉപേക്ഷിച്ചത് സ്വന്തം പ്രണയവും ജീവിതവും കൂടിയായിരുന്നു. ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ അംഗങ്ങളായ ഗൗരിയമ്മയും ടി.വി. തോമസും തമ്മിലുള്ള പ്രണയവും വിവാഹവും മാത്രമല്ല വേർപിരിയലും ചരിത്രമാണ്. രോഗം മൂർച്ഛിച്ച് മുംബയിലെ ടാറ്റാ മെമ്മോറിയൽ ആശുപത്രിയിൽ കിടക്കവെ ഗൗരിയമ്മ വേർപിരിഞ്ഞ പ്രിയപ്പെട്ടവന്റെ ശുശ്രൂഷയ്ക്കായി പത്തുദിവസം പാർട്ടിയുടെ അനുമതിയോടെ പോയിരുന്നു. താൻ തിരിച്ചുപോരുമ്പോൾ ടി.വി. തോമസ് കരയുകയായിരുന്നുവെന്ന് ഗൗരിയമ്മ പിന്നീട് വെളിപ്പെടുത്തിയിരുന്നു. ചങ്ങമ്പുഴയും എ.കെ. ഗോപാലനും ആഗ്രഹിച്ചതായിരുന്നു ഗൗരിയമ്മയോടൊത്തുള്ള ജീവിതം എന്നതും ഇതിനോട് ചേർത്തുവച്ച് വായിക്കണം.

ലാൽസലാം, ചീഫ് മിനിസ്റ്റർ ഗൗതമി ഉൾപ്പെടെ ഏതാനും സിനിമകളിൽ ഗൗരിയമ്മയുടെ ജീവിതവുമായി ബന്ധമുള്ള സന്ദർഭങ്ങളുണ്ടായിരുന്നു. ഒരു സിനിമയിലും ഒതുങ്ങാത്തതായിരുന്നു ആ ജീവിതം..

'ഇനി ഗൗരിയമ്മ ചിതയായി മാറും
ചിതയാളിടുമ്പോൾ ഇരുളൊട്ടു നീങ്ങും
ചിത കെട്ടടങ്ങും കനൽ മാത്രമാകും
കനലാറിടുമ്പോൾ ചുടുചാമ്പലാകും
ചെറുപുൽക്കൊടിക്കും വളമായി മാറും'

- ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഗൗരി എന്ന കവിത അവസാനിക്കുകയാണ്. ഒരിക്കലും അവസാനിക്കാത്ത ഒരു ജീവിതം കേരള ചരിത്രത്തിലേക്ക് ചേക്കേറുകയുമാണ്...



*2019 ജൂൺ 21ന് ആലപ്പുഴയിൽ കെ.ആർ. ഗൗരിയമ്മയുടെ ജന്മശതാബ്ദി ആഘോഷിക്കവെ മുഖ്യമന്ത്രി പിണറായി വിജയൻ ഗൗരിയമ്മയ്ക്ക് കേക്ക് നൽകുന്നു. സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, മറ്റു ജനപ്രതിനിധികൾ എന്നിവർ സമീപം.*



# ഗൗരിയമ്മ എനിക്ക് പേരമ്മ

ചെറിയാൻ കൽപ്പകവാടി



1958ൽ ഞാൻ ജനിച്ചപ്പോൾ ഗൗരിയമ്മ എന്നെ എടുത്തുകൊണ്ടു നടന്നതായി എന്റെ അമ്മ പറയുമായിരുന്നു. എന്നാൽ എനിക്ക് ഓർമയായപ്പോഴേക്കും ടി.വിയും ഗൗരിയമ്മയും തമ്മിൽ വേർപിരിഞ്ഞതിനാൽ എനിക്ക് നേരിട്ട് ഗൗരിയമ്മയെ പരിചയമുണ്ടായിരുന്നില്ല. എന്റെ പിതാവ് ടി.കെ. വർഗീസ് വൈദ്യന്റെ ഏറ്റവും അടുത്ത സുഹൃത്തെന്ന നിലയിൽ ഞാനും എന്റെ സഹോദരൻ ലാലും ടി.വി. തോമസിനെ 'പേരപ്പൻ' എന്നാണ് വിളിച്ചിരുന്നത്. അതു കൊണ്ട് തന്നെ കൊച്ചുനാൾ മുതലേ ടി.വിയെക്കുറിച്ചും ഗൗരിയമ്മയെക്കുറിച്ചും കൂടുതൽ അറിയാൻ എപ്പോഴും ശ്രമിച്ചിരുന്നു.

വിധിവൈപരീത്യം എന്നു പറയട്ടെ, ടി.വിയുടെയും എന്റെ പിതാവിന്റെയും കാലശേഷമാണ് 'ലാൽസലാം' എന്ന സിനിമ ഞാനും വേണു നാഗവള്ളിയും കൂടി ഒരുക്കിയത്.

ആലപ്പുഴ റസ്റ്റ് ഹൗസിൽ "ഞാൻ വിളിച്ചിട്ടുള്ളതിൽ കൂടുതൽ മുദ്രാവാക്യങ്ങൾ ഒന്നും സഖാവ് സേതുലക്ഷ്മി വിളിച്ചിട്ടില്ല" എന്ന് നെട്ടൂർ സ്റ്റീഫനായി മോഹൻലാൽ പറയുന്നത് ഷൂട്ട് ചെയ്ത് കഴിഞ്ഞതും സാക്ഷാൽ മന്ത്രിയായ ഗൗരിയമ്മ റസ്റ്റ് ഹൗസിൽ വന്നുകയറി.

ഗൗരിയമ്മ കൈകാര്യം ചെയ്തിരുന്ന വകുപ്പിൽ ലോ സെക്രട്ടറിയായി മോഹൻലാലിന്റെ പിതാവ് വിശ്വനാഥൻ നായർ സർ ജോലി ചെയ്തിരുന്നതിനാൽ ലാലിന് ഗൗരിയമ്മയെ വളരെ അടുത്തറിയാമായിരുന്നു. ലാൽ എന്നെ പരിചയപ്പെടുത്താം എന്ന് പറഞ്ഞ് ഗൗരിയമ്മയുടെ മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി. 'ഗൗരിയമ്മയുടെ വളരെ വേണ്ടപ്പെട്ട ഒരാളുടെ മകനാണ്' എന്നു പറഞ്ഞ് എന്നെ പരിചയപ്പെടുത്തി. ഒരു നിമിഷം നിശബ്ദയായി എന്നെ നോക്കിയിരുന്നിട്ട് 'അമ്മയെ ചോദിച്ചതായി പറയണം' എന്നു പറഞ്ഞു. ടിവിയും ഗൗരിയമ്മയും വിവാഹിതരായ ശേഷം വൈദ്യനും എന്റെ അമ്മയും ഒക്കെയൊത്ത് കുടുംബമായി പല യാത്രകൾക്കും ഒരുമിച്ച് പോയിരുന്നതായി അമ്മ പറഞ്ഞിട്ടുണ്ട്.

ലാൽസലാം ഇറങ്ങിയതിനുശേഷം ഗൗരിയമ്മ എന്നെ വല്ലാതെ തെറ്റിദ്ധരിക്കുകയും എനിക്കെതിരെ പലയിടത്തും പ്രസംഗിക്കുകയും ചെയ്തു. ലാൽസലാം ടി.വി. തോമസിന്റെയും വർഗീസ് വൈദ്യന്റെയും വ്യക്തമായ ആത്മകഥയല്ലെന്നും അവരെ മനസിൽ കണ്ടുകൊണ്ട് ഒരു കലാകാരന്റെ എല്ലാ സ്വാതന്ത്ര്യങ്ങളുമെടുത്ത് ഒരു ഫിക്ഷണലൈസ് ചെയ്ത സിനിമ മാത്രമാണെന്നും ഞാൻ പലകുറി പറഞ്ഞത് ഗൗരിയമ്മയ്ക്ക് മനസിലായില്ല.

ടിവിക്ക് മറ്റൊരു സ്ത്രീയിൽ മാക്സൺ എന്നു പേരുള്ള ഒരു മകനുള്ള കാര്യം ആലപ്പുഴയിൽ പരസ്യമായ രഹസ്യമായിരുന്നു. ഗൗരിയമ്മയ്ക്കും അതറിയാമായിരുന്നു. എന്നാൽ സിനിമയിലൂടെ ഇത് നിഴലിച്ചതാണ് അവരെ വേദനിപ്പിച്ചതെന്ന് ഞാൻ പിന്നീട് മനസിലാക്കി. ഗൗരിയമ്മയെക്കാൾ മാക്സന്റെ അമ്മ എത്രമാത്രം വേദനിച്ചിട്ടുണ്ടാകും എന്നുള്ളതായിരുന്നു എന്റെ പക്ഷം. കാരണം അത്രമാത്രം അവരെക്കുറിച്ച് എനിക്ക് അറിയാമായിരുന്നു.

കാലം കടന്നുപോയി. വി.എസ്. അച്യുതാനന്ദന്റെ നിർദേശപ്രകാരം ഞാനും കൂടി നിർബന്ധിച്ചാണ് നടൻ മുരളി ആലപ്പുഴ ലോക്സഭാ മണ്ഡലത്തിൽ വി.എം. സുധീരനെതിരെ മത്സരിക്കാൻ തീരുമാനിക്കുന്നത്. വി.എസിന്റെ നിർദേശപ്രകാരം ഞാനും മുരളിയും സംവിധായകൻ വേണു നാഗവള്ളിയും കൂടി ഗൗരിയമ്മയുടെ ചാത്തനാട്ടെ കളത്തിപ്പറമ്പിൽ വീട്ടിൽ പോയി. ഞങ്ങളെ കണ്ടപാടെ തന്നെ എന്നെ ചൂണ്ടിക്കൊണ്ട് മുരളിയോട് ഗൗരിയമ്മ പറഞ്ഞത് "ഇവൻ പറഞ്ഞിട്ടായിരിക്കും താനിവിടെ മത്സരിക്കാൻ വന്നത്. താൻ തോൽക്കും" എന്നാണ്. ഒരു നിമിഷം ഞങ്ങളൊന്നു അമ്പരന്നെങ്കിലും ഞങ്ങളെ ഊഷ്മളമായി സ്വീകരിച്ച് കാപ്പിയും പലഹാരങ്ങളും തന്ന് സത്കരിച്ചപ്പോൾ മുഖത്തടിച്ച് കാര്യങ്ങൾ പറയുമെങ്കിലും ആ മനസിന്റെ നന്മ ഞാൻ ആദ്യമായി തിരിച്ചറിഞ്ഞു.

ലാൽസലാം ടീമിനെ ഒന്നിച്ച് കണ്ടപ്പോൾ എന്നോടായി, "ഞാനും ടിവിയും തമ്മിലുള്ള ബന്ധം എന്തായിരുന്നവെന്ന് നിനക്കറിയാമോ? നീ സിനിമയിൽ കാണിച്ചതു പോലെ എന്നെ പിടിച്ച് തള്ളിയിട്ടൊന്നുമില്ല. നീയെന്റെ ബെഡ് റൂമിലേക്ക് ഒന്ന് കയറിനോക്ക്" എന്നും പറഞ്ഞ് എന്നെ ബെഡ് റൂമിലേക്ക് ആനയിച്ചു. പേരമ്മ കിടക്കുന്ന കട്ടിലിന്റെ ചുറ്റും നാലു ചുവരുകളിലും ടി.വിയും ഗൗരിയമ്മയും തമ്മിലുള്ള വിവാഹച്ചടങ്ങുകളുടെ ഫോട്ടോകളായിരുന്നു. ഗൗരിയമ്മ എത്രമാത്രം ടി.വിയെ സ്നേഹിച്ചിരുന്നു എന്നുള്ളതും അന്നു ഞാൻ തിരിച്ചറിഞ്ഞു.

യാത്ര പറഞ്ഞിറങ്ങുമ്പോൾ ഒരു മകൻ അമ്മയെ ആശ്ലേഷിക്കുന്ന പോലെ ഞാൻ ഗൗരിയമ്മയെ കെട്ടിപ്പിടിച്ചു. ഗൗരിയമ്മ വാത്സ്യല്യത്തോടെ നിന്നു തന്നു. ഇറങ്ങാൻ നേരത്ത് എന്നോട് ഒന്നു കൂടി പറഞ്ഞു- "ഞാൻ എന്റെ ആത്മകഥ എഴുതുന്നുണ്ട്. അതിൽ ഞാൻ ഏറ്റവും മോശമായി എഴുതാൻ പോകുന്നത് നിന്റപ്പനെക്കുറിച്ചും നിന്നെക്കുറിച്ചുമാണ്". ഞങ്ങൾ എല്ലാവരും അതുകേട്ട് പൊട്ടിച്ചിരിച്ചു.

പിന്നീട് എന്റെ അമ്മ മരിച്ചപ്പോൾ ഗൗരിയമ്മ നേരിട്ട് എന്റെ വീട്ടിൽ വന്നു. ഗൗരിയമ്മ ആദ്യമായി കൽപ്പകവാടിയിലെത്തുന്നത് അന്നായിരുന്നു.

വർഗീസ് വൈദ്യൻ തന്റെ ആത്മകഥ കാൽ ഭാഗത്തോളം എഴുതുകയും ബാക്കി ഞാൻ പൂരിപ്പിക്കുകയും അതൊരു പുസ്തകമായി കറന്റ് ബുക്സ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തപ്പോൾ ഞാൻ ആ പുസ്തകം ഗൗരിയമ്മയ്ക്ക് നേരിട്ട് അയച്ചു കൊടുത്തു. ആ പുസ്തകത്തിൽ വൈദ്യനും ടി.വിയും തമ്മിലുണ്ടായിരുന്ന അസാധാരണമായ സുഹൃദ് ബന്ധത്തിൽ ഗൗരിയമ്മയ്ക്ക് തെറ്റിദ്ധാരണകൾ ഉണ്ടാകാൻ സാധ്യതയുള്ള എല്ലാ കാരണങ്ങളും പ്രതിപാദിച്ചിരുന്നു. ആ പുസ്തകത്തിൽ ടി.വിയെ പേരപ്പാ എന്ന് വിളിച്ചിരുന്ന എനിക്ക് ഗൗരിയമ്മ എല്ലാം കൊണ്ടും പേരമ്മ തന്നെയാണെന്ന് ഞാൻ സമർഥിച്ചിരുന്നു. ഗൗരിയമ്മ അത് ഉൾക്കൊണ്ട് മനസിൽ എനിക്ക് ഒരു മകന്റെ സ്ഥാനം തന്നിരുന്നു എന്നു തന്നെയാണ് ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നത്.

(തയാറാക്കിയത്: അദ്വൈത് ഹരിപ്പാട്)




## തടവറയിൽ മൊട്ടിട്ട പ്രണയം; സാനഡുവും റോസ് ഹൗസും ഒന്നിച്ച ദാമ്പത്യം

അബ്ദുൾ സലാം

ആലപ്പുഴ: വേർപിരിഞ്ഞെങ്കിലും ഹൃദയത്തിന്റെ അറയിൽ ടിവിയോടുള്ള അടങ്ങാത്ത പ്രണയത്തിന്റെ വാടാമല്ലിപ്പൂക്കൾ സൂക്ഷിച്ചായിരുന്നു ഗൗരിയുടെ പിന്നീടുള്ള ജീവിതം. പാർട്ടിയിലും ജീവിതത്തിലും വേർപിരിഞ്ഞപ്പോഴും ജീവൻ തുടിക്കുന്ന ടി.വി. തോമസിന്റെ ചിത്രങ്ങൾ ആലപ്പുഴ നഗരത്തിലെ ചാത്തനാട്ടെ വീടിന്റെ ഭിത്തിയിൽ നിന്നു മാറ്റിയില്ല ഗൗരിയമ്മ. തന്റെ പിതാവ് വാങ്ങി നൽകിയ വീട് ഗൗരിയമ്മയ്ക്ക് വിട്ടു നൽകി വാടക വീടിൽ അഭയം പ്രാപിക്കുകയായിരുന്നു ടി.വി. തോമസ്. എത്ര വേർപിരിഞ്ഞാലും ഇരുവരുടേയും മനസുകളുടെ ഇഴയടുപ്പം അത്രമേൽ ഉറച്ചതായിരുന്നു.

എറണാകുളം മഹാരാജാസിൽ പഠിക്കുമ്പോഴാണ് ടി.വി. തോമസിനെ ഗൗരിയമ്മ ആദ്യംകാണുന്നത്. എന്നാൽ ഇരുവരുടേയും പ്രണയം മൊട്ടിട്ടത് ജയിലിൽ വച്ചായിരുന്നു. 1949ൽ സർക്കാരിനെതിരെ പ്രകോപനപരമായി പ്രസംഗിച്ചു എന്ന കുറ്റത്തിന് ജയിലിലടയ്ക്കുമ്പോൾ ഗൗരിയമ്മയ്ക്ക്മുപ്പത് വയസ്.

ആഹാരം കൊണ്ടുവന്ന തടവുകാരൻ കൈ ഇട്ട് ഇളക്കിയ ശേഷമാണ് കറികൾ നൽകുന്നത്. ഇത് ഇഷ്ടപെടാതിരുന്ന ഗൗരി ആഹാരം കഴിച്ചില്ല. ആണുങ്ങളുടെ വാർഡിൽ ഈ സംഭവം ചർച്ചയായി. തൊട്ടപ്പുറത്തെ മുറിയിൽ തടവുകാരനായി ഉണ്ടായിരുന്ന ടി.വി. തോമസ് ആയിരുന്നു ജയിൽ കമ്മിറ്റി കൺവീനർ. തുടർന്ന് ഇവർ പരസ്പരം കത്തുകൾ എഴുതുവാൻ ആരംഭിച്ചു, ഇതോടെ ഗൗരിക്ക് ആണുങ്ങളുടെ വാർഡിൽ നിന്നു ഭക്ഷണം എത്തിക്കാൻ തുടങ്ങി.

ആറു മാസത്തെ ജയിൽവാസത്തിന് ശേഷം ഇരുവരും പുറത്തിറങ്ങി. പുന്നപ്ര വയലാർ സമരത്തിൽ പങ്കെടുത്ത നാലുപേരെ അന്ന് വധശിക്ഷയ്ക്ക് വിധിച്ചു. അവരെ കാണാനായി ഗൗരി പോയപ്പോൾ ടി.വിയും ഉണ്ടായിരുന്നു. 1951 ൽ ഇരുവരും വീണ്ടും ജയിലിലായി. അടുത്തടുത്തായിരുന്നു ഇരുവരുടെയും വാർഡുകൾ. സംഘടനാ കാര്യങ്ങൾ പരസ്പരം അറിയിക്കാനായി കല്ലുകൾ എറിഞ്ഞാണ് ഇരു വാർഡുകളിലും ഉള്ളവർ കോഡ് നൽകിയത്. രണ്ടര വർഷത്തിലേറെ നീണ്ട കാരാഗൃഹ വാസം. അപ്പോഴേക്കും പ്രണയം ഇരുവരുടെയും മനസിൽ തീജ്വാലകളായി നിറഞ്ഞിരുന്നു. മൃഗീയ മർദനങ്ങൾക്കും കാരാഗൃഹ വാസത്തിനുമിടയിൽ കുളിർമഴയായി പെയ്തിറങ്ങിയ പ്രണയം.

ജയിലിൽ നിന്ന് ഇറങ്ങിയ സഖാക്കൾക്ക് പാർട്ടി സ്വീകരണം ഒരുക്കിയപ്പോൾ ടി.വി. തോമസും ഗൗരിയും ഒന്നിച്ചാണ് അതേറ്റുവാങ്ങിയത്. 1954ലെ തിരുക്കൊച്ചി നിയമസഭാ തെരഞ്ഞെടുപ്പിനെക്കുറിച്ച് ആലോചിക്കാൻ സിപിഐ സംസ്ഥാന കൗൺസിൽ യോഗം ചേർന്നപ്പോൾ ഇരുവരും യോഗത്തിൽ മനസ് തുറന്നു. പാർട്ടി വിവാഹത്തിന് അനുമതിയും നൽകി.

1967ലെ തെരഞ്ഞെടുപ്പിൽ വിജയിച്ച ടി.വി. തോമസ് വ്യവസായ മന്ത്രിയും കെ.ആർ. ഗൗരിയമ്മ റവന്യൂ, ഭക്ഷ്യ വകുപ്പ് മന്ത്രിയുമായി. ഇരു പാർട്ടികളിലായതിനാൽ രണ്ട് മന്ത്രിമന്ദിരങ്ങളാണ് അനുവദിച്ചത്. ടി.വി.ക്ക് റോസ് ഹൗസും ഗൗരിയമ്മയ്ക്ക് സാനഡു ബംഗ്ലാവും. സാനഡു ഓഫിസാക്കി മാറ്റിയ ശേഷം ഗൗരിയമ്മ ടി.വിക്കൊപ്പം റോസ് ഹൗസിലേക്ക് താമസം മാറ്റി. ഗൗരിയമ്മ ഗർഭിണിയാവുകയും എന്നാൽ നിരന്തര യാത്രകൾ മൂലം അലസിപ്പോവുകയും ചെയ്തു. ഇതിനിടെയാണ് ഇവരുടെ ദാമ്പത്യബന്ധത്തിന് വിള്ളൽ വീഴുന്നതും വേർപിരിയുന്നതും. ടി.വിയുടെ മരണ ശേഷം അദ്ദേഹത്തിന്റെ ഓർമകൾ പേറി ഗൗരിയമ്മ ചാത്തനാട്ട് വീട്ടിൽ താമസം തുടരുകയായിരുന്നു.



*ടി.വി. തോമസും കെ.ആർ. ഗൗരിയമ്മയും വിവാഹവേളയിൽ*

# ചെറുത്തുനിൽപ്പിന്റെ ധീരബിംബം

പിണറായി വിജയൻ,
മുഖ്യമന്ത്രി

സ്വന്തം ജീവിതത്തെ നാടിന്റെ മോചനത്തിനുള്ള പോരാട്ടത്തിന്റെ വീരേതിഹാസമാക്കി മാറ്റിയ ധീര നായികയാണ് കെ.ആർ. ഗൗരിയമ്മ. എല്ലാവിധ ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കാനും സമത്വത്തിലധിഷ്ഠിതമായ വ്യവസ്ഥിതി സ്ഥാപിച്ചെടുക്കാനും വേണ്ടിയുള്ള നിരന്തര പോരാട്ടങ്ങൾക്കായി സമർപ്പിതമായ ജീവിതമായിരുന്നു ഗൗരിയമ്മയുടേത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ അവർ വഹിച്ച പങ്ക് സമാനതകളില്ലാത്ത വിധത്തിലുള്ളതാണ്. ധീരയായ പോരാളിയും സമർഥയായ ഭരണാധികാരിയും ആ വ്യക്തിത്വത്തിൽ ഒരുമിച്ചു. ആധുനിക കേരളത്തിന്റെ ചരിത്രം അവരുടെ ജീവചരിത്രം കൂടിയാണ്.

നൂറുവർഷം ജീവിക്കാൻ കഴിയുക എന്നത് അപൂർവം പേർക്കു മാത്രം സാധ്യമാവുന്ന ഒന്നാണ്. ഈ ജീവിതഘട്ടത്തിലാകെ ബോധത്തെളിച്ചത്തോടെ കഴിയുക, പരാധീനത്തിലല്ലാതെ കഴിയുക, മറ്റുള്ളവർക്കു സഹായകരമായി കഴിയുക തുടങ്ങിയവയൊക്കെ സാധ്യമാവുന്നതാകട്ടെ അത്യപൂർവം പേർക്കാണ്. ആ അത്യപൂർവം പേരിൽപ്പെടുന്നു കെ.ആർ. ഗൗരിയമ്മ. ഇങ്ങനെയൊരാൾ നമുക്കുണ്ടായിരുന്നു എന്നതു നമ്മുടെ വലിയ ധന്യതയാണ്. ഗൗരിയമ്മയുടെ കാലത്തു ജീവിക്കാൻ കഴിഞ്ഞു എന്നത് ഏതൊരു മലയാളിയുടെയും അഭിമാനമാണ്.

അനുഭവങ്ങളുടെ അതിസമ്പന്നമായ പശ്ചാത്തലത്തോടെ നമ്മുടെ സാമൂഹ്യജീവിതത്തിനു മാർഗനിർദേശം നൽകാൻ കഴിഞ്ഞ മാതൃകാ വ്യക്തിത്വം എന്നുവേണം ഗൗരിയമ്മയെ വിശേഷിപ്പിക്കാൻ. വിദ്യാർഥി ജീവിതഘട്ടത്തിൽ തന്നെ കർമരംഗത്തേക്കും സമരരംഗത്തേയ്ക്കുമിറങ്ങി. നൂറുവയസ് പിന്നിട്ട ഘട്ടത്തിലും ഗൗരിയമ്മ ജനങ്ങൾക്കിടയിൽ തന്നെയുണ്ടായി. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ വർത്തമാനകാല രാഷ്ട്രീയഘട്ടവുമായി ബന്ധപ്പെടുത്തുന്ന വിലപ്പെട്ട കണ്ണിയാണ് ഗൗരിയമ്മയിലൂടെ നമുക്ക് നഷ്ടമാകുന്നത്.

ധീരതയുടെ പ്രതീകമായാണു ഗൗരിയമ്മയെ കേരളം എന്നും കണ്ടിട്ടുള്ളത്. സർ സിപിയുടെ കാലത്തേ പൊലീസിന്റെ ഭേദ്യം അനുഭവിക്കേണ്ടി വന്നിട്ടുള്ള അവർക്ക്, സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള ഘട്ടത്തിലും പൊലീസിൽനിന്ന് ഒട്ടേറെ യാതനാനുഭവങ്ങളുണ്ടായി. ചെറുത്തുനിൽപ്പിന്റെ കരുത്തുറ്റ ധീരബിംബമായി ഗൗരിയമ്മ അങ്ങനെ മാറി. ആ നിലയ്ക്കുള്ള കവിതകൾ പോലും മലയാളത്തിൽ അവരെക്കുറിച്ചുണ്ടായി.

അത്യപൂർവം സ്ത്രീകൾ മാത്രം ഉന്നത വിദ്യാഭ്യാസത്തിനെത്തിയിരുന്ന ഒരു കാലത്ത് നിയമവിദ്യാഭ്യാസം പൂർത്തിയാക്കിയ ഗൗരിയമ്മയ്ക്കു വേണമെങ്കിൽ ഔദ്യോഗിക തലത്തിൽ തിളക്കമാർന്ന തലങ്ങളിലേക്കു വളർന്ന് സ്വന്തം ജീവിതം സുരക്ഷിതവും സമ്പന്നവുമാക്കാമായിരുന്നു. ആ വഴിയല്ല, തന്റെ വഴിയെന്ന് അവർ തിരിച്ചറിഞ്ഞു. ജനങ്ങളിലേക്കിറങ്ങി. ഒളിവിലും തെളിവിലും ത്യാഗപൂർവമായി ജീവിച്ചു. ഒന്നാം കേരള മന്ത്രിസഭയിൽ തന്നെ അംഗമായി അവർ. കേരള കാർഷിക പരിഷ്കരണ നിയമം അടക്കമുള്ള സാമൂഹ്യമാറ്റത്തിന്റെ കൊടുങ്കാറ്റു വിതച്ച ബില്ലുകളുടെ നിയമമാക്കലിൽ ശ്രദ്ധേയമായ പങ്കാണവർ വഹിച്ചത്. രണ്ടാം ഇഎംഎസ് മന്ത്രിസഭയിലും ഒന്നും രണ്ടും നായനാർ മന്ത്രിസഭകളിലും അവർ ശ്രദ്ധേയമായ സാന്നിധ്യമായിരുന്നു.

അസാമാന്യ ദൈർഘ്യമുള്ള നിയമസഭാ സാമാജിക ജീവിതമാണ് ഗൗരിയമ്മയുടേത്. 1952-53, 1954-56 ഘട്ടങ്ങളിലെ തിരു-കൊച്ചി നിയമസഭകളിലും കേരള രൂപീകരണത്തോടെ അഞ്ചാമത്തേതൊഴികെ ഒന്നു മുതൽ പതിനൊന്നു വരെയുള്ള നിയമസഭകളിലും അവർ അംഗമായി. മന്ത്രിസഭയിലാകട്ടെ, റവന്യൂ, വ്യവസായം, കൃഷി, എക്സൈസ്, ഭക്ഷ്യം തുടങ്ങിയ വകുപ്പുകളിലൊക്കെ മൗലികമായ പരിഷ്കാരങ്ങൾ വരുത്താനും തനതായ പദ്ധതികൾ ആവിഷ്കരിക്കാനും അവർ ശ്രദ്ധിച്ചു.

പി.കൃഷ്ണപിള്ള, ഇഎംഎസ്, എകെജി തുടങ്ങിയ ഒന്നാം തലമുറ കമ്യൂണിസ്റ്റ് നേതാക്കൾക്കൊപ്പം നിന്നു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട് ഗൗരിയമ്മയ്ക്ക്. ആ നിലയ്ക്കു കേരളത്തിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ വലിയ സംഭാവനയാണ് അവർക്കൊപ്പം നിന്നു ഗൗരിയമ്മ നൽകിയത്. സ്ത്രീക്ക് സ്വന്തം മുഖവും വ്യക്തിത്വവുമുണ്ട് എന്ന് കേരള സമൂഹത്തിൽ പൊരുതി സ്ഥാപിച്ച വ്യക്തിയാണു ഗൗരിയമ്മ. അതിന് അവർക്ക് അക്കാലത്ത് ശക്തിപകർന്നതു കമ്യൂണിസ്റ്റ് പ്രസ്ഥാനമാണ്.

അസാധാരണമായ ത്യാഗവും ധീരതയും നിറഞ്ഞ ജീവിതമാണു ഗൗരിയമ്മ നയിച്ചത്. അതാകട്ടെ, ഈ സമൂഹത്തെ പുരോഗമനോന്മുഖവും മനുഷ്യോചിതവുമായി മാറ്റിയെടുക്കുന്നതിനു വേണ്ടിയായിരുന്നു. സമൂഹത്തെ ഇനിയും പുരോഗമനപരമായി മുമ്പോട്ടുകൊണ്ടുപോവാനുള്ള നവോത്ഥാന രാഷ്ട്രീയ നീക്കങ്ങളെ ശക്തിപ്പെടുത്തി മുന്നേറുമെന്ന് പ്രതിജ്ഞ ചെയ്യുന്നതാകട്ടെ വിയോഗ വേളയിൽ ഗൗരിയമ്മയ്ക്കുള്ള ആദരാഞ്ജലി.



## മകനോടുള്ള സ്നേഹവായ്പ്

രമേശ് ചെന്നിത്തല,
പ്രതിപക്ഷനേതാവ്



കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ ചരിത്രത്തിലെ ഇതിഹാസ തുല്യജീവിതമാണ് ഗൗരിയമ്മയുടെ വിയോഗത്തിലൂടെ ഇല്ലാതായിരിക്കുന്നത്. മന്ത്രിയായിരിക്കെ കാർഷിക രംഗത്തും ഭൂപരിഷ്കരണ മേഖലയിലും ഗൗരിയമ്മ നൽകിയ സംഭാവന കേരളം എന്നും ഓർത്തിരിക്കും.

കൊടിയപീഡനം ഏറ്റുവാങ്ങുമ്പോഴും നിലപാടുകളിൽ നിന്ന് ഒരിഞ്ച് പിന്നോട്ട് പോയില്ല. അവസാനശ്വാസം വരെ സ്വന്തം നിലപാടിനോട് നീതിപുലർത്തിയാണ് ഗൗരിയമ്മ ജീവിച്ചത്. ഒറ്റപ്പെടുത്താനും പുറത്താക്കാനും ശ്രമിച്ചവർ പിന്നീട് അംഗീകാരവുമായി എത്തിയതിനു കാരണം നിലപാടിലെ ഈ കാർക്കശ്യം തന്നെയായായിരുന്നു. ഇത്രയേറെ ഭരണ നൈപുണ്യമുള്ള നേതാവ് മുഖ്യമന്ത്രി ആകാതിരുന്നതാൺ കേരളത്തിന്റെ എക്കാലത്തെയും വലിയ നഷ്ടം.

ഗൗരവത്തിന്റെ മുഖംമൂടി അഴിഞ്ഞു വീഴുകയും വാത്സല്യം സമ്മാനിക്കുകയും ചെയ്ത എത്രയോ മുഹൂർത്തങ്ങൾ ഞങ്ങൾക്കിടയിൽ ഉണ്ടായിട്ടുണ്ട്. വിവാഹത്തിന് ശേഷം എനിക്കും അനിതയ്ക്കും വീട്ടിൽ വിളിച്ചു ഗൗരിയമ്മ വിരുന്നു നൽകിയിരുന്നു. സ്വന്തം മകന് നൽകുന്ന സ്നേഹവായ്പുകളാണ് അവർ എനിക്കെന്നും പകർന്നു നൽകിയിരുന്നത്. ഗൗരിയമ്മയുടെ വേർപാട് വ്യക്തിപരമായി ഏറെ നഷ്ടമാണ്.

## ഓർമയിലെ കരഘോഷം

എം. വിജയകുമാർ
മുൻ മന്ത്രി, മുൻ സ്പീക്കർ



നിയമസഭാ മുൻ സാമാജികരുടെ സംഘടനയായ ഫോർമർ എം എല്ലേസ് ഫോറത്തിന്റെ രക്ഷാധികാരി കൂടിയാണ് ഗൗരിയമ്മ. അങ്ങനെയിരിക്കെ ഗൗരിയമ്മയുടെ നൂറാം ജന്മദിനം ആലപ്പുഴയിൽ ആഘോഷിക്കാൻ തീരുമാനിച്ചു. പൊതുരംഗം വിട്ടു വിശ്രമ ജീവിതം നയിക്കുന്ന സമയത്താണ് സംഘടന ആഘോഷം സംഘടിപ്പിച്ചത്. കേരളത്തിലെ രാഷ്ട്രീയ, സാമൂഹ്യ രംഗത്തെ പ്രമുഖർ പങ്കെടുത്തു. മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ തുടങ്ങി നിരവധിപ്പേർ എത്തിയിരുന്നു.

ഗൗരിയമ്മ സ്റ്റേജിലേക്കു വന്നു. വന്നപ്പോൾ കാണുന്ന കാഴ്ച നേതാക്കളെല്ലാം സ്റ്റേജിൽ നിറഞ്ഞിരിക്കുന്നതാണ്. ഈ ആൾക്കൂട്ടം കണ്ട് ഗൗരിയമ്മ സ്വതസിദ്ധമായ ശൈലിയിൽ ദേഷ്യപ്പെട്ടു. അവർ സ്റ്റേജിൽ കയറി തറയിൽ ചമ്രം പടിഞ്ഞിരുന്നു. ഇതു സദസിനെ അമ്പരപ്പിച്ചു. ഒടുവിൽ ഒരുവിധം അനുനയിപ്പിച്ചാണു കസേരയിൽ കയറ്റിയിരുത്തിയത്.

തുടർന്നു പ്രസംഗിച്ച മുഖ്യമന്ത്രി പിണറായി വിജയൻ, താൻ ഗൗരിയമ്മയുടെ മറുപടി പ്രസംഗം കഴിഞ്ഞിട്ടേ മടങ്ങിപ്പോകുന്നുള്ളൂ എന്നു വ്യക്തമാക്കി. ആ മറുപടി പ്രസംഗം ഒരിക്കലും മറക്കാൻ കഴിയില്ല. നൂറാം വയസിലും കേരളത്തിന്റെ ഭൂതകാലം, രാഷ്ട്രീയ ചരിത്രം, കടന്നു വന്ന നാൾവഴികൾ തുടങ്ങിയവയെല്ലാം കൃത്യമായി ഓർത്തെടുത്ത് എണ്ണിപ്പറഞ്ഞുള്ള പ്രസംഗം. നിർത്താത്ത കരഘോഷം.



## ആദ്യമായി ലോക്ഡൗൺ നിർദേശം മുന്നോട്ടുവച്ച ഗൗരിയമ്മ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: രാജ്യത്ത് കൊവിഡ് വ്യാപനത്തിന്റെ തുടക്കത്തിൽ, 2020 മാർച്ച് 23നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആദ്യമായി ലോക്ഡൗൺ പ്രഖ്യാപിച്ചത്. ജനങ്ങളെ പൂർണമായും വീട്ടിലിരുത്തി അവർക്ക് ഭക്ഷ്യ സാധനങ്ങളും കേന്ദ്ര -സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തി.

എന്നാൽ പകർച്ച വ്യാധികൾ വർധിക്കുമ്പോൾ രോഗികളെ വീട്ടിലിരുത്തണമെന്നും അവർക്ക് സർക്കാർ അരി കൊടുക്കണമെന്നുമൊക്കെയുള്ള നിർദേശം അരനൂറ്റാണ്ടു മുൻപേ കെ.ആർ. ഗൗരിയമ്മ എന്ന മുപ്പത്തി മൂന്നുകാരി നിയമസഭയിൽ ആവശ്യപ്പെട്ടിരുന്നു. 68 വർഷം മുൻപ് തിരുകൊച്ചി നിയമസഭയിൽ നടത്തിയ പ്രസംഗത്തിലാണ് ലോക്ഡൗണിന് സമാനമായി നിർദേശങ്ങൾ നടപ്പിലാക്കണമെന്ന് ഗൗരിയമ്മ സർക്കാരിനോട് ആവശ്യപ്പെട്ടത്.

**ഗൗരിയമ്മയുടെ പ്രസംഗം ഇങ്ങനെ:**

"മന്തുള്ള വീട്ടിലെ പെണ്ണിന്റെ പേറെടുക്കാൻ പോകുന്ന മിഡ് വൈഫുമാർ ചെയ്യുന്നത് എന്താണെന്നു നിങ്ങൾക്കറിയുമോ, മിസ്റ്റർ ഗോവിന്ദ മേനോൻ (പനമ്പിള്ളി)? വേണ്ടാ, കോളറയുള്ള വീട്ടിൽ? അല്ലെങ്കിൽ വസൂരിയുള്ള വീട്ടിൽ? അവിടെയൊക്കെ പേറ് നടക്കുന്നുണ്ടെന്നെങ്കിലും നിങ്ങൾ അറിയുന്നുണ്ടോ മിസ്റ്റർ ഗോവിന്ദ മേനോൻ?ഒന്നും വേണ്ട, നാട്ടിൽ കോളറയുണ്ട്, വസൂരിയുണ്ട്, പ്ലേഗുണ്ട് എന്നെങ്കിലും നിങ്ങൾ അറിയുന്നുണ്ടോ?

ഇതിനൊക്കെ ഇടയിലൂടെ ഇന്ന് ഓരോ വീട്ടിലും കയറിയിറങ്ങാൻ ധൈര്യം ഈ മിഡ് വൈഫുമാർക്കു മാത്രമേയുള്ളൂ. അവർ നിങ്ങൾ ഭരണക്കാരേപ്പോലെ അറച്ചുനിൽക്കില്ല. ഓരോ വീട്ടിലും പോകും. പക്ഷേ, അവർക്ക് ആഴ്ചയിൽ നാലു നാഴി അരി കൊടുക്കണം എന്നു പറഞ്ഞാൽ നിങ്ങൾ ഖജനാവിനു മേൽ കെട്ടിപ്പിടിച്ചു പൂണ്ടു കിടക്കും.

കുട്ടനാട്ടിലൊക്കെ കോളറയും വസൂരിയും ഓരോ വീട്ടിലും പടർന്നു കയറുകയാണ്. ഒരു വീട്ടിൽ നിന്ന് വേറൊരു വീട്ടിലേക്ക് അതു പകരാതിരിക്കാൻ ആളുകളെ നിങ്ങൾക്കൊന്നു തടഞ്ഞു നിർത്തിക്കൂടേ? പൊലീസിന്റെ ഉച്ചഭാഷിണി കൊണ്ട് രോഗമുള്ള വീട്ടിൽ നിന്നാരും പുറത്തിറങ്ങരുതെന്ന് നിങ്ങൾക്കൊന്നു വിളിച്ചു പറഞ്ഞുകൂടേ? ഈ രോഗമൊന്നു നിൽക്കുന്നതുവരെ അകത്തു തന്നെ ഇരിക്കാൻ ആവീടുകളിൽ ചട്ടംകെട്ടാൻ നിങ്ങൾക്ക് കഴിയാത്തത് എന്തുകൊണ്ടാണ്?

ആളുകൾ പുറത്തിറങ്ങിയില്ലെങ്കിൽ അവർക്ക് കഞ്ഞിക്കു വകയുണ്ടാവില്ല. അരി സർക്കാർ കൊടുക്കണം. അതു നിങ്ങൾക്കു കഴിയില്ല. ഞാൻ ഈ പ്രതിപക്ഷത്തു നിന്ന് പറയുകയാണ്, നിങ്ങൾക്കു വെളിവുണ്ടെങ്കിൽ, ഈ നാടിനോട് എന്തെങ്കിലും ഉത്തരവാദിത്തമുണ്ടെങ്കിൽ ചെയ്യാനായി ഒന്നുകൂടി പറയുകയാണ്. രോഗമുള്ള വീട്ടിലെ ആളുകളെ വീട്ടിൽ തന്നെ ഇരുത്തുക. അവർക്കും മിഡ് വൈഫുമാർക്കും സർക്കാർ തന്നെ അരികൊടുക്കുക. അതു നിങ്ങളെക്കൊണ്ടു പറ്റുമോ?"




## സഹോദര തുല്യനായ സുഹൃത്ത്



തന്റെ വളർച്ചയിലും തളർച്ചയിലും തന്റെ ഒപ്പമുണ്ടായിരുന്ന സഹോദര തുല്യനായ സുഹൃത്ത് എന്നാണ് മമ്മൂട്ടി ഡെന്നീസ് ജോസഫിനെ വിശേഷിപ്പിക്കുന്നത്." വളർച്ചയിലും തളർച്ചയിലും എന്റെ ഒപ്പം ഉണ്ടായിരുന്ന സഹോദര തുല്യനായ സുഹൃത്ത് ഇപ്പോഴില്ല, എഴുതിയതും സംവിധാനം ചെയ്തതുമായ എല്ലാ സിനിമകളിലൂടെയും അദ്ദേഹം ഓർമിക്കപ്പെടും. നിത്യശാന്തി നേരുന്നു" എന്നാണ് മമ്മൂട്ടി ഫെയ്സ്ബുക്കിൽ കുറിച്ചിരിക്കുന്നത്.

## എത്ര പറഞ്ഞാലും തീരില്ല ഡെന്നീസുമായുള്ള ആത്മബന്ധം



എത്ര പറഞ്ഞാലും തീരില്ല ഡെന്നീസുമായുള്ള ആത്മബന്ധം എന്നാണ് മോഹൻലാൽ സോഷ്യൽ മീഡിയയിൽ കുറിച്ചത്.എന്റെ പ്രിയപ്പെട്ട ഡെന്നീസിനു വേണ്ടി ഈ വരികൾ കുറിയ്ക്കുമ്പോൾ ഓർമ്മകൾ ക്രമം തെറ്റി വന്ന് കൈകൾ പിടിച്ചു മാറ്റുന്ന പോലെയാണ് തോന്നുന്നത്. തിരക്കഥാ ലോകത്തെ രാജാവായിരുന്നു ഡെന്നീസ്. ആ രാജാവിന്റെ മക്കളായി പിറന്ന ഒട്ടേറേ കഥാപാത്രങ്ങൾക്ക് ജീവൻ നൽകാനുള്ള ഭാഗ്യം സിദ്ധിച്ച ഒരാളാണ് ഈ ഞാനും.സൗമ്യമായ പുഞ്ചിരിയിൽ ഒളിപ്പിച്ചു വെച്ച, തിരിച്ചൊന്നും പ്രതീക്ഷിക്കാതിരുന്ന സ്നേഹമായിരുന്നു ഡെന്നീസ്. വെള്ളിത്തിരകളെ ത്രസിപ്പിക്കുന്ന എത്രയെത്ര ചടുലൻ കഥകൾ, വികാര വിക്ഷോഭങ്ങളുടെ തിരകൾ ഇളകിമറിയുന്ന സന്ദർഭങ്ങൾ, രൗദ്രത്തിന്റെ തീയും പ്രണയത്തിന്റെ മധുരവും വേദനയുടെ കണ്ണീരുപ്പും നിറഞ്ഞ സംഭാഷണങ്ങൾ.ആർദ്രബന്ധങ്ങളുടെ കഥകൾ തൊട്ട് അധോലോകങ്ങളുടെ കുടിപ്പകകൾ വരെ മലയാള സിനിമയ്ക്ക് സമ്മാനിച്ച അതുല്യ പ്രതിഭ. എത്ര പറഞ്ഞാലും തീരില്ല ഡെന്നീസുമായുള്ള ആത്മബന്ധം. അതുകൊണ്ടു തന്നെ പാതിപറഞ്ഞ് നിർത്തുന്നു, ഇടറുന്ന വിരലുകളോടെ... പ്രണാമം ഡെന്നീസ് എന്നാണ് മോഹൻലാൽ കുറിച്ചത്.

## 'പവർസ്റ്റാർ' ചിത്രത്തിന്റെ തിരക്കഥയിൽ



'പവർസ്റ്റാർ' എന്ന സിനിമയുടെ ചിത്രീകരണം തുടങ്ങാനിരിക്കവെയാണ് ഡെന്നീസ് ജോസഫിന്റെ അപ്രതീക്ഷിത വിയോഗം. ഒമർ ലുലു സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ തിരക്കഥ ഡെന്നീസ് ജോസഫ് എഴുതി കഴിഞ്ഞിരുന്നു, ലോക്ഡൗൺ കഴിഞ്ഞ് ഫൈനൽ ഡ്രാഫ്റ്റ് എഴുതാനുള്ള തയാറെടുപ്പിലായിരുന്നു അദ്ദേഹം എന്നാണ് ഒമർലുലു പറയുന്നത്. മൂന്നു ദിവസം മുമ്പ് ഡെന്നിസേട്ടൻ വിളിച്ചിരുന്നു. ലോക്ഡൗൺ കഴിഞ്ഞ് ഇരിക്കാം എന്നു പറഞ്ഞതാണ്. പക്ഷേ, ഇത്ര വേഗം അദ്ദേഹം പോകുമെന്നു കരുതിയില്ല.

ആ സിനിമ എന്തായാലും ചെയ്യും. ബി. ഉണ്ണികൃഷ്ണൻ വിളിച്ച് ഫെഫ്കയുടെ ഭാഗത്ത് നിന്ന് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ആവശ്യമെങ്കിൽ തിരക്കഥയുടെ അവസാന മിനുക്കു പണികളിൽ ഉദയകൃഷ്ണ ചേട്ടനും ഉണ്ണി സാറും സഹായിക്കാമെന്ന് പറഞ്ഞിട്ടുണ്ടെന്നും ഒമർ പറയുന്നത്.

> ഇന്നലെ രാത്രി നീ എന്നോട് സംസാരിച്ചപ്പോൾ ഞാൻ ഒരിക്കലും വിചാരിച്ചില്ല നീ ഇന്ന് ഉണ്ടാവില്ലെന്ന്" എന്നാണ് സംവിധായകൻ പ്രിയദർശൻ സോഷ്യൽ മീഡിയയിൽ കുറിക്കുന്നത്.

> സിനിമ വേദിക്ക് അവിസ്മരണീയമായ കഥാപാത്രങ്ങളും സിനിമകളും സൃഷ്ടിച്ച എന്റെ സിനിമ ജീവിതത്തിന് തന്നെ ശക്തി പകർന്ന പ്രിയ സുഹൃത്ത് ഡെന്നിസ് ജോസഫിന് വിട" എന്ന് സുരേഷ് ഗോപി ഫെയ്സ്ബുക്കിൽ കുറിച്ചു.

> വിൻസെന്റ് ഗോമസിനെയും കോട്ടയം കുഞ്ഞച്ചനെയും ജി.കെയെയും ടോണി കുരിശിങ്കലിനെയും ഒപ്പം മറ്റനേകം പേരെയും അനാഥരാക്കി അയാൾ കടന്നു പോകുന്നു.. വിട ഡെന്നിസ് ജോസഫ് സാർ.. A true legend indeed.. On a personal note, പറഞ്ഞു തന്ന അനുഭവകഥകൾക്ക് നന്ദി.. കടും കാപ്പിക്ക് നന്ദി.. Meeting you was an honour.." എന്നാണ് സംവിധായകൻ മിഥുൻ മാനുവൽ തോമസിന്റെ വാക്കുകൾ.

# ഹിറ്റുകളുടെ രാജാവ്

തിരക്കഥാകൃത്തും സംവിധായകനുമായ ഡെന്നീസ് ജോസഫിന്റെ അപ്രതീക്ഷിത വിയോഗത്തിന്റെ ഞെട്ടലിലാണ് മലയാള സിനിമാലോകം.

1985ൽ ജേസി സംവിധാനം ചെയ്ത ഈറൻ സന്ധ്യയ്ക്ക് എന്ന ചിത്രത്തിന് തിരക്കഥ എഴുതിയാണ് ഡെന്നീസ് ജോസഫ് ചലച്ചിത്രരംഗത്ത് പ്രവേശിച്ചത്. മനു അങ്കിൾ എന്ന ചലച്ചിത്രത്തിലൂടെ ആദ്യമായി സംവിധായകനായി. അവസാനമായി ഒമർ ലുലുവിന്റെ സംവിധാനത്തിൽ ഒരുങ്ങുന്ന പവർ സ്റ്റാറിന്റെ തിരക്കുകളിലായിരുന്നു അദ്ദേഹം.

മലയാള സിനിമയ്ക്ക് നിരവധി ശക്തമായ കഥാപാത്രങ്ങൾ സമ്മാനിച്ച തിരക്കഥാകൃത്ത് ആണ് ഡെന്നീസ് ജോസഫ്. മോഹൻലാൽ, മമ്മൂട്ടി, സുരേഷ് ഗോപി തുടങ്ങിയവരെ താരപദവിയിലേക്ക് ഉയർത്തിയ സംവിധായകനാണ് ഡെന്നീസ് ജോസഫ്

മമ്മൂട്ടിയുടെ കരിയറിലെ തിരിച്ചുവരവ് അടയാളപ്പെടുത്തിയ ചിത്രമായ ന്യൂഡൽഹിയുടെ തിരക്കഥ ഒരുക്കിയത് ഡെന്നിസ് ജോസഫ് ആയിരുന്നു. മമ്മൂട്ടിയുടെ ശ്രദ്ധേയ ചിത്രങ്ങളായ നിറക്കൂട്ട്, സംഘം, നായർ സാബ്, കോട്ടയം കുഞ്ഞച്ചൻ എന്നിവയ്ക്കൊക്കെ തിരക്കഥയൊരുക്കിയത് അദ്ദേഹമായിരുന്നു.



## ന്യൂഡൽഹി' ഓർമകളുമായി ദേവൻ



മമ്മൂട്ടിയുടെ മികച്ച സിനിമകളിലൊന്നാണ് ന്യൂഡൽഹി. ജോഷി സംവിധാനം ചെയ്ത ചിത്രത്തിന് തിരക്കഥയൊരുക്കിയത് ഡെന്നീസ് ജോസഫാണ്. അവസാനനിമിഷമാണ് ചിത്രത്തിലെ ക്ലൈമാക്സ് മാറ്റിയതെന്നും, അത് വൻവിജയമായി തീരുകയും ചെയ്തുവെന്നും ദേവൻ പറയുന്നു. ഡെന്നീസ് ജോസഫിന് ആദരാഞ്ജലി അർപ്പിച്ചുള്ള കുറിപ്പിനൊപ്പമായാണ് ദേവൻ ന്യൂഡൽഹി അനുഭവങ്ങളും പങ്കുവെച്ചത്.

ഡെന്നിസ് ജോസഫ് ഇല്ലാതായിരിക്കുന്നു... മലയാളത്തിലെ പവർഫുൾ സിനിമകളുടെ തുടക്കക്കാരൻ...അകലെ ആണെങ്കിലും മനസ്സിൽ എന്നും സജീവമായി തന്നെ ഉള്ള ചുരുക്കം സുഹൃത്തുക്കളിൽ ഒരാൾ.. പല സിനിമകളും കാണുമ്പോൾ മനസ്സിൽ ഓടിവരാറുണ്ട് ഡെന്നിസ്...ന്യൂ ഡൽഹിക് ശേഷം ഇന്നുവരെ ഈ സിനിമയെ കവച്ചുവെക്കുന്ന ഒരു സിനിമ ഉണ്ടായിട്ടുണ്ടോന്നു സംശയം...

ഡെന്നിസിന്റെ 4 സിനിമകൾ ചെയ്തിട്ടുണ്ട്....അതിൽ 'ന്യൂ ഡൽഹി ' എനിക്ക് പ്രിയപ്പെട്ടതാണ്... ഒരുപാടു കടപ്പാടുമുണ്ട് ജോഷിയേട്ടനോടും ഡെന്നിസിനോടും... അതിലെ ക്ലൈമാക്സ് അവസാനനിമിഷത്തിൽ മാറ്റിയത് ഞാൻ ഓർക്കുന്നു... നായകൻ മമ്മൂട്ടി വലിയ ഒരു സംഘട്ടണത്തിനോടുവിൽ പ്രിന്റിഗ് പ്രെസ്സിലേക്ക് എന്നെ വലിച്ചെറിയുന്നതാണ് ക്ലൈമാക്സ്..സൂപ്പർ സ്റ്റാർ മമ്മുട്ടിയുടെ കൂടെ ഒരു സ്റ്റണ്ട് ചെയ്യാനുള്ള ത്രില്ലിലായിരുന്നു ഞാൻ... സ്റ്റണ്ട് മാസ്റ്ററും ആർട്ടിസ്റ്റുകളും റെഡി... പെട്ടെന്ന് ജോഷിയേട്ടൻ വന്നു 'മാസ്റ്റർ ആൻഡ് ആർട്ടിസ്റ്റ്പാക്ക് അപ്പ് പറയുന്നു... സ്റ്റണ്ട് വേണ്ട ' എന്ന് പറയുന്നു.. ഞാൻ നിരാശനായി.. പക്ഷെ പടം കണ്ടവർക്ക് അറിയാം ആ twist എത്രത്തോളം ആ സിനിമയെ വിജയിപ്പിച്ചു എന്ന്...ജോഷിയേട്ടന്റെയും ഡെന്നിസിന്റെയും മനസ്സിലുണ്ടായ മാറ്റം... അന്നേവരെ സിനിമയിലെ ക്ലൈമാക്സ് സങ്കല്പത്തെ മാറ്റിയെഴുതിയ മാറ്റമായിരുന്നു അത്...

വല്ലപ്പോളും കാണുമ്പോൾ ഡെന്നിസ് പറയാറുണ്ട് ' താൻ വാടോ, വീട്ടിലേക്കു '... ഒരിക്കലും കഴിഞ്ഞില്ല... മലയാള സിനിമയിലെ എക്കാലത്തെയും ശക്തനായ ഒരു മനുഷ്യനായിരുന്നു ഈ കലാകാരൻ. കാലം കൈകളിലെന്തി നടന്ന മഹാനായ കലാകാരൻ... നമുക്ക് മമ്മുട്ടിയെയും മോഹൻലാലിനെയും സമ്മാനിച്ച കലാകാരൻ...ആ നല്ല കലാകാരന്റെ ഓർമ്മക്ക് മുൻപിൽ നമസ്കരിക്കുന്നു. എന്നാണ് ദേവൻ കുറിച്ചിരിക്കുന്നത്.

## നഷ്ടപ്പെട്ടത് നല്ലൊരു സുഹൃത്തിനെ: സുഹാസിനി



ഡെന്നീസ് ജോസഫിന്റെ അപ്രതീക്ഷിത വേർപാടിൽ അനുശോചനം അറിയിച്ച് നിരവധി പേരാണ്. ഇപ്പോഴിതാ നടി സുഹാസിനി കുറിച്ച വാക്കുകളാണ് ശ്രദ്ധ നേടുന്നത്. ഇൻസ്റ്റാഗ്രാമിലൂടെയാണ് സുഹാസിനി തന്റെ പ്രിയസുഹൃത്തിനെ കുറിച്ചുള്ള ഓർമ്മ പങ്കുവെച്ചത്.


'പ്രിയൻ, ഡെന്നിസ് ജോസഫ്, ദിനേശ് ബാബു എന്നിവരായിരുന്നു എന്റെ ഇരുപതുകളിലെ കൂട്ടുകാർ. ഞങ്ങൾ പബ്ബുകളിൽ പോവുകയോ ഡിസ്കോ കളിക്കുകയോ ഒന്നും ചെയ്തിട്ടില്ല. പക്ഷേ ഞങ്ങൾ നിരന്തരം ഷൂട്ടിങ് ലൊക്കേഷനിൽ വെച്ച് കണ്ടുമുട്ടാറുണ്ടായിരുന്നു. ഷോട്ടുകൾക്കിടയിൽ ഞങ്ങൾ സിനിമയെ കുറിച്ച് സംസാരിക്കാറുണ്ടായിരുന്നു.'

'പ്രിയൻ മലയാളത്തിൽ ചെറിയ ബഡ്ജറ്റിലുള്ള കോമഡി ചിത്രങ്ങളൊരുക്കുമായിരുന്നു. ഡെന്നിസ് ജോസഫായിരുന്നു അക്കാലത്ത് കേരളത്തിൽ ഏറെ തിരക്കുള്ള തിരക്കഥാകൃത്ത്. ദിനേശ് ബാബു തമിഴകത്തെ മിന്നും ഛായാഗ്രഹകനായിരുന്നു അന്ന്.

'ഞങ്ങളുടെ സിനിമാചർച്ചകളിലെ തർക്കങ്ങളിൽ വിജയം എന്നും അവർക്കൊപ്പമായിരുന്നു. അവരുടെ വാദത്തെ പ്രതിരോധിക്കാൻ എനിക്ക് കഴിയാറില്ലായിരുന്നു. തമിഴ് യുവതിയായ എന്റെ വാദങ്ങൾക്ക് യാതൊരു പ്രസക്തിയുമുണ്ടാവാറില്ലായിരുന്നു '

'തർക്കത്തിനിടെ എനിക്കൊരിക്കലും അവരുമായി പിടിച്ചു നിൽക്കാൻ കഴിയുമായിരുന്നില്ല. പ്രത്യേകിച്ച് പ്രിയനുമായി, പക്ഷേ എനിക്ക് അവിടെ അതിജീവിക്കാൻ ഒരു വഴിയുണ്ടായിരുന്നു. 'കാത്തിരുന്നു കാണൂ മനുഷ്യാ, ഞാനൊരു ഒന്നാന്തരം ചിത്രം തന്നെ ആദ്യമൊരുക്കും, എന്നിട്ട് അതിന്റെ പ്രിവ്യൂ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച് തീയേറ്ററിനു മുന്നിൽ കാത്തു നിൽക്കും. ശേഷം എന്റെ ക്ലാസ്സിക് സിനിമ കണ്ട ശേഷം എന്നെ അഭിനന്ദനങ്ങൾ കൊണ്ട് മൂടും. അപ്പോൾ ഞാനെന്റെ മഹാമനസ്കതയിൽ ഈ വിലകുറഞ്ഞ വാഗ്വാദങ്ങളെ പുച്ഛിച്ച് തള്ളും. അന്ന് ഞാനൊരു നല്ല ക്ലാസ്സിക് സിനിമ ഒരുക്കിക്കഴിഞ്ഞിട്ടുണ്ടാകും.' എന്ന് പറയാറുണ്ടായിരുന്നു. സുഹാസിനി ഇൻസ്റ്റയിൽ കുറിച്ചിരിക്കുന്നു.

# മലയാള സാഹിത്യത്തിന്റെ, മലയാള സിനിമയുടെ കുലപതിക്ക് ഗുരുനാഥന് വിട: ജയരാജ്





മലയാളസാഹിത്യകാരനും, തിരക്കഥാകൃത്തും, അഭിനേതാവുമായ മാടമ്പ് കുഞ്ഞുകുട്ടൻ ഓർമ്മയായിരിക്കുകയാണ്. നിരവധി സിനിമാപ്രവർത്തകരാണ് സോഷ്യൽമീഡിയയിലൂടെയും മറ്റും അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചിരിക്കുന്നത്.ദേശാടനം എന്ന ഒറ്റ തിരക്കഥ മാത്രം മതി അദ്ദേഹത്തിന്റെ പ്രതിഭയുടെ ആഴം തിരിച്ചറിയാൻ. ജയരാജ സംവിധാനം ചെയ്ത കരുണം എന്ന ചിത്രത്തിന്റെ തിരക്കഥ രചിച്ചതിന് 2000-ൽ ഇദ്ദേഹത്തിന് മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ ചലച്ചിത്രപുരസ്കാരം ലഭിച്ചിരുന്നു. ശാന്തം, പരിണാമം, മകൾക്ക്, ഗൗരിശങ്കരം, സഫലം ഇവയാണ് അദ്ദേഹം തിരക്കഥയൊരുക്കിയ മറ്റ് സിനിമകൾ.

മലയാള സാഹിത്യത്തിന്റെ, മലയാള സിനിമയുടെ കുലപതിക്ക് ഗുരുനാഥന് വിട, പൈതൃകം, ദേശാടനം, കരുണം, ശാന്തം, അത്ഭുതം, മകൾക്ക്, ആനന്ദഭൈരവി തുടങ്ങിയ സിനിമകളിലൂടെ എനിക്ക് പകർന്നു തന്ന അനുഗ്രഹങ്ങൾക്കും അംഗീകാരങ്ങൾക്കും സാംഷ്ടാംഗപ്രണാമം, നന്ദി' എന്നാണ് ജയരാജ് ഫേസ്ബുക്കിൽ കുറിച്ചിരിക്കുന്നത്.

കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവായ അദേഹത്തിന്റെ മരണം സാഹിത്യ സാംസ്കാരിക ലോകത്തിന് തീരാനഷ്ടമാണ് .

ഭ്രഷ്ട്, അശ്വത്ഥാമാവ്, മഹാപ്രസ്ഥാനം എന്നിവയാണ് പ്രശസ്ത കൃതികൾ. ആറാം തമ്പുരാൻ, പൈതൃകം, ആനച്ചന്തം, അഗ്നിസാക്ഷി തുടങ്ങിയ സിനിമകളിൽ അഭിനയിച്ചു.



## 'കർണ്ണൻ' ഒടിടിയിലേക്ക്

മാരി സെൽവരാജ് സംവിധാനം ചെയ്ത 'കർണ്ണന്റെ' ഒടിടി റിലീസ് തീയതി പ്രഖ്യാപിച്ചു. ആമസോൺ പ്രൈമിലൂടെ ഈ മാസം 14നാണ് ചിത്രം പ്രേക്ഷകരിലേക്ക് എത്തുക. ധനുഷ് നായകനായ ചിത്രം പ്രേക്ഷകപ്രീതിയും നിരൂപകശ്രദ്ധയും ഒരുപോലെ നേടിയിരുന്നു.അരങ്ങേറ്റ ചിത്രം 'പരിയേറും പെരുമാളി'നു ശേഷം മാരി സെൽവരാജ് സംവിധാനം ചെയ്ത ചിത്രമാണിത്.

ഏപ്രിലിൽ ഒൻപതിന് ആയിരുന്നു തിയെറ്റർ റിലീസ്.മലയാളത്തിൽ നിന്ന് രണ്ട് പ്രധാന താരങ്ങളും ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്. രജിഷ വിജയൻ നായികയാവുന്ന ചിത്രത്തിൽ ലാലും ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നു. നടരാജൻ സുബ്രഹ്മണ്യൻ, യോഗി ബാബു എന്നിവരും മുഖ്യ വേഷത്തിൽ അഭിനയിക്കുന്നുണ്ട്. വി ക്രിയേഷൻസിന്റെ ബാനറിൽ കലൈപ്പുലി എസ് താണുവാണ് ചിത്രത്തിന്റെ നിർമ്മാണം. ഛായാഗ്രഹണം തേനി ഈശ്വർ

## രാജീവ് രവി,നിവിൻ പോളി ചിത്രം 'തുറമുഖം' ടീസർ റിലീസ്



മലയാളത്തിന് ഒരുപിടി മികച്ച ചിത്രങ്ങൾ സമ്മാനിച്ച രാജീവ് രവി സംവിധാനം ചെയ്യുന്ന ' തുറമുഖം ' എന്ന ചിത്രത്തിന്റെ ടീസർ നാളെ രാവിലെ പതിനൊന്ന് മണിക്ക് റിലീസ് ചെയ്യും.

നിവിൻ പോളിക്കൊപ്പം നിമിഷ സജയൻ, ഇന്ദ്രജിത്ത് സുകുമാരൻ, ജോജു ജോർജ്, പൂർണിമ ഇന്ദ്രജിത്ത്, അർജുൻ അശോകൻ, സുദേവ് നായർ, മണികണ്ഠൻ ആചാരി തുടങ്ങിയവരാണ് മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഗോപൻ ചിദംബരമാണ് തുറമുഖത്തിന്റെ തിരക്കഥ സംഭാഷണമെഴുതുന്നത്. എഡിറ്റർ- ബി അജിത്കുമാർ, പ്രൊഡക്ഷൻ ഡിസൈനർ- ഗോകുൽ ദാസ്. കടലും കരയും മനുഷ്യരും കെട്ടുപിണഞ്ഞു കിടക്കുന്ന കഥാന്തരീക്ഷത്തിൽ മൂന്ന് കാലഘട്ടങ്ങളുടെ ജീവിതം പകർത്തുന്ന ചിത്രമാണ് 'തുറമുഖം'. തെക്കേപ്പാട്ട് ഫിലിംസിന്റെ ബാനറിൽ സുകുമാർ തെക്കേപ്പാട്ട് നിർമ്മിക്കുന്ന മൂന്നാമത്തെ ചിത്രമാണ് 'തുറമുഖം'.വാർത്ത പ്രചരണം-എ എസ് ദിനേശ്.

## 'നിഴൽ' ആമസോൺ പ്രൈമിൽ റിലീസായി



ലേഡി സൂപ്പർസ്റ്റാർ നയൻതാരയും, മലയാളത്തിന്റെ കുഞ്ചാക്കോ ബോബനും ആദ്യമായി ഒന്നിക്കുന്ന 'നിഴൽ' ഒടിടി റിലീസ്സായി. ഇന്നലെ മുതൽ ഇന്ത്യയടക്കമുള്ള 240 രാജ്യങ്ങളിലെ ആമസോൺ പ്രൈം പ്രേക്ഷകർക്ക് ചിത്രം ലഭ്യമാകും. രാജ്യാന്തര പുരസ്കാരങ്ങളും സംസ്ഥാന സർക്കാറിന്റെ അംഗീകാരങ്ങളും നേടിയിട്ടുള്ള എഡിറ്റർ അപ്പു എൻ. ഭട്ടതിരി ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണിത്. ത്രില്ലർ പശ്ചാത്തിലൊരുക്കുന്ന ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത് എസ്. സഞ്ജീവാണ്. ആന്റോ ജോസഫ് ഫിലിം കമ്പനി, മെലാഞ്ച് ഫിലിം ഹൗസ്, ടെന്റ്പോൾ മൂവീസ് എന്നിവയുടെ ബാനറുകളിൽ ആന്റോ ജോസഫ്, അഭിജിത്ത് എം പിള്ള, ബാദുഷ, സംവിധായകൻ ഫെല്ലിനി ടി.പി, ജിനേഷ് ജോസ് എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ നിർമ്മാണം.കുഞ്ചാക്കോ ബോബൻ, നയൻതാര എന്നിവരെ കൂടാതെ മാസ്റ്റർ ഇസിൻ ഹാഷ്, സൈജു കുറുപ്പ്, വിനോദ് കോവൂർ, ഡോ. റോണി, അനീഷ് ഗോപാൽ, സിയാദ് യദു, സാദിക്ക്, ദിവ്യപ്രഭ, ആദ്യ പ്രസാദ് എന്നിവരാണ് മറ്റ് അഭിനേതാക്കൾ. വാർത്ത പ്രചരണം - പി.ശിവപ്രസാദ്

## പീയൂഷ് ചൗളയുടെ അച്ഛന്റെ മരണം തളർത്തുന്നു: സച്ചിൻ

മുംബൈ: ഇന്ത്യയുടെ മുൻ ഓഫ് സ്പിന്നർ പിയൂഷ് ചൗളയുടെ അച്ഛന്റെ മരണവാർത്ത കേട്ട് ഹൃദയം തകർന്നുവെന്ന് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ. ഈ ദുഃഖകരമായ നിമിഷത്തിൽ പിയൂഷ് ചൗളയ്ക്കും കുടുംബത്തിനും ദൈവം മനക്കരുത്ത് നൽകട്ടെയെന്നും സച്ചിൻ ടീറ്റ് ചെയ്തു.

കൊവിഡ് സ്ഥിരീകരിച്ച് ആശുപത്രിയിലായിരുന്ന പിയൂഷ് ചൗളയുടെ അച്ഛൻ പ്രമോദ് കുമാർ ചൗള കഴിഞ്ഞ തിങ്കളാഴ്ച്ചയാണ് മരിച്ചത്. പിയൂഷിന് കരുത്ത് പകർന്ന് ഐപിഎൽ ടീം മുംബൈ ഇന്ത്യൻസും ടീറ്റ് ചെയ്തു.

കുടുംബത്തിന്റെ നെടുംതൂണാണ് നഷ്ടപ്പെട്ടതെന്നും ഇനി ഒന്നും പഴയതുപോലെയാകില്ലെന്നും പിയൂഷ് നേരത്തെ പറഞ്ഞിരുന്നു.

ഇതിന് പിന്നാലെയാണ് സച്ചിനും മുംബൈ ഇന്ത്യൻസ് ടീമും ആശ്വാസ വാക്കുകളുമായെത്തിയത്. ഐപിഎല്ലിൽ ആകെ 156 വിക്കറ്റ് അക്കൗണ്ടിലുള്ള പിയൂഷ് ചൗള കഴിഞ്ഞ സീസണിൽ ചെന്നൈ സൂപ്പർ കിങ്സ് താരമായിരുന്നു.

## ഇംഗ്ലണ്ടിനും ലങ്കയ്ക്കും ഇന്ത്യയുടെ രണ്ടു ടീം

# ലങ്കയ്ക്കു ബി ടീം



മുംബൈ: ഇംഗ്ലണ്ടിനും ലങ്കയ്ക്കും പര്യടനത്തിനു പോകുന്നത് ഇന്ത്യയുടടെ വെവ്വേറെ ടീം എന്ന് ബിസിസിഐ. ഇന്ത്യയുടെ ബി ടീം ആയിരിക്കും ലങ്കയിലെത്തുന്നത്. അതിനിടെ ഇന്ത്യയുടെ ശ്രീലങ്കൻ പര്യടനത്തിന്റെ ഫിക്സ്ച്ചർ തയ്യാറായി. മൂന്നു വീതം ടന്റി-20യും ഏകദിനവുമാണ് പരമ്പരയിലുള്ളത്. ജൂലൈ 13-ന് ഏകദിന മത്സരത്തോടെ പരമ്പര തുടങ്ങും. ജൂലൈ 16,19 തിയ്യതികളിൽ ശേഷിക്കുന്ന ഏകദിന മത്സരങ്ങൾ നടക്കും. ജൂലൈ 22-ന് ടന്റി-20 പരമ്പര ആരംഭിക്കും. ജൂലൈ 24,27 തിയ്യതികളിലാണ് ശേഷിക്കുന്ന മത്സരങ്ങൾ. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലും ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയും നടക്കുന്നതിനാൽ ഇന്ത്യയുടെ രണ്ടാം നിര ടീമാകും ശ്രീലങ്കയിലേക്ക് വിമാനം കയറുക. ഇതോടെ ഐപിഎല്ലിലും ആഭ്യന്തര ക്രിക്കറ്റിലും മികവു തെളിയിച്ച യുവതാരങ്ങൾക്ക് ഇന്ത്യൻ ടീമിൽ കളിക്കാനുള്ള അവസരമാണ് മുന്നിലുള്ളത്. ഏകദിന, ടന്റി-20 സ്പെഷ്യലിസ്റ്റുകൾ മാത്രം അടങ്ങുന്നതായിരിക്കും പര്യടനത്തിനായി തിരഞ്ഞെടുക്കുന്ന ടീമിൽ കളിക്കുകയെന്ന് ബിസിസിഐ പ്രസിഡന്റ് സൗരവ് ഗാംഗുലി പറയുന്നു.

ജൂലൈ മാസത്തിൽ മറ്റു ഏകദിന മത്സരങ്ങളിലൊന്നും ഇന്ത്യൻ ടീം കളിക്കുന്നില്ല. ടെസ്റ്റ് പരമ്പരയ്ക്കായി ഇംഗ്ലണ്ടിലുള്ള ടീം പരിശീലന മത്സരങ്ങൾ മാത്രമാണ് കളിക്കുന്നത്. ഈ സാഹചര്യത്തിൽ ഇന്ത്യ ശ്രീലങ്കയിൽ പര്യടനം നടത്തുന്നതിൽ തടസ്സങ്ങളൊന്നുമില്ലെന്നും ഗാംഗുലി വ്യക്തമാക്കി. വിരാട് കോലിയുടെ അഭാവത്തിൽ ആരായിരിക്കും ഇന്ത്യൻ ക്യാപ്റ്റനാകുക എന്നതാണ് ആരാധകർ ഉറ്റുനോക്കുന്നത്. മലയാളി താരങ്ങളായ സഞ്ജു സാംസൺ, ദേവ്ദത്ത് പടിക്കൽ, യുവതാരങ്ങളായ സൂര്യകുമാർ യാദവ്, പൃഥ്വി ഷാ, ഇഷാൻ കിഷൻ, ക്രുണാൽ പാണ്ഡ്യ, ഹാർദിക് പാണ്ഡ്യ, ഖലീൽ അഹമ്മദ്, വരുൺ ചക്രവർത്തി തുടങ്ങിയ താരങ്ങൾ അണിനിരക്കുന്നതാകും ടീം.

### ദ്രാവിഡ് പരിശീലകൻ?

മുംബൈ: ക്യാപ്റ്റൻ വിരാട് കോഹ്‌ലിയും വൈസ് ക്യാപ്റ്റൻ രോഹിത് ശർമയുമില്ലാതെ ജൂലൈയിൽ ഇന്ത്യൻ ക്രിക്കറ്റ് ടീം ശ്രീലങ്കയിലേക്ക് നടത്തുന്ന പര്യടനത്തിൽ പരിശീലകനായി ദേശീയ ക്രിക്കറ്റ് അക്കാദമി തലവനായ രാഹുൽ ദ്രാവിഡ് എത്തിയേക്കുമെന്ന് റിപ്പോർട്ട്. പരിശീലകനായ രവി ശാസ്ത്രി ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയ്ക്കുള്ള ടീമിനൊപ്പം ആയിരിക്കുമെന്നതിനാലാണ് മുമ്പ് ഇന്ത്യൻ അണ്ടർ 19 ടീമിന്റെ പരിശീലകനായിട്ടുള്ള ദ്രാവിഡിനെ പരിശീലക സ്ഥാനത്തേക്ക് പരിഗണിക്കുന്നത് എന്നാണ് റിപ്പോർട്ട്. ദ്രാവിഡ് പരിശീലകനായി എത്തുമ്പോൾ ടീമിലെ സീനിയർ താരമായ ശിഖർ ധവാനോ ശ്രേയസ് അയ്യരോ ക്യാപ്റ്റനാകും എന്നും സൂചനയുണ്ട്.ശ്രീലങ്കയ്ക്കെതിരെ മൂന്ന് ഏകദിനങ്ങളും മൂന്ന് ടി20യും അടങ്ങിയ പരമ്പരയിലാണ് ഇന്ത്യ കളിക്കുന്നത്. ടെസ്റ്റ് പരമ്പരക്കായി ഇംഗ്ലണ്ടിലായിരിക്കുമെന്നതിനാൽ കോഹ്‌ലിക്കും രോഹിത്തിനും പുറമെ റിഷഭ് പന്ത്, ജസ്പ്രീത് ബുമ്ര, മുഹമ്മദ് ഷമി തുടങ്ങിയ പ്രമുഖരും ശ്രീലങ്കക്കെതിരായ പരമ്പരയിൽ ഉണ്ടാവില്ല.

ഏകദിന-ടി20 സ്പെഷലിസ്റ്റുകളായ .യുവതാരങ്ങളായിരിക്കും ശ്രീലങ്കക്കെതിരായ പരമ്പരയിൽ ഇന്ത്യക്കായി കളിക്കുക. ഈ സാഹചര്യത്തിലാണ് യുവനിരയെ വാർത്തെടുക്കുന്നതിൽ മികവ് കാട്ടിയിട്ടുള്ള ദ്രാവിഡിനെ പരിശീലകനായി പരിഗണിക്കുന്നത്. മുമ്പ് ഇന്ത്യൻ സീനിയർ ടീമിന്റെ പരിശീലകനാവാൻ ക്ഷണം ലഭിച്ചപ്പോൾ നിരസിച്ച ദ്രാവിഡ് യൂത്ത് ടീമിന്റെ ചുമതല ഏറ്റെടുക്കുകയായിരുന്നു. ദ്രാവിഡിന് പുറമെ മുൻ മുംബൈ താരമായ പരസ് മാംബ്രെയുടെ പേരും പരിശീലക സ്ഥാനത്തേക്ക് ബിസിസിഐയുടെ പരിഗണനയിലുണ്ട്.കൊളംബോയിലെ പ്രേമദാസ സ്റ്റേഡിയമാണ് പരമ്പരയിലെ എല്ലാ മത്സരങ്ങൾക്കും വേദിയാവുക. ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരക്കുള്ള ടീമിനെ 20 അംഗ ടീമിനെയും നാല് റിസർവ് താരങ്ങളെയും സെലക്ടർമാർ പ്രഖ്യാപിച്ചെങ്കിലും ശ്രീലങ്കക്കെതിരായ ഏകദിന-ടി20 പരമ്പരകൾക്കുള്ള ടീമിനെ ഇതുവരെ സെലക്ടർമാർ പ്രഖ്യാപിച്ചിട്ടില്ല.

### ടീം ഘടന

ഓപ്പണർമാരായി പൃഥ്വി ഷായും ശിഖർ ധവാനുമെത്തും. ഇരുവരും ഐപിഎല്ലിൽ ഡൽഹി ക്യാപിറ്റൽസിനായി കളിക്കുന്നവരാണ്. അതിനാൽത്തന്നെ ഇരുവർക്കും കൂടുതൽ പരസ്പര ധാരണയുണ്ട്. പൃഥ്വി തകർത്തടിക്കുമ്പോൾ ധവാന് നിലയുറപ്പിച്ച് ഇന്നിങ്സ് കെട്ടിപ്പടുക്കാനാവും. ശ്രീലങ്കയിലെ ഫ്ളാറ്റ് പിച്ചുകളിൽ തിളങ്ങാൻ സാധിക്കുന്ന ശൈലിയാണ് രണ്ടുപേരുടേതും.

മൂന്നാം നമ്പറിൽ സൂര്യകുമാർ യാദവിന് അവസരം ലഭിച്ചേക്കും. ഇംഗ്ലണ്ടിനെതിരായ പരമ്പരയിൽ അവസരം ലഭിച്ചപ്പോൾ അരങ്ങേറ്റ മത്സരത്തിൽത്തന്നെ അർധ സെഞ്ചുറിയോടെ തിളങ്ങാൻ സൂര്യകുമാറിന് സാധിച്ചിരുന്നു.

എന്നാൽ ഇത്തവണത്തെ ഐപിഎല്ലിൽ പ്രതീക്ഷയ്ക്കൊത്ത് താരം ഉയർന്നില്ല. നാലാമനായി ഇഷാൻ കിഷനെ പരിഗണിച്ചേക്കും. ഇംഗ്ലണ്ട് പരമ്പരയിലൂടെ അരങ്ങേറിയ താരം ഇത്തവണത്തെ ഐപിഎല്ലിൽ നിരാശപ്പെടുത്തിയിരുന്നു. അഞ്ചാം നമ്പറിൽ സീനിയർ താരം മനീഷ് പാണ്ഡെയ്ക്കാണ് അവസരം ലഭിക്കാൻ സാധ്യത. ഇത്തവണ സൺറൈസേഴ്സ് ഹൈദരാബാദിനൊപ്പം ഭേദപ്പെട്ട പ്രകടനം താരം നടത്തിയിരുന്നു. ആറാമനായി വെടിക്കെട്ട് ഓൾറൗണ്ടർ ഹർദിക് പാണ്ഡ്യയുണ്ടാവും. സമീപകാലത്ത് മോശം ഫോമിലാണെങ്കിലും ഏത് സമയത്തും കടന്നാക്രമിക്കാൻ കെൽപ്പുള്ള താരമാണ് ഹർദിക്. ഏഴാമനായി സ്പിൻ ഓൾറൗണ്ടർ ക്രുണാൽ പാണ്ഡ്യയാണുള്ളത്. ഇംഗ്ലണ്ട് പരമ്പരയിൽ താരം നിരാശപ്പെടുത്തിയിരുന്നു.

എട്ടാമനായി പേസർ ദീപക് ചഹാർ ഇടം പിടിച്ചേക്കും. ന്യൂബോളിൽ വിക്കറ്റ് നേടാനുള്ള മികവ് ഇത്തവണയും താരം തെളിയിച്ചതാണ്. ഒമ്പതാമനായി ഭുവനേശ്വർ കുമാറാണുള്ളത്. സീനിയർ പേസറായ അദ്ദേഹം പരിക്കിന്റെ പ്രശ്നം നേരിടുന്നുണ്ടെങ്കിലും ലങ്കൻ പരമ്പര കളിക്കുമെന്നാണ് സൂചന. മൂന്നാം പേസറായി ടി നടരാജനെ പരിഗണിച്ചേക്കും. 11ാമനായി സ്പിന്നർ യുസ് വേന്ദ്ര ചഹാലാണ്. ഇന്ത്യയുടെ ടി20 സ്പെഷ്യലിസ്റ്റെന്ന് താരത്തെ വിശേഷിപ്പിക്കാമെങ്കിലും നിലവിലെ ഫോം വലിയ പ്രതീക്ഷ നൽകുന്നതല്ല. ആർസിബിക്കൊപ്പം ഇത്തവണ അദ്ദേഹം നിരാശപ്പെടുത്തി.

### ലങ്കയിൽ കാണികളില്ല

കൊളംബോ: കോവിഡ് കേസുകൾ താരതമ്യേന കുറവാണെങ്കിലും ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള പരിമിത ഓവർ പരമ്പരയ്ക്ക് കാണികളെ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ച് ശ്രീലങ്ക ക്രിക്കറ്റ് ബോർഡ്. ശ്രീലങ്ക ക്രിക്കറ്റ് ബോർഡ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാൻ ആണ് ഈ വാർത്ത പുറത്ത് വിട്ടത്.

ടീമിന് ഏഴു ദിവസം ക്വാറന്റൈൻ ശ്രീലങ്കയിലെത്തുന്ന ഇന്ത്യൻ ടീം ഏഴ് ദിവസത്തെ ക്വാറന്റൈന് വിധേയരാകണമെന്നാണ് ലഭിയ്ക്കുന്ന വിവരം. ഇതിൽ മൂന്ന് ദിവസം തീർത്തും റൂമിൽ തന്നെ കഴിയേണ്ടി വരുന്ന ഹാർഡ് ക്വാറന്റൈന് ടീം വിധേയരാകണം. ഈ മൂന്ന് ദിവസം കഴിഞ്ഞ് ടീമിന് പരിശീലനം അനുവദിക്കപ്പെടുന്ന ക്വാറന്റൈൻ കൂടി പൂർത്തിയാക്കണം.

## ഫുൾഹാം പ്രീമിയർ ലീഗിനു പുറത്ത്

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ നിന്ന് റെലെഗേറ്റഡ് ആവുന്ന അവസാന ടീമായി മാറി ഫുൾഹാം. ബേൺലിക്കെതിരായ മത്സരത്തിൽ ഏകപക്ഷീയമായ രണ്ടു ഗോളുകൾക്ക് തോറ്റതോടെയാണ് ഫുൾഹാം പ്രീമിയർ ലീഗിൽ നിന്ന് റെലെഗേറ്റഡ് ആയത്. നേരത്തെ തന്നെ ഷെഫീൽഡ് യുണൈറ്റഡും വെസ്റ്റ് ബ്രോമും പ്രീമിയർ ലീഗിൽ നിന്ന് റെലെഗേറ്റഡ് ആയിരുന്നു.ജയത്തോടെ ബേൺലി ഒരു വർഷം കൂടി പ്രീമിയർ ലീഗ് തുടരുമെന്ന് ഉറപ്പായി. പ്രീമിയർ ലീഗിൽ നിലനിൽക്കാൻ അവസാന നാല് മത്സരങ്ങൾ മുഴുവനും ജയിക്കേണ്ടിയിരുന്ന ഫുൾഹാം ബേൺലിക്കെതിരെ ആദ്യ പകുതിയിൽ തന്നെ 2 ഗോളിന് പിറകിൽ പോവുകയായിരുന്നു.

ആഷ്ലി വെസ്റ്റ്വുഡിലൂടെ ആദ്യ ഗോൾ നേടിയ ബേൺലി ആദ്യ പകുതി അവസാനിക്കുന്നതിന് മുൻപ് തന്നെ ക്രിസ് വുഡിലൂടെ മത്സരത്തിൽ രണ്ടാമത്തെ ഗോളും നേടുകയായിരുന്നു.തുടർന്ന് രണ്ടാം പകുതിയിൽ മത്സരത്തിലേക്ക് തിരിച്ചുവരാൻ ഫുൾഹാം ശ്രമിച്ചെങ്കിലും ബേൺലി മികച്ച പ്രതിരോധം തീർത്ത് ലീഡ് നിലനിർത്തുകയായിരുന്നു. മൂന്ന് മത്സരങ്ങൾ ബാക്കി നിൽക്കെയാണ് ഫുൾഹാം പ്രീമിയർ ലീഗിൽ നിന്ന് റെലെഗേറ്റഡ് ആവുന്നത്. പ്രീമിയർ ലീഗിൽ വന്ന് ആദ്യ സീസണിൽ തന്നെ റെലെഗേറ്റഡ് ആവാനായിരുന്നു ഫുൾഹാമിന്റെ വിധി.

## ഹസ്സിക്ക് ആദ്യം നെഗറ്റീവ് പിന്നെ പോസിറ്റീവ്

ചെന്നൈ: കൊവിഡ് തളർത്തി ചെന്നൈ സൂപ്പർ കിങ്സിന്റെ ബാറ്റിങ് കോച്ച് മൈക്ക് ഹസ്സി. വെള്ളിയാഴ്ച്ച നടത്തിയ കോവിഡ് പരിശോധനയിൽ നെഗറ്റീവ് ആയിരുന്ന ഹസ്സിയെ വീണ്ടും പരിശോധിച്ചപ്പോൾ ഫലം പോസിറ്റീവ്. ഇതോടെ ഓസ്ട്രേലിയയുടെ മുൻതാരം ഇന്ത്യയിൽ ക്വാറന്റീനിൽ തുടരണം. ചെന്നൈ സൂപ്പർ കിങ്സ് ബൗളിങ് കോച്ച് എൽ ബാലാജിക്ക് കോവിഡ് സ്ഥിരീകരിച്ചതിന് പിന്നാലെയാണ് ഹസ്സിയും പോസറ്റീവ് ആയത്. കോവിഡ് പോസറ്റീവ് ആകുന്ന ഐപിഎല്ലിലെ ആദ്യ വിദേശിയും ഹസ്സി ആയിരുന്നു. പോസറ്റീവ് ആയ ഹസ്സിയേയും ബാലാജിയേയും എയർ ആംബുലൻസിൽ കൂടുതൽ ചികിത്സയ്ക്കായി ചെന്നൈയിൽ എത്തിച്ചു. തുടർന്ന് ക്വാറന്റീനു ശേഷം ആദ്യം നടത്തിയ പരിശോധനയിൽ ഹസ്സി കോവിഡ് നെഗറ്റീവ് ആയി. ബിസിസിഐയുടെ നിയമപ്രകാരം മൂന്നു കോവിഡ് ടെസ്റ്റുകൾ നെഗറ്റീവ് ആയശേഷം മാത്രമേ രാജ്യം വിടാനാകൂ. മറ്റു ഓസീസ് താരങ്ങളെല്ലാം മാലദ്വീപിലേക്കുള്ള ചാർട്ടേഡ് ഫ്ളൈറ്റിൽ പോകാൻ തയ്യാറായി നിൽക്കുന്നതിനാൽ ഹസ്സിക്ക് വീണ്ടും ടെസ്റ്റ് നടത്തി. എന്നാൽ രണ്ടാം ടെസ്റ്റിൽ ഹസ്സി വീണ്ടും പോസിറ്റീവ് ആയി. ഇതോടെ താരത്തിന് ഇപ്പോഴൊന്നും ഇന്ത്യ വിടാനാകില്ല. ചെന്നൈയിൽ തന്നെ കുറച്ചുകാലം കൂടി തുടരേണ്ടിവരും.

## ചാംപ്യൻസ് ലീഗ് ഫൈനൽ

# വെംബ്ലിയിലോ ലിസ്ബണിലോ

ലണ്ടൻ: യുവേഫ ചാമ്പ്യൻസ് ലീഗ് ഫൈനൽ ഇംഗ്ലണ്ടിലെ വെംബ്ലി സ്റ്റേഡിയത്തിലോ പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബണിലോ നടത്താൻ ആലോചന. യുവേഫ അധികൃതരും ബ്രിട്ടീഷ് സർക്കാർ പ്രതിനിധികളും മൽസരം നടത്തിപ്പുമായി ബന്ധപ്പെട്ട് ഓൺലൈനിൽ ചർച്ച നടത്തി. പ്രീമിയർ ലീഗ് ക്ലബുകളായ മാഞ്ചസ്റ്റർ സിറ്റിയും ചെൽസിയും തമ്മിൽ ഈ മാസം 29 ന് തുർക്കി തലസ്ഥാനമായ ഇസ്താംബൂളിൽ ആണ് ഫൈനൽ നിശ്ചയിച്ചിരുന്നത്.തുർക്കിയിൽ കോവിഡ് വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ആണ് വേദി മാറ്റാൻ യുവേഫ ആലോചിക്കുന്നത്. ഇംഗ്ലണ്ടിലേക്ക് യാത്ര വിലക്കുള്ള രാജ്യമാണ് നിലവിൽ തുർക്കി.

അടുത്ത ശനിയാഴ്ച എഫ് എ കപ്പ് ഫൈനൽ വെംബ്ലി സ്റ്റേഡിയത്തിൽ വച്ച് 20,000 കാണികളെ പങ്കെടുപ്പിച്ച് നടക്കുന്ന പശ്ചാത്തലത്തിൽ ആണ് ചാമ്പ്യൻസ് ലീഗ് ഫൈനലും മാറ്റാൻ ആലോചിക്കുന്നത്.അതേസമയം, വെംബ്ലിക്ക് പുറമെ പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബണും യുവേഫയുടെ സജീവ പരിഗണനയിലുണ്ട്. പോർച്ചുഗൽ ബ്രിട്ടനിലേക്ക് യാത്രവിലക്കുള്ള രാജ്യമല്ലാത്തതിനാലും നിഷ്പക്ഷ വേദിയെന്ന നിലയിലുമാണ് ലിസ്ബണും യുവേഫ ഫൈനലിന് വേദിയായി പരിഗണിക്കുന്നത്. മത്സരം കാണാനെത്തുന്നവർക്ക് ക്വാറന്റീനിൽ കഴിയേണ്ട എന്നതും ലിസ്ബൺ പരി?ഗണിക്കാനുള്ള കാരണമാണ്. കൊറോണ വൈറസ് വ്യാപനത്തെ തുടർന്ന് കഴിഞ്ഞ സീസണിന്റെ ഫൈനലും സെമിയും നടന്നത് പോർച്ചുഗല്ലിലാണ്.

വെംബ്ലിയിൽ ചാമ്പ്യൻസ് ലീഗ് ഫൈനൽ നടക്കേണ്ട 29ന് ഇംഗ്ലീഷ് ചാമ്പ്യൻഷിപ്പ് ഫൈനൽ നടക്കുന്നുണ്ടെന്നതും ലിസ്ബണെ പരിഗണിക്കാനുള്ള കാരണമാണ്.ചാമ്പ്യൻസ് ലീ?ഗ് ഫൈനലിന് വേദിയൊരുക്കാൻ അവസരം ലഭിക്കുന്നത് അഭിമാനമാണെന്നും കാണികളില്ലാതെ ഫൈനൽ നടത്തുന്നത് നാണക്കേടാണെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ കഴിഞ്ഞ ആഴ്ച പറഞ്ഞിരുന്നു.

ഫൈനലിലേക്ക് 25000 കാണികളെ പ്രവേശിപ്പിക്കാമെന്നാണ് യുവേഫയുടെ കണക്കുകൂട്ടൽ. എന്നാൽ വെംബ്ലിയാണ് വേദിയാവുന്നതെങ്കിൽ 10000 കാണികളെ മാത്രമെ അനുവദിക്കാനാവു എന്ന് ബോറിസ് ജോൺസൺ വ്യക്തമാക്കിയിരുന്നു.-




മാഞ്ചസ്റ്റർ സിറ്റി പരിശീലകൻ പെപ് ഗ്വാർഡിയോളയും ചെൽസി പരിശീലകൻ തോമസ് ടൂഷലും

# കവാനി യുണൈറ്റഡിൽ തുടരും




കവാനി കരാറിൽ ഒപ്പുവയ്ക്കുന്നു.

ലണ്ടൻ: സ്ട്രൈക്കർ എഡിൻസൺ കവാനി മാഞ്ചസ്റ്റർ യുണൈറ്റഡ് ക്ലബിൽ തുടരും. കവാനിയും മാഞ്ചസ്റ്റർ യുണൈറ്റഡും തമ്മിൽ ഒരു വർഷത്തെ പുതിയ കരാർ ഒപ്പുവച്ചു. കവാനിയെ നിലനിർത്താനായി പരിശീലകൻ ഒലെ നടത്തിയ പ്രയത്നങ്ങൾ വിജയം കാണുക ആയിരുന്നു. മിന്നുന്ന ഫോമിൽ ഉള്ള കവാനി കഴിഞ്ഞദിവസവും യുണൈറ്റഡിബായി വല കുലുക്കിയിരുന്നു. അവസാന ഏഴു മത്സരങ്ങളിൽ എട്ടു ഗോളുകളും മൂന്ന് അസിസ്റ്റും താരം സംഭാവന ചെയ്തിട്ടുണ്ട്.കവാനി ക്ലബ് വിടണം എന്നും ബോക ജൂനിയേഴ്സിൽ പോകും എന്നും കവാനിയുടെ പിതാവ് നേരത്തെ സൂചന നൽകിയിരുന്നു. അന്ന് മുതൽ കവാനിയുടെ യുണൈറ്റഡിലെ ഭാവി ആശങ്കയിൽ ആയിരുന്നു.

എന്നാൽ കവാനിയുമായി നടത്തിയ ചർച്ചകൾ വിജയിക്കുക ആയിരുന്നു. ഒരുപാട് കാലമായി നമ്പർ 9 ഇല്ലാതെ കളിക്കുക ആയിരുന്നു യുണൈറ്റഡിന് കവാനിയുടെ വരവ് ഈ സീസണിൽ വലിയ ഗുണമായി. 34കാരനായ താരം കഴിഞ്ഞ സീസൺ അവസാന ഫ്രീ ഏജന്റായാണ് മാഞ്ചസ്റ്ററിലേക്ക് എത്തിയത്. ഈ സീസണിൽ യുണൈറ്റഡിനു വേണ്ടി ഇതുവരെ 15 ഗോളുകൾ കവാനി നേടിയിട്ടുണ്ട്.ആരാധകർ തനിക്ക് നൽകുന്ന സ്നേഹം തനിക്ക് അറിയാൻ കഴിയുന്നുണ്ട് എന്നും അവർ താൻ തുടരണം എന്ന് എത്ര ആഗ്രഹിച്ചു എന്ന് തനിക്ക് അറിയാം എന്നും കവാനി പറഞ്ഞു. ആരാധകർക്ക് സന്തോഷം നൽകാൻ താൻ ആഗ്രഹിക്കുന്നു എന്നും അതിനായാണ് ക്ലബിൽ തുടരുന്നത് എന്നും കവാനി പറഞ്ഞു.

ഓൾഡ്ട്രാഫോർഡിൽ നിറഞ്ഞ സ്റ്റേഡിയത്തിൽ കളിക്കാനാണ് താൻ ആഗ്രഹിക്കുന്നത് എന്നും അതിനാണ് കാത്തിരിക്കുന്നത് എന്നും കവാനി പറഞ്ഞു.

കവാനി താൻ അഗ്രഹിച്ചതിനേക്കാൾ നല്ല സംഭാവനകൾ ആണ് ക്ലബിന് നൽകിയത് എന്ന് ഒലെ പറഞ്ഞു. കവാനിയുടെ ഗോളുകളെക്കാൾ വലുതാണ് ക്ലബിലെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എന്നും ഒലെ പറഞ്ഞു.

# പോസിറ്റീവായാൽ ടീമിനു പുറത്ത്: ബിസിസിഐ

മുംബൈ:ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിനായും ഇംഗ്ലണ്ട് പര്യടനത്തിനായും യാത്രയാകുന്ന ഇന്ത്യൻ ടീമിന് കർശന നിർദ്ദേശങ്ങളുമായി ബിസിസിഐ. ടീമിലെ ആരെങ്കിലും കൊവിഡ് പോസിറ്റീവ് ആകുകയാണെങ്കിൽ അവരെ ടീമിൽ നിന്ന് ഒഴിവാക്കുമെന്നും ബിസിസിഐ വ്യക്തമാക്കി. അവർ നെഗറ്റീവ് ആയശേഷം പ്രത്യേകചാർട്ടേഡ് വിമാനത്തിൽ ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോകില്ലെന്നും ബിസിസിഐ ശക്തമായ മുന്നറിയിപ്പ് നൽകി. ടീം യാത്രതിരിക്കും മുമ്പ് മുംബൈയിൽ നിന്ന് ആർടി-പിസിആർ ടെസ്റ്റ് നടത്തും. ഈ പരിശോധനാഫലം അനുസരിച്ചാകും ടീം ഇംഗ്ലണ്ടിലേക്ക് വിമാനം കയറുക. അതുകൊണ്ടുതന്നെ താരങ്ങളോട് എല്ലാവരോടും മുംബൈയിൽ എത്തുന്നതുവരെ മറ്റാരുമായി സമ്പർക്കമില്ലാതെ കഴിയാൻ നിർദേശം നൽകിയതായി ഇന്ത്യൻ ടീം ഫിസിയോ യോഗേശ് പർമാർ പറയുന്നു. മുംബൈയിൽ എത്തുന്നതിന് മുമ്പ് താരങ്ങളെ അനുഗമിക്കുന്ന കുടുംബാംഗങ്ങളോടും ആർടി-പിസിആർ ടെസ്റ്റ് നടത്താൻ ബിസിസിഐ നിർദേശിച്ചിട്ടുണ്ട്. കോവിഷീൽഡ് വാക്സിന്റെ ആദ്യ ഡോസ് എടുക്കാനും ബിസിസിഐ താരങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാം ഡോസ് ഇംഗ്ലണ്ടിൽ എടുക്കാനുള്ള സൗകര്യം ഒരുക്കുമെന്നും ബിസിസിഐ പറയുന്നു. ജൂൺ രണ്ടിനാണ് ഇന്ത്യൻ ടീം ഇംഗ്ലണ്ടിലേക്ക് വിമാനം കയറുക. ന്യൂസീലൻഡിനെതിരായ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലാണ് ഇന്ത്യയുടെ ആദ്യ മത്സരം.

### ഐപിഎല്ലിൽ ഇംഗ്ലീഷ് താരങ്ങൾക്ക് പങ്കെടുക്കാനാവില്ല

ലണ്ടൻ: ഐപിഎൽ 14-ാം സീസണിലെ ശേഷിക്കുന്ന മത്സരങ്ങൾ ഈ വർഷം നടത്തിയാൽ ഇംഗ്ലീഷ് താരങ്ങൾക്ക് പങ്കെടുക്കാനാകില്ലെന്ന് ഇംഗ്ലണ്ട് ക്രിക്കറ്റ് ബോർഡ്. ജൂൺ മുതൽ ഇംഗ്ലണ്ടിന് തിരക്കേറിയ ഷെഡ്യൂളാണ് ഉള്ളതെന്നും അതുകൊണ്ട് ഇംഗ്ലണ്ട് കളിക്കാർ ഐപിഎല്ലിൽ നിന്ന് വിട്ടുനിൽക്കുമെന്നും ക്രിക്കറ്റ് ബോർഡ് തലവൻആഷ്‌ലി ജൈൽസ് വ്യക്തമാക്കി. ഇംഗ്ലണ്ടിന്റെ പരമ്പരയിൽ കളിക്കാരുടെ സാന്നിധ്യം ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. ഇനിയുള്ള പരമ്പകളുടെ ഷെഡ്യൂൾ തയ്യാറായി കഴിഞ്ഞു. പാകിസ്താൻ, ബംഗ്ലാദേശ് പര്യടനങ്ങളിൽ കളിക്കാർ ഉണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്-ആഷ്‌ലേ ഗിൽസ് വ്യക്തമാക്കുന്നു. 11 ഇംഗ്ലീഷ് താരങ്ങളാണ് ഐപിഎല്ലിലെ വിവിധ ഫ്രാഞ്ചൈസികൽലായി കളിക്കുന്നത്. ഐപിഎൽ മത്സരങ്ങൾ എവിടെ വെച്ച്, എങ്ങനെ പുനരാരംഭിക്കും എന്നതിനെ കുറിച്ച് ഒരു വിവരവും ലഭിച്ചിട്ടില്ലെന്നും ഗിൽസ് വ്യക്തമാക്കുന്നു. ഐപിഎല്ലിൽ ശേഷിക്കുന്ന മത്സരങ്ങൾ പൂർത്തിയാക്കാൻ രണ്ട് സമയമാണ് ബിസിസിഐയ്ക്ക് മുമ്പിലുള്ളത്. സെപ്തംബർ രണ്ടാം ആഴ്ച്ച മുതൽ ടന്റി-20 ലോകകപ്പ് ആരംഭിക്കുന്നത് മുമ്പുവരെ ഐപിഎൽ നടത്തുക എന്നതാണ് ഒരു വഴി. ഒക്ടോബർ-നവംബർ മാസങ്ങളിലാണ് ടന്റി-20 ലോകകപ്പ്.

## ബുഫൺ യുവന്റസ് വിടും



ടൂറിൻ: യുവന്റസിന്റെ ഏറ്റവും സീനിയർ താരമായ ബുഫൺ ക്ലബ് വിടും എന്ന് പ്രഖ്യാപിച്ചു. ഈ സീസൺ അവസാനത്തോടെ ക്ലബ് വിടും എന്നും നീണ്ട യാത്രയ്ക്ക് അവസാനമാവുകയാണ് എന്നും ബുഫൺ പറഞ്ഞു. എന്നാൽ താരം ഈ സീസണോടെ ഫുട്ബോളിൽ നിന്ന് വിരമിക്കാൻ ഉദ്ദേശിക്കുന്നില്ല. 43കാരനായ താരം അമേരിക്കയിലേക്ക് പോകും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ബെക്കാമിന്റെ ക്ലബായ ഇന്റർ മിയാമി താരത്തിന് കരാർ വാഗ്ദാനം ചെയ്തിട്ടുണ്ട്.ഗോൾകീപ്പറായ ബുഫൺ പിഎസ് ജിയിൽ പോയി വന്നതു മുതൽ യുവന്റസിന്റെ ഒന്നാം നമ്പർ അല്ല. ഈ വർഷം അടക്കം 20 വർഷങ്ങൾ യുവന്റസിനൊപ്പം കളിച്ച താരമാണ് ബുഫൺ. 10 ഇറ്റാലിയൻ ലീഗ് കിരീടവും 4 കോപ ഇറ്റാലിയ കിരീടവും അടക്കം 22 കിരീടങ്ങൾ യുവന്റസിനൊപ്പം ഇതുവരെ ബുഫൺ നേടിയിട്ടുണ്ട്. യുവന്റസിന് നൽകാൻ ഉള്ളത് ഒക്കെ താൻ നൽകി എന്നും തനിക്ക് ക്ലബ് അതിലുമേറെ തിരികെ നൽകി എന്നും ബുഫൺ പറഞ്ഞു.



**SENSEX:** 49,161.81 (-340.60)
**NIFTY:** 14,850.75 (-91.60)

### വിനിമയ നിരക്ക്

| | |
|---|---|
| ഡോളർ | 73.38 |
| യൂറോ | 89.25 |
| പൗണ്ട് | 103.64 |
| സ്വിസ്ഫ്രാങ്ക് | 81.37 |
| സിംഗപ്പൂർ ഡോളർ | 55.37 |
| ഓസ്ട്രേലിയൻ | 57.56 |
| കനേഡിയൻ | 60.67 |
| ബഹറിൻ ദിനാർ | 194.50 |
| കുവൈറ്റ് ദിനാർ | 243.70 |
| ഒമാനി റിയാൽ | 190.28 |
| സൗദി റിയാൽ | 19.55 |
| യു എ ഇ ദിർഹം | 19.97 |
| ഖത്തർ | 19.86 |

# കൊവിഡ് കാലത്തും പ്രവാസി നിക്ഷേപം

കൊച്ചി: കൊവിഡ് തിരിച്ചടി വിദേശ ഇന്ത്യക്കാരെ സാമ്പത്തികമായി തകർത്തു എങ്കിലും പണത്തിന്റെ ഒഴുക്കിന് വലിയ ഇടിവ് വന്നിട്ടില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

യുഎഇ കേന്ദ്രബാങ്കിന്റെ 2020ലെ വാർഷിക റിപ്പോർട്ട് പ്രകാരം യുഎഇയിൽ നിന്നും വിദേശത്തേക്കുള്ള വ്യക്തിഗത പണമയക്കലിന്റെ 33.6 ശതമാനവും ഇന്ത്യയിലേക്കാണ് എത്തിയത്. ഒരു ലക്ഷം കോടി രൂപയ്ക്ക് മുകളിലാണ് കേരളത്തിലെ ബാങ്കുകളിലെ പ്രവാസി നിക്ഷേപം. ഇതിൽ വലിയൊരു ശതമാനം പിൻവലിക്കപ്പെടുമെന്ന് കരുതിയെങ്കിലും അതിലും ഭീതിജനകമായ സ്ഥിതി ഉണ്ടായിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം ആദ്യ അഞ്ചു മാസം, അതായത് കൊവിഡ് ലോക്ഡൗൺ കാരണം ഏറെ പ്രതിസന്ധി നേരിട്ടസമയത്ത്, പുതുതായി 35,000 കോടിയോളം രൂപയാണ് എൻആർഐ നിക്ഷേപമായി ഇന്ത്യയിലെ ബാങ്കുകളിലെത്തിയതെന്ന് ആർബിഐ കണക്കുകൾ വ്യക്തമാക്കുന്നു. ഈ തുകയുടെ വലിയൊരു ശതമാനം എത്തിയത് ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. പിന്നെ യുഎസ്, യൂറോപ്പ് എന്നിവിടങ്ങളിൽ നിന്നുമായിരുന്നു.

വിദേശ വിനിമയ നിരക്കും ഈ നിക്ഷേപ വർധനയിൽ മറ്റൊരു പ്രധാന ഘടകമാണ്. രൂപയ്ക്കെതിരെ ഡോളർ ശക്തി പ്രാപിക്കുമ്പോൾ വിദേശത്ത് നിന്ന് പ്രവാസികൾ കൂടുതൽ പണമയക്കുന്ന പ്രവണത സാധാരണയാണ്. കൂടുതൽ പണം ലഭിക്കുന്നുവെന്നതാണ് കാരണം. മറ്റൊന്ന് ഇന്ത്യയിൽ പ്രവാസി നിക്ഷേപ പദ്ധതികൾക്ക് യുഎസ്, യൂറോപ്പ് എന്നിവിടങ്ങളെ അപേക്ഷിച്ച് ഉയർന്ന പലിശ നിരക്ക് ലഭിക്കുമെന്നത് മറ്റൊരു ഘടകമാണ്. ഈ പലിശ നിരക്കിന്റെ ഗുണം ലഭിക്കാൻ ഗൾഫ് മേഖലയിൽ പണം വായ്പയെടുത്ത് ഇന്ത്യയിലെ ബാങ്കുകളിൽ നിക്ഷേപിക്കുന്ന രീതിയും പ്രവാസികൾക്കിടയിലുണ്ട്. വായ്പ എടുക്കലിന് ഗൾഫിൽ വളരെ ചെലവ് കുറവാണ്. ഇന്ത്യൻ ബാങ്കുകൾ ഈടാക്കുന്നതിന്റെ പകുതിയോളമേ പലിശ വരൂ. എന്നാൽ നിക്ഷേപത്തിന് ഇന്ത്യയിൽ ഇരട്ടി നിരക്കിൽ പലിശ ലഭിക്കുകയും ചെയ്യും. പ്രവാസികളുടെ നിക്ഷേപം ധാരാളമായി എത്തിയിരുന്ന റിയൽ എസ്റ്റേറ്റ് മേഖലയിൽ പുതിയ സാഹചര്യത്തിൽ നിക്ഷേപം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇതിന്റെ പ്രതിഫലനം ഏറ്റവും കുടുതൽ പേർ തൊഴിലെടുക്കുന്ന നിർമാണ മേഖലയിലും ഉണ്ടാകും. കൂടുതൽ സുരക്ഷിതമെന്ന നിലയിൽ നിക്ഷേപം ബാങ്കിൽ തന്നെ നിലനിർത്തുന്നതിനായിരിക്കും പ്രവാസികളുടെ മുൻഗണന.



**ലോക്ഡൗൺ സമയത്ത്, 35,000 കോടി രൂപ എൻആർഐ നിക്ഷേപമായി ഇന്ത്യയിലെ ബാങ്കുകളിൽ എത്തിയെന്ന് ആർബിഐ, ഈ തുകയുടെ വലിയൊരു ശതമാനം എത്തിയത് ഗൾഫ് രാജ്യങ്ങളിൽ നിന്ന്**

## വായ്പാ പദ്ധതിക്ക് ഒരുങ്ങി ഭാരത് പേ

മുംബൈ: ഫിൻടെക് സ്ഥാപനമായ ഭാരത് പേ 14,000 കോടി രൂപയുടെ വായ്പാ ലക്ഷ്യവുമായി മുന്നോട്ട്. രാജ്യത്തെ സ്വാധീനം ഊട്ടിയുറപ്പിക്കുന്നതിന്റെ ഭാഗമായാണ് സാമ്പത്തിക ഞെരുക്കം നേരിടുന്ന ബിസിനസുകൾക്കും വ്യക്തികൾക്കും വേണ്ടി വായ്പാ സഹായവുമായി മുന്നോട്ട് പോകുന്നത്.

നോർത്തേൺ ആർക് ക്യാപിറ്റലിൽ നിന്നും 50 കോടി കമ്പനി വായ്പയായി എടുത്തിട്ടുണ്ട്. അത് വ്യക്തികൾക്കും ബിസിനസ് സ്ഥാപനങ്ങൾക്കും വായ്പാ സഹായം നൽകാനുള്ള ലക്ഷ്യം മുൻനിർത്തിയായിരുന്നു. 2021ന് ശേഷം ഭാരത് പേ വാങ്ങിയ ആറാമത്തെ ഡെബ്റ്റ് ഫിനാൻസിങ്ങാണിത്. ജനുവരിയിൽ മൂന്ന് മുൻനിര കമ്പനികളിൽ നിന്നായി 200 കോടി കമ്പനി സ്വീകരിച്ചിരുന്നു. ആൾട്ടീരിയ ക്യാപിറ്റൽ, ഇന്നൊവെൻ ക്യാപിറ്റൽ, ട്രൈഫെക്റ്റ ക്യാപിറ്റൽ എന്നിവയിൽ നിന്നായിരുന്നു സഹായം വാങ്ങിയത്. പിന്നീട് ഐസിഐസിഐ ബാങ്ക്, ആക്സിസ് ബാങ്ക് എന്നിവയിൽ നിന്നും കമ്പനി സഹായം വാങ്ങി.

## ഓഹരി സൂചികകൾ നഷ്ടത്തിൽ

മുംബൈ: നാലുദിവസത്തെ തുടർച്ചയായ നേട്ടത്തിനൊടുവിൽ സൂചികകൾ നഷ്ടത്തിൽ ക്ലോസ് ചെയ്തു. നിഫ്റ്റി 14,900ന് താഴെയെത്തി. ബാങ്കിങ്, ഐടി ഓഹരികളിലെ സമ്മർദമാണ് വിപണിയെ ബാധിച്ചത്. സെൻസെക്സ് 340.60 പോയിന്റ് നഷ്ടത്തിൽ 49,161.81ലും നിഫ്റ്റി 91.60 പോയിന്റ് താഴ്ന്ന് 14,850.75ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ആഗോളതലത്തിലുണ്ടായ വിൽപ്പന സമ്മർദം രാജ്യത്തെ വിപണികളിലേക്കും പടർന്നു. അസംസ്കൃത വസ്തുക്കളുടെ വിലയിലെ വർധന പണപ്പെരുപ്പത്തിന് കാരണമായേക്കുമെന്ന ഭീതിയാണ് വിറ്റൊഴിയലിനു പിന്നിൽ. ബിഎസ്ഇ മിഡ് ക്യാപ്, സ്മോൾ ക്യാപ് സൂചികകൾ യഥാക്രമം 0.6 ശതമാനവും 0.80 ശതമാനവും ഉയർന്നു. ജെഎസ്ഡബ്ല്യു സ്റ്റീൽ, ഹിൻഡാൽകോ, എച്ച്ഡിഎഫ്സി, വിപ്രോ, ടൈറ്റാൻ കമ്പനി, ബജാജ് ഫിനാൻസ്, ആക്സിസ് ബാങ്ക് തുടങ്ങിയ ഓഹരികളാണ് നഷ്ടത്തിലായത്. എൻടിപിസി, ഐഒസി, ഒഎൻജിസി, ബിപിസിഎൽ, പവർഗ്രിഡ് കോർപ്പ്, യുപിഎൽ, ടാറ്റ സ്റ്റീൽ, സൺ ഫാർമ, ടാറ്റ കൺസ്യൂമർ പ്രൊഡക്റ്റ്സ്, എസ്ബിഐ എന്നിവയുടെ ഓഹരികൾ നേട്ടമുണ്ടാക്കി.

## നാട്ടിലേക്ക് പണം അയയ്ക്കാൻ യുഎഇയിൽ പുതുവഴി

ദുബായ്: യുഎഇയിലുള്ള ഇന്ത്യക്കാർക്ക് നാട്ടിലേക്ക് സൗജന്യമായി പണമയക്കുന്നതിനുള്ള അവസരമൊരുക്കി യുഎഇയിലെ മഷ്റെഖ് ബാങ്ക്. ഫെഡറൽ ബാങ്കുമായി ചേർന്നാണ് മഷ്റെഖ് ഈ സൗജന്യ പണമയക്കൽ സേവനം അവതരിപ്പിച്ചിരിക്കുന്നത്. എൻഡ് ടു എൻഡ് ഓട്ടോമേറ്റഡ് ആയിട്ടുള്ള മഷ്റെഖിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമായ ക്വിക്ക്റെമിറ്റ് വഴിയാണ് പ്രവാസികൾക്ക് സൗജന്യമായി നാട്ടിലേക്ക് പണയക്കാൻ കഴിയുക. ക്വിക്ക്റെമിറ്റൻസ് വഴി ഇന്ത്യയിലേക്ക് പണമയക്കുമ്പോൾ റെമിറ്റൻസ് ഫീസ് ഈടാക്കില്ലെന്ന് മഷ്റെഖ് അറിയിച്ചു.

ഇന്ത്യയിലെത്തുന്ന പ്രവാസി റെമിറ്റൻസിന്റെ 17 ശതമാനം കൈകാര്യം ചെയ്യുന്ന ബാങ്ക് എന്ന നിലയിൽ ഫെഡറൽ ബാങ്ക് എല്ലായ്പ്പോഴും പ്രവാസികൾക്ക് മികച്ച റെമിറ്റൻസ് സേവനം ഉറപ്പു വരുത്തുന്നുണ്ട്. സുരക്ഷിതമായ മാർഗത്തിലൂടെ അനായാസം ഉടനടി പണമയക്കൽ സാധ്യമാക്കുന്ന ഈ സേവനത്തിന്റെ ഗുണം തീർച്ചയായും പ്രവാസി ഇന്ത്യക്കാർക്കുണ്ടാകുമെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടിവ് ഡയറക്റ്റർ ശാലിനി വാര്യർ പറഞ്ഞു. പ്രവാസി റെമിറ്റൻസ് രംഗത്ത് ഇന്ത്യയിൽ മുൻനിരയിലുള്ള ഫെഡറൽ ബാങ്കിന് ഈ സേവനത്തിന് മാത്രമായി ആഗോള തലത്തിൽ 90ഓളം ധനകാര്യ സ്ഥാപനങ്ങളുമായി സഹകരണമുണ്ട്. പുതിയ പങ്കാളിത്തത്തിലൂടെ മഷ്റെഖ് ബാങ്ക് ഉപഭോക്താക്കൾക്ക് പണമയക്കലിന് ചെലവ് ചുരുക്കാനും വീട്ടിലിരുന്നോ ഓഫിസിലിരുന്നോ ഓൺലൈൻ/ മൊബൈൽ ബാങ്കിങ് സംവിധാനം വഴി ഉടനടി പണമയക്കാനും കഴിയും.

യുഎഇ റെമിറ്റൻസ് വിപണി മഹാമാരിക്കു മുമ്പുള്ള നിലയിലേക്ക് തിരിച്ചുവരുന്ന, വളർച്ചയുടെ ഈ ഘട്ടത്തിലാണ് ഫെഡറൽ ബാങ്കുമായുള്ള സുപ്രധാന സഹകരണം സാധ്യമാകുന്നതെന്ന് മഷ്റെഖ് ബാങ്ക് എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റും കൺസ്യൂമർ ബാങ്കിങ് തലവനുമായ തൂരൻ ആസിഫ് പറഞ്ഞു. ഞങ്ങളുടെ ജനപ്രിയ സേവനമായ ക്വിക്ക്റെമിറ്റിന് വലിയ സഹായകമാകുന്ന ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയിലേക്കുള്ള സേവനം കൂടുതൽ ശക്തിപ്പെടുത്താനാകുമെന്നും കൂട്ടിച്ചേർത്തു. ക്വിക്ക്റെമിറ്റ് സേവനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ വർഷം രാജ്യാന്തര ഡിജിറ്റൽ പേയ്മെന്റ് കമ്പനിയായ എൻഐയുഎമ്മുമായി മഷ്റെഖ് പങ്കാളിത്തമുണ്ടാക്കിയിരുന്നു. ഇതുവഴി ലോകത്തൊട്ടാകെ 35 രാജ്യങ്ങളിൽ ക്വിക്ക്റെമിറ്റ് സേവനം ലഭ്യമാക്കി. യുഎഇയിലെ ഏറ്റവും പഴയ ബാങ്കുകളിലൊന്നായ മഷ്റെഖിന് യൂറോപ്പ്, യുഎസ്, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിലായി 12 രാജ്യങ്ങളിൽ സാന്നിധ്യമുണ്ട്. യുഎഇയിലെ ഏക സ്വകാര്യ ബാങ്ക് കൂടിയാണ് മഷ്റെഖ്.



## സ്വർണം 35,760

| | | | |
|---|---|---|---|
| വെളിച്ചെണ്ണ : മില്ലിങ് | 18,100 | മുതിര | 3700 |
| വെളിച്ചെണ്ണ | 17,500 | എള്ള് | 13,000- 14,000 |
| കൊപ്ര | 11,400-11,800 | മല്ലി | 7500-19,000 |
| പിണ്ണാക്ക് എക്സ്പെല്ലർ | 3000 | പച്ചരി നമ്പർ 2 | 2600-3400 |
| പിണ്ണാക്ക് റോട്ടറി | 3400 | പുഴുക്കലരി (ജയ) | 3400- 3500 |
| കുരുമുളക് അൺഗാർബിൾഡ് | 37,000 | ജാതിക്ക തൊണ്ടൻ (കിലോ) | 240-260 |
| പുതിയ കുരുമുളക് | 36,000 | ജാതിക്ക തൊണ്ടില്ലാത്തത് (കിലോ) | 525-550 |
| കുരുമുളക് ഗാർബിൾഡ് | 39,000 | ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ) | 1200-1300 |
| ചുക്ക് മീഡിയം | 17,000 | ഗ്രാമ്പൂ (കിലോ) | 525-650 |
| ചുക്ക് ബെസ്റ്റ് | 19,000 | റബർആർ എസ് എസ് 5 ഗ്രേഡ് | 16,400 -17,000 |
| മഞ്ഞൾ നാടൻ | ഇല്ല | റബർആർ എസ് എസ് 4 ഗ്രേഡ് | 17,200 |
| സേലം - ഈറോഡ് | 7200-7700 | ഒട്ടുപാൽ | 11,200 |
| കാഞ്ഞിരക്കുരു | 1850 | ലാറ്റക്സ് | 11,400 |
| അടയ്ക്ക ന്യൂ | 30,000- 31,000 | സ്വർണം | 35,760 |
| അടയ്ക്ക ഓൾഡ് | 34,000- 35,000 | പാം ഓയിൽ | 13,650 |
| പഞ്ചസാര | 3600 | | |
| മുളക് | 15,000-16,200 | | |
| ഉഴുന്ന് | 10,500-12,000 | | |
| ചെറുപയർ | 10,000-11,000 | | |
| കടല | 5400-6500 | | |

## ഊർജ ഉപയോഗം ഉയരുന്നു

മുംബൈ: മെയ് മാസത്തിലെ ആദ്യ ആഴ്ച രാജ്യത്തെ ഊർജ ഉപഭോഗത്തിലും വൻ വളർച്ച. 25 ശതമാനമാണ് വർധനവ്. 26.24 ബില്യൺ യൂണിറ്റാണ് ഏഴ് ദിവസത്തെ ഉപഭോഗം. 2020ലെ മെയ് മാസത്തിലെ ആദ്യ ഏഴ് ദിവസത്തിൽ 21.05 ബില്യൺ യൂണിറ്റായിരുന്നു ഊർജ ഉപഭോഗം. 2020 മെയ് മാസത്തിലാകെ 102.08 ബില്യൺ യൂണിറ്റായിരുന്നു ഉപഭോഗം.

ഏപ്രിൽ മാസത്തിൽ ഊർജ ഉപഭോഗം 119.27 ബില്യൺ യൂണിറ്റായിരുന്നു. 2020 ഏപ്രിൽ മാസത്തെ അപേക്ഷിച്ച് 41 ശതമാനമായിരുന്നു വർധന. 2019 ഏപ്രിൽ മാസത്തിൽ 110.11 ബില്യൺ യൂണിറ്റ് വൈദ്യുതി ഉപയോഗിക്കപ്പെട്ടപ്പോൾ കൊവിഡ് പിടിച്ചുകുലുക്കിയ 2020ൽ ഉപഭോഗം 84.55 ബില്യൺ യൂണിറ്റിലേക്ക് ഇടിയുകയായിരുന്നു. 2020 മെയ് മാസത്തിലും കൊവിഡിന്റെ ആഘാതമുണ്ടായിരുന്നു.

## ഗ്ലോബൽ നഴ്സിങ് അവാർഡുമായി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

കൊച്ചി: ലോകമെമ്പാടും ആരോഗ്യ സംരക്ഷണ മേഖലയിൽ സവിശേഷമായ ദൗത്യം നിർവഹിക്കുന്ന നഴ്സുമാരുടെ സേവനങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ ആസ്റ്റർ ഗാർഡിയൻ ഗ്ലോബൽ നഴ്സിങ് അവാർഡ് പ്രഖ്യാപിച്ചു. 2.5 ലക്ഷം യുഎസ് ഡോളറാണ് അവാർഡ്. കൊവിഡ്-19 മഹാമാരി സൃഷ്ടിച്ച വെല്ലുവിളികൾക്കിടയിലും, സ്വന്തം ജീവന്റെ സുരക്ഷിതത്വം പോലും ചിന്തിക്കാതെ ലോകമെമ്പാടുമുള്ള രോഗികളെ പരിചരിക്കുന്നതിലും, ആശ്വാസമേകുന്നതിലും നഴ്സിങ് സമൂഹം പ്രധാന പങ്ക് വഹിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഈ അംഗീകാരത്തിന് പ്രസക്തിയേറെയാണ്.

ലോകമെമ്പാടുമുള്ള നഴ്സുമാർക്ക് അവരുടെ ജോലിയെക്കുറിച്ചുള്ള വിവരങ്ങൾ പ്രസ്തുത സൈറ്റിലൂടെ നാമനിർദേശമായി സ്വയം സമർപ്പിക്കാവുന്നതിനൊപ്പം, അർഹരായ നഴ്സുമാരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് മറ്റുള്ളവർക്കും അവാർഡിന് നാമനിർദേശം സമർപ്പിക്കാവുന്നതാണ്. ഈ ആപ്ലിക്കേഷൻ പ്രവർത്തനമാരംഭിക്കുന്ന തിയതി ഉടൻ പ്രഖ്യാപിക്കും. ആരോഗ്യ സംരക്ഷണ മേഖലയുടെ നട്ടെല്ലായ നഴ്സുമാർ രോഗികളുടെ പരിചരണത്തിൽ ഏറ്റവും നിർണായകമായ പങ്കാണ് വഹിക്കുന്നതെന്ന് ഈ അവസരത്തിൽ സംസാരിച്ച ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും, മാനെജിങ് ഡയറക്റ്ററുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. പ്രൊഫഷണൽ, വ്യക്തിഗത പരിചരണത്തിലൂടെ അവർ രോഗമുക്തി സാധ്യമാക്കാൻ സഹായിക്കുന്നു. രോഗികളുടെ ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുന്ന നഴ്സുമാർ അവരുടെ യഥാർഥ സംരക്ഷകരാണ്. അരക്ഷിതാവസ്ഥയും, വെല്ലുവിളികളും നിറഞ്ഞ നിലവിലെ മഹാമാരി പോലുള്ള സാഹചര്യത്തിലും മുഴുവൻ സമയവും ജോലി ചെയ്യേണ്ടി വരുന്ന അവർ, രോഗികൾക്ക് പ്രതിബദ്ധതയോടെയും സമർപ്പണ ബോധത്തോടെയും സേവനം നൽകിക്കൊണ്ടിരിക്കുകയാണ്. രോഗികളോടുള്ള കടമ നിറവേറ്റി അവരുടെ ദൗത്യം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി അവർക്ക് അവരുടെ കുടുംബത്തെക്കാളും, പ്രിയപ്പെട്ടവരെക്കാളും മുൻഗണന രോഗികൾക്ക് നൽകേണ്ടി വരുന്നു. എന്നാൽ നഴ്സുമാരുടെ ഈ സമർപ്പണം വേണ്ട രീതിയിൽ അംഗീകരിക്കപ്പെടുകയോ, ആവശ്യത്തിനുള്ള സാമ്പത്തിക പിന്തുണ ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിങ് അവാർഡിലൂടെ, അവരുടെ ത്യാഗങ്ങളും പ്രതിബദ്ധതയും വെളിച്ചത്തേക്ക് കൊണ്ടുവരാനും ആഗോളതലത്തിൽ ആഘോഷിക്കാനുമാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കി.

ഈ ദൗത്യത്തിലേക്ക് ഏഷ്യ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, യൂറോപ്പ്, യുഎസ്എ, കാനഡ, തെക്കേ അമെരിക്ക, ഓസ്ട്രേലിയ തുടങ്ങിയ മേഖലതിരിച്ചുള്ള അപേക്ഷകൾ ഉടൻ തന്നെ സ്വീകരിക്കും. ഒരു തേർഡ് പാർട്ടി എക്സ്റ്റേണൽ ഏജൻസിയും, അറിയപ്പെടുന്ന അന്താരാഷ്ട്ര വ്യക്തിത്വങ്ങൾ അടങ്ങുന്ന ഒരു സ്വതന്ത്ര ജൂറിയും നിയന്ത്രിക്കുന്ന വിവിധ തലങ്ങളിലുള്ള കർശനമായ അവലോകന പ്രക്രിയയ്ക്ക് ശേഷമായിരിക്കും അവാർഡ് നിർണയിക്കുക. നിശ്ചിത മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ള പ്രാഥമിക അവലോകനത്തിന് ശേഷം, ഷോർട്ട്ലിസ്റ്റ് ചെയ്ത നാമനിർദേശങ്ങൾ വോട്ടിങ് പ്രക്രിയയ്ക്ക് വിധേയമാക്കും. തുടർന്ന് 10 ഫൈനലിസ്റ്റുകളെ തെരഞ്ഞെടുത്ത് ജൂറിയുമായി അഭിമുഖങ്ങളും, ആശയവിനിമയങ്ങളും നടത്തുന്നതിനായി അവാർഡ് ദാന ചടങ്ങിന്റെ വേദിയിലേക്ക് കൊണ്ടുവരും. തെരഞ്ഞെടുക്കപ്പെടുന്ന ആസ്റ്റർ ഗാർഡിയൻ ഗ്ലോബൽ നഴ്സിങ് അവാർഡ് ജേതാവിനെ 2022 മെയ് 12ന് അന്താരാഷ്ട്ര നഴ്സസ് ദിനത്തിൽ പ്രഖ്യാപിക്കും. 2.5 ലക്ഷം യുഎസ് ഡോളറിന്റെ ഒന്നാം സമ്മാനത്തിന് പുറമെ, മറ്റ് 9 ഫൈനലിസ്റ്റുകൾക്കും സമ്മാനത്തുകയും, അവാർഡുകളും സമ്മാനിക്കും.



## വില ഉയർന്ന് സ്വർണം


കൊച്ചി: വിപണി നിരീക്ഷകർ വിലയിരുത്തിയതു പോലെ തന്നെ മൂന്നു ദിവസമായി മാറ്റമില്ലാതെ തുടർന്ന സ്വർണ വില ഇന്നലെ വർധിച്ചു. പവന്റെ വില 80 രൂപ കൂടി 35,760 രൂപയായി. ഗ്രാമിന് 4470 രൂപയുമായി. കഴിഞ്ഞ മൂന്നു ദിവസം 35,680 രൂപ നിലവാരത്തിലായിരുന്നു സ്വർണം.

രാജ്യാന്തര വിപണിയിലും സ്വർണ വിലയിൽ നേരിയ വർധന രേഖപ്പെടുത്തി. സ്പോട് ഗോൾഡ് ട്രോയ് ഔൺസിന് 1,835.59 ഡോളറാണ് വില. സ്പോട് ഗോൾഡ് വില ഔൺസിന് 1836 ഡോളർ നിലവാരത്തിലാണ്. യുഎസിലെ വിലക്കയറ്റ ഭീഷണിയാണ് വിലയെ സ്വാധീനിച്ചത്. കൊവിഡ്-19 പകർച്ചവ്യാധി രൂക്ഷമാകുന്നതിനിടെയാണ് സ്വർണ വില കുത്തനെ ഉയരുന്നത്. വില ഇനിയും ഉയർന്നേക്കുമന്നാണ് വിദഗ്ധരുടെ അഭിപ്രായം.

## പരിസ്ഥിതി സൗഹാർദ പ്രതിബദ്ധതയുമായി അമര രാജ ഉത്പാദനം പുനരാരംഭിച്ചു

കൊച്ചി: ചിറ്റൂർ ജില്ലയിലെ നുനെഗുണ്ട്ലപള്ളിയിലും കർക്കമ്പടിലുമുള്ള പ്ലാന്റുകളിലെ അമര രാജ ബാറ്ററീസിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു. ആന്ധ്രാപ്രദേശ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവിന് ആന്ധ്രാപ്രദേശ് ഹൈക്കോടതി ഇടക്കാല റദ്ദാക്കൽ അനുവദിച്ചതോടെയാണിത്. പരിസ്ഥിതി, സുരക്ഷ, ആരോഗ്യം എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച സംവിധാനങ്ങളുടെ കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു തുടരുന്ന കമ്പനി ആന്ധ്രാപ്രദേശ് മലിനീകരണ നിയന്ത്രണ ബോർഡുമായി സഹകരിച്ചാവും മുന്നോട്ടു പോകുക. ഇതിലൂടെ എന്തെങ്കിലും പ്രശ്ന സാധ്യതകളുണ്ടെങ്കിൽ പരിഹരിക്കാനുമാവും. ഏതാനും ദിവസങ്ങളിലുണ്ടായ തടസം കമ്പനിയുടെ പ്രവർത്തനത്തേയോ ഉത്പന്നങ്ങളുടെ വിതരണത്തേയോ ബാധിക്കില്ല.

തങ്ങളുടെ ഉപഭോക്താക്കൾക്ക് ഉത്പന്നങ്ങളും സേവനങ്ങളും സമയ ബന്ധിതമായി നൽകാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് കമ്പനി വക്താവ് പറഞ്ഞു. ചെറിയ ഒരു വേളയിലേക്കുണ്ടായ തടസത്തിന്റെ പ്രതിഫലനങ്ങൾ വിലയിരുത്തി എല്ലാ ഉപഭോക്താക്കളുടേയും ബിസിനസ് പങ്കാളികളുടേയും ആവശ്യങ്ങൾ കൃത്യമായി നിറവേറ്റാനുള്ള നീക്കങ്ങൾ നടത്തുകയാണെന്നും വക്താവ് ചൂണ്ടിക്കാട്ടി. നിയന്ത്രണ സംവിധാനങ്ങളുടെ എല്ലാ വ്യവസ്ഥകളും പാലിച്ചു മുന്നോട്ടുപോകാൻ കമ്പനിക്കുള്ള പ്രതിബദ്ധത തുടരും. ഉത്തരവാദിത്തമുള്ള കോർപ്പറേറ്റ് എന്ന നിലയിൽ പരിസ്ഥിതിക്കും ജീവനക്കാരുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും അമര രാജ ബാറ്ററി ഏറ്റവും ഉയർന്ന പരിഗണനയാണ് നൽകുന്നതെന്നും കമ്പനി വ്യക്തമാക്കി.



## ഒരു ബില്യൺ ഡോളർ സമാഹരിക്കാൻ ഫ്ളിപ്കാർട്ട്

മുംബൈ: റീട്ടെയ്ൽ ശൃംഖലയായ വാൾമാർട്ടിന്റെ ഉടമസ്ഥതയിലുള്ള ഫ്ളിപ്കാർട്ട് ഒരു ബില്യൺ ഡോളർ സമാഹരിക്കാനുള്ള തയാറെടുപ്പുകളിലെന്ന് റിപ്പോർട്ടുകൾ. ഐപിഒയിലൂടെ സമാഹരിക്കുന്നതിനു പുറമെ ആയിരിക്കും ഇതെന്നാണ് വാർത്ത. ഇതുസംബന്ധിച്ച് കമ്പനി ചില നിക്ഷേപകരുമായി ചർച്ച നടത്തി വരികയാണ്.

ഐപിഒയിലൂടെ ഉള്ളതിനെക്കാൾ വാല്വേഷൻ വർധിക്കുന്നതിനൊപ്പം പ്രധാന എതിരാളികളായ ആമസോൺ ഡോട്ട് കോം ഇങ്ക്, റിലയൻസ് റീട്ടെയ്ൽ എന്നിവയുമായി മികച്ച രീതിയിൽ മത്സരിക്കുന്നതിനാണ് പുതിയ നീക്കമെന്ന് വിലയിരുത്തുന്നു. മൂലധന സമാഹരണം പ്രീ- ഐപിഒ ആയിട്ടാവില്ല, മറിച്ച് വിപുലീകരണത്തിനാണെന്നാണ് റിപ്പോർട്ടുകൾ.

## പകർച്ചവ്യാധി പ്രതിരോധത്തിന് ഔഷധിയുടെ അപരാജിതധൂമ ചൂർണം

കൊച്ചി: ആയുർവേദ ശാസ്ത്രത്തിൽ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി പുകയ്ക്കാൻ പറഞ്ഞിരിക്കുന്ന പൊടിയാണ് അപരാജിതധൂമ ചൂർണം. 15ലേറെ വർഷമായി കേരള സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധി അപരാജിതധൂമ ചൂർണം നിർമിച്ചു വിതരണം നടത്തി വരുന്നുണ്ടെന്ന് ഔഷധി മാനെജിങ് ഡയറക്റ്റർ കെ.വി. ഉത്തമൻ ഐഎഫ്എസ് അറിയിച്ചു.

ഐഎസ്എം വകുപ്പിൻ കീഴിലുള്ള സർക്കാർ ആയുർവേദ ഡിസ്പെൻസറികൾ വഴിയും ആശുപത്രികൾ വഴിയും ചിക്കുൻഗുനിയ, ഡെങ്കി തുടങ്ങിയവ പടർന്നുപിടിച്ച സമയത്ത് ഇത് വിതരണം ചെയ്തിരുന്നു. കൂടാതെ വെള്ളപ്പൊക്കത്തിനുശേഷം സാംക്രമിക രോഗങ്ങൾ തടയുന്നതിനായും പുകയ്ക്കാൻ ഉപയോഗിച്ചിരുന്നു. അപരാജിതധൂമ ചൂർണം ഉപയോഗിച്ച് പുകയ്ക്കുന്നതു വഴി പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നത് കാര്യക്ഷമമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഐഎസ്എം മെഡിക്കൽ ഓഫിസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ഔഷധപ്പുക അന്തരീക്ഷത്തിലെ അണുക്കളുടെ തോത് കാര്യക്ഷമമായി കുറയ്ക്കുന്നു എന്നുള്ള പഠന റിപ്പോർട്ടുകളുണ്ട്. ഔഷധിയിൽ വികസിപ്പിച്ചെടുത്ത അപരാജിതധൂമ ചൂർണം സ്റ്റിക്കിന്റെയും അപരാജിതധൂമ ചൂർണത്തിന്റെയും അന്തരീക്ഷം അണുവിമുക്തമാക്കുന്നതിനും കൊതുകു നശീകരണത്തിനുമുള്ള കഴിവിന്റെ താരതമ്യ പഠനം ഔഷധി നടത്തിയിരുന്നു. അപരാജിതധൂമ ചൂർണം/ സ്റ്റിക്ക് ഉപയോഗിച്ച് പുകയ്ക്കുന്നത് അന്തരീക്ഷത്തിലെ അണുക്കളുടെ തോത് ഏകദേശം 60% വരെ കുറയ്ക്കുന്നതായി പഠനറിപ്പോർട്ടിൽ പറയുന്നു.

ഔഷധിയുടെ ഫാക്റ്ററിയിലും ഓഫിസിലും അപരാജിതധൂമ ചൂർണം എല്ലാ ദിവസങ്ങളിലും മുടങ്ങാതെ പുകയ്ക്കുന്നുണ്ട്. നിലവിലെ ടെസ്റ്റ് പോസിറ്റീവ് നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ ഔഷധി ജീവനക്കാരുടെ രോഗവ്യാപനത്തിന്റെ നിരക്ക് വളരെ കുറവാണ്. കൊവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പദ്ധതികളിൽ അപരാജിതധൂമ ചൂർണം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയുർവേദ തത്വങ്ങൾ ഉപയോഗിച്ച് മഹാമാരിയെ പ്രതിരോധിക്കുന്നതിനായി ആലപ്പുഴ നഗരസഭ ഏറ്റെടുത്ത ധൂപസന്ധ്യ എന്ന ദൗത്യം ഭാരതത്തിൽ ഉടനീളം വ്യാപിപ്പിക്കണമെന്നും പറഞ്ഞു.

## നിപ്മറിൽ ഭിന്നശേഷിക്കാർക്ക് സൗജന്യ കൗൺസിലിങ്

ഇരിങ്ങാലക്കുട: കൊവിഡ് പശ്ചാത്തലത്തിൽ നടപ്പിലാക്കപ്പെടുന്ന ലോക്ഡൗൺ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും കൗൺസിലിങ് നൽകുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ (നിപ്മർ) സൗജന്യ ടെലിഫോൺ കൗൺസിലിങ്ങാണ് നൽകുന്നത്. ലോക്ഡൗൺ കാലത്ത് അടച്ച് വീട്ടിലിരിക്കുമ്പോഴുണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾക്ക് ആശ്വാസമേകുന്നതിനായി രാവിലെ 9 മുതൽ രാത്രി 9 മണി വരെയാണ് സേവനയുണ്ടാകുക. ആവശ്യമുള്ളവർ 9288099587, 9288008980, 9288008982, 9288008983 താഴെപ്പറയുന്ന നമ്പറുകളിൽ വിളിക്കാം.

## പുതിയ വാഗ്ദാനവുമായി റിലയൻസ്

മുംബൈ: കൊവിഡ് പ്രതിരോധ കുത്തിവെയ്പ് എടുത്തവർക്ക് പോളിസി പ്രീമിയം തുകയിൽ ഇളവ് നൽകി റിലയൻസ് ജനറൽ ഇൻഷുറൻസ്. കൊവിഡ്-19നെതിരെ വാക്സിൻ എടുത്തവർ പുതിയ പോളിസി എടുക്കുകയാണെങ്കിൽ പ്രീമിയം തുകയിൽ അഞ്ച് ശതമാനം ഇളവാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. പോളിസി പുതുക്കുന്നവർക്കും ഈ ആനുകൂല്യം ലഭിക്കും. ഒറ്റത്തവണ മാത്രമാണ് ഈ ആനുകൂല്യം. രണ്ട് ഡോസാണ് വാക്സിനേഷനെങ്കിലും ഒറ്റത്തവണ എടുത്തവരും അർഹരാണ്. അനിൽ അംബാനിയുടെ നിയന്ത്രണത്തിലുള്ള റിലയൻസ് ക്യാപിറ്റലിനെ സബ്സിഡിയറി കമ്പനിയാണ് റിലയൻസ് ജനറൽ ഇൻഷുറൻസ്.

## പ്രതിദിനം 270 മെട്രിക് ടൺ ഓക്സിജനുമായി ഇന്ത്യൻ ഓയിൽ

കൊച്ചി: മെഡിക്കൽ ഓക്സിജന്റെ വർധിച്ചു വരുന്ന ആവശ്യം കണക്കിലെടുത്ത് ഇന്ത്യൻ ഓയിൽ ഓക്സിജൻ ഉത്പാദനം വർധിപ്പിച്ചു. പാനിപ്പട്ട് റിഫൈനറി ആൻഡ് പെട്രോകെമിക്കൽ കോംപ്ലക്സിലെ മോണോ എത്തിലിൻ ഗ്ലൈക്കോൾ (എംഇജി) പ്ലാന്റാണ് ഓക്സിജൻ ഉത്പാദന യൂണിറ്റായി മാറ്റിയത്. ഡൽഹി, ഹരിയാന, പഞ്ചാബ് എന്നിവിടങ്ങളിലെ ആശുപത്രികളിൽ പ്രതിദിനം 270 മെട്രിക് ടൺ ഓക്സിജനാണ് ഇന്ത്യൻ ഓയിൽ എത്തിക്കുന്നത്.

17 മെട്രിക് ടൺ ശേഷിയുള്ള 14 എൽഎൻജി ടാങ്കറുകൾ ഓക്സിജൻ ടാങ്കറുകളായി മാറ്റിയിട്ടുണ്ട്. മേയ് മധ്യത്തോടെ 20 റോഡ് ടാങ്കറുകളും 25 ഐഎസ്ഒ കണ്ടെയ്നറുകളും ഇന്ത്യൻ ഓയിൽ പുറത്തിറക്കും. ഇതിന്റെ മൊത്തം ശേഷി 820 മെട്രിക് ടണ്ണാണ്. അടുത്ത ആറു മാസത്തിനുള്ളിൽ, നാസിക്കിലെ ക്രയോജനിക് പ്ലാന്റിൽ 10 ക്രയോജനിക് റോഡ് ടാങ്കറുകൾ നിർമിക്കും. മെഡിക്കൽ ഓക്സിജൻ ലഭ്യത ഉറപ്പാക്കാൻ, ഇന്ത്യൻ ഓയിൽ, സഞ്ജീവനി എക്സ്പ്രസ് എന്ന ഏകജാലക സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. ഓക്സിജൻ വിതരണം ഓരോ നിമിഷവും മോണിട്ടർ ചെയ്യാൻ ഇതുവഴി കഴിയും. ഓക്സിജൻ ലഭ്യത, വിതരണം എന്നിവ നിരീക്ഷിക്കാൻ ഗതാഗത മന്ത്രാലയം, എണ്ണ കമ്പനികൾ, കേന്ദ്ര-സംസ്ഥാന ഏജൻസികൾ ഈ ആപ്പ് വഴി സാധിക്കും.

ഇന്ത്യൻ ഓയിലിന്റെ കൊറോണ മുൻനിര പോരാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് നൽകിയിട്ടുണ്ട്. പെട്രോൾ പമ്പുകളിലെ ജീവനക്കാർ, എൽപിജി ഡെലിവറി ബോയ്സ്, കോൺട്രാക്റ്റ് തൊഴിലാളികൾ, ട്രക്ക് ഡ്രൈവർമാർ എന്നിവർക്കും പരിരക്ഷ ഉണ്ട്.

300 കോടി രൂപയാണ് മഹാമാരിക്കെതിരെ ഇന്ത്യൻ ഓയിൽ ഇതിനകം ചെലവഴിച്ചിരിക്കുന്നത്. വാക്സിൻ സ്റ്റോറേജിനും ട്രാൻസ്പോർട്ടേഷനുമുള്ള കോൾഡ് ചെയിൻ സംവിധാനം ജമ്മു കാശ്മീർ, തമിഴ്നാട്, ബീഹാർ, മണിപ്പൂർ സംസ്ഥാനങ്ങളിൽ ഐഒസി ലഭ്യമാക്കിയിട്ടുണ്ട്.

# രോഗമുക്തി നേടുന്നവരുടെ എണ്ണം വർധിക്കുന്നു

## കൃഷി അസിസ്റ്റന്റ് തസ്തിക നികത്തണം

തേഞ്ഞിപ്പലം : പെരുവള്ളൂർ കൃഷി ഓഫീസിൽ രണ്ടു വർഷമായി ഒഴിഞ്ഞു കിടക്കുന്ന സ്ഥിരം കൃഷിഅസിസ്റ്റന്റ് തസ്തി കയിലേക്ക് അടിയന്തിരമായി നിയമനം നടത്തണമെന്ന് തിരൂരങ്ങാടി താലൂക്ക് വികസന സമിതി അംഗം എഞ്ചിനിയർ ടി മൊയ്തീൻകുട്ടി ആവശ്യപ്പെട്ടു.

കൃഷി ഓഫീസറും രണ്ട് താൽക്കാലിക ജീവനക്കാരും മാത്രമാണ് പെരുവള്ളൂർ കൃഷി ഓഫീസിൽ ഇപ്പോൾ ഉള്ളത്. താത്കാലിക കൃഷി അസിസ്റ്റന്റുമാർ ഓരോ ആറു മാസം കൂടുമ്പോഴും മാറി വരുന്നതിനാൽ കൃഷി വകുപ്പിന്റെയും, പഞ്ചായത്ത് കൃഷി പദ്ധതികളുടെയും ഫീൽഡ് തല പ്രവർത്തനങ്ങൾ ഏകോ പിപ്പി ക്കുന്നതിനൊപലവിധ സോഫ്റ്റ്വെയർ, കൃഷിയിട ഇടപെടലുകൾ എന്നിവ യഥാ സമയം ചെയ്തു കൊടുക്കാനൊ കഴിയുന്നില്ല.

ഇത് വിവിധ ഫയലുകളിലെ തീരുമാനം വകൈുന്നതിനും കർഷകർക്ക് സമയ ബന്ധിതമായി ലഭിക്കേണ്ട സേവനങ്ങളും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനും വിഘാതം സൃഷ്ടിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി തൽസ്ഥിതി തുടരുന്നു.

സുഭിക്ഷ കേരളം, കേരഗ്രാമം, ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്നീ വിപുലവും ബൃഹത്തായ ഉദ്യോഗസ്ഥ കർഷക ഏകോപനം ആവശ്യമുള്ളതുമായ പദ്ധതികൾ നിലവിലുണ്ട്. കൊവിഡ് നിഷ്കർഷകൾ കൂടി ആയതോടെ കൃഷി ഓഫീസിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ പോലും അവതാളത്തിലായതായ് അദ്ദേഹം പറഞ്ഞു.

## കൊവിസ് വാക്സിൻ പ്രഥമ പട്ടികയിൽ പ്രവാസികളെ ഉൾപ്പെടുത്തണമെന്ന് പ്രവാസി ലീഗ്

തിരുരങ്ങാടി: കൊവിഡ് പ്രതിരോധത്തിനായി സർക്കാർ അടിയന്തിര പ്രാധാന്യം നൽകി വാക്സിൻ നൽകുന്നവരുടെ കൂട്ടത്തിൽ നാട്ടിലെത്തി തിരിച്ചു പോകാൻ കാത്തിരിക്കുന്ന പ്രവാസികളെ ഉൾപ്പെടുത്തണമെന്ന് കേരള പ്രവാസി ലീഗ് ആവശ്യപ്പെട്ടു.

പല ഗൾഫ് രാജ്യങ്ങളും വാക്സിനെടുക്കാത്തവരെ സ്വീകരിക്കാത്ത അവസ്ഥയുണ്ട്. കൊവിഡ് കൊണ്ടും മറ്റു കാരണങ്ങളാലും നാട്ടിലെത്തി തിരിച്ചു പോകാൻ കഴിയാത്ത പ്രവാസികളുടെ എണ്ണം വളരെ അധികമാണ് അവർക്ക് പ്രായ പരിഗണനൽകാതെ വാക്സിൻ നൽകാൻ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ഇത് സംബന്ധിച്ച് പ്രവാസി ലീഗ് മുഖ്യമന്ത്രിക്ക് നിവേദനവും നൽകി.യോഗത്തിൽ പ്രസിഡണ്ട് ഹനീഫ മൂന്നിയൂർ അധ്യക്ഷത വഹിച്ചു.

## ശുചികരണ കിറ്റുകൾ വിതരണം ചെയ്തു

തേഞ്ഞിപ്പലം/കോട്ടക്കൽ: കേരള പത്രപ്രവർത്തക അസോസിയേഷന്റെ നേതൃത്വത്തിൽ കോട്ടയ്ക്കലിലെ ഇരുപതോളം മാധ്യമ പ്രവർത്തകർക്കും, കോട്ടയ്ക്കൽ പൊലിസ് സ്റ്റേഷനിലേക്കും ശുചീകരണ കിറ്റ് വിതരണം ചെയ്തു.

വിതരണോദ്ഘാടനം കോട്ടയ്ക്കൽ മണ്ഡലം എംഎൽഎ ആബിദ് ഹുസൈന് തങ്ങൾ കോട്ടയ്ക്കൽ സിഐ എം.സുജിത്തിന് നൽകി നിർവഹിച്ചു. പത്രപ്രവർത്തക അസോസിയേഷൻ മലപ്പുറം ജില്ല വൈസ് പ്രസിഡനന്റ് സന്ദീപ്.കെ.നായർ അധ്യക്ഷത വഹിച്ചു.

## കടലിൽ പോകാൻ പാടില്ല

കോഴിക്കോട്: തെക്ക് കിഴക്കൻ അറബിക്കടലിൽ വെള്ളിയാഴ്ച യോടു കൂടി ന്യൂനമർദം രൂപപ്പെടാൻ സാധ്യതയുണ്ടെന്നും കൂടുതൽ ശക്തി പ്രാപിച്ച് ഇത് ചുഴലിക്കാറ്റായി മാറിയേക്കാമെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

കടലിൽ മോശമായ കാലാവസ്ഥക്കും ശക്തമായ കാറ്റിനും സാധ്യതയുള്ളതിനാൽ കേരള തീരത്ത് നിന്നുള്ള മൽസ്യ ബന്ധനം വെള്ളി മുതൽ മറിച്ചൊരു അറിയിപ്പുണ്ടാകുന്നതുവരെ പൂർണമായും നിരോധിച്ചു.

നിലവിൽ ആഴക്കടലിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ വെള്ളിയാഴ്ചയ്ക്കു മുന്നേ അടുത്തുള്ള സുരക്ഷിത തീരത്തെത്തണം.

ആഴക്കടലിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്ന തൊഴിലാളികളിലേക്ക് ഈ വിവരം എത്തിക്കാൻ വേണ്ട നടപടികൾ ഉടനടി സ്വീകരിക്കാൻ ബന്ധപ്പെട്ടവരോട് ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു.

പണയ സ്വർണ്ണം
വിൽക്കാൻ
മേഘ ഗോൾഡ്
9895251871

## തദ്ദേശ സ്ഥാപനങ്ങൾ ഓക്സിജൻ കോൺസൻട്രേറ്ററുകൾ വാങ്ങും

കോഴിക്കോട്: കൊവിഡ് രോഗികൾക്ക് ഓക്സിജൻ ലഭ്യത ഉറപ്പാക്കാനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഓക്സിജൻ കോൺസൻട്രേറ്ററുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുള്ളതായി ജില്ലാ കലക്റ്റർ അറിയിച്ചു.

കോർപറേഷൻ 25 എണ്ണവും മുനിസിപ്പാലിറ്റികൾ അഞ്ചെണ്ണം വീതവും ഗ്രാമ പഞ്ചായത്തുകൾ രണ്ടെണ്ണം വീതവും വാങ്ങാനാണ് തീരുമാനം. ഇതിനുള്ള തുക തദ്ദശേ സ്ഥാപനങ്ങൾ വകയിരുത്തും.

കോവിഡ് വ്യാപനത്തിന്റെയും ലോക്ക് ഡൗണിന്റെയും സാഹചര്യത്തിൽ ഭക്ഷ്യ വസ്തുക്കൾക്ക് അമിത വില ഈടാക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും. കൊവിഡ് ബാധിച്ച് മരിക്കുന്നവരുടെ മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള ഉത്തരവാദിത്വം തദ്ദേശസ്ഥാപനങ്ങൾക്കുണ്ട്.

ആവശ്യമായ സൗകര്യങ്ങളില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ അടുത്ത ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട് സൗകര്യമേർപ്പെടുത്തണം. ജില്ലയിൽ 38 തദ്ദേശ സ്ഥാപനങ്ങൾക്കാണ് മൃതദേഹങ്ങൾ സംസ്കരിക്കാൻ സ്വന്തമായി സൗകര്യങ്ങളുള്ളത്.

50 വയസിന് മുകളിലുള്ള രോഗ ലക്ഷണങ്ങളുള്ളവരെ നിർബന്ധമായും ആരോഗ്യ സുരക്ഷ മുൻനിർത്തി ഡിസിസികളിലേക്കോ എഫ് എൽ ടിസി കളിലേക്കോ മാറ്റണമെന്ന് തദ്ദേശസ്ഥാപനങ്ങക്ക് നിർദേശം നൽകി.

കിടപ്പ് രോഗികൾക്ക് കോവിഡ് ലക്ഷണങ്ങൾ ഉണ്ടെങ്കിൽ എഫ്എൽടിസികളിലേക്ക് മാറ്റി ചികിത്സ ഉറപ്പുവരുത്തണം. വീടുകളിൽ ചികിത്സയിൽ കഴിയുന്നവരുടെ കാര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾ ഗൗരവ ശ്രദ്ധ പുലർത്തണം. എല്ലായിടത്തും മൊബൈല് മെഡിക്കൽ യൂണിറ്റുകൾ തയ്യാറാക്കണം.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും എഫ് എൽ. ടി.സികളിലും ആംബുലൻസുകൾ ഉറപ്പുവരുത്തണമെന്നും കലക്റ്റർ നിർദേശിച്ചു.

അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യ കിറ്റ് ലേബർ വകുപ്പ് ഉറപ്പു വരുത്തും. ഇവർക്ക് വേണ്ടി ക്യാമ്പുകൾ തുടങ്ങണം.

പോസിറ്റീവാകുന്നവരെ പ്രത്യേകം ഡിസിസികളിലേക്ക് മാറ്റണമെന്നും കലക്റ്റർ പറഞ്ഞു. ഇവർക്ക് വേണ്ടി ക്യാമ്പുകൾ തുടങ്ങണമെന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുമായി നടത്തിയ ഓൺലൈന് യോഗത്തിൽ കലക്റ്റർ നിർദേശിച്ചു.



ലോക്ക്ഡൗണിനെ തുടർന്ന് വിജനമായ മാനാഞ്ചിറ മൈതാനം. മഴമേഘങ്ങളുടെ പശ്ചാത്തലത്തിൽ



*ഒന്നുമറിയാതെ തെരുവിന്റെ മക്കൾ...*

*തെരുവിലുള്ളവർ സമൂഹത്തിന്റെ ഭാഗമാണ്. ഭൂരിഭാഗം ജില്ലകളിലും അവർക്ക് ഒരു നേരത്തെ ഭക്ഷണമെത്തിക്കാൻ സന്നദ്ധ സംഘടനകളും ഭരണകൂടങ്ങളും പ്രവർത്തകരുമുണ്ട്. കൊവിഡ് രണ്ടാം തരംഗം ഭീതിയായി പെയ്യുമ്പോൾ തെരുവിന്റെ മക്കൾക്ക് ബോധവത്കരണം കൃത്യമായി നൽകാൻ സാധിക്കുന്നല്ലെന്നത് വാസ്തവമാണ്. കോഴിക്കോട് പാളയത്ത് നിന്നുള്ള ദൃശ്യം.*

*വിമിത്ത് ഷാൽ*

## തിരൂരങ്ങാടി പൊലീസിനെതിരെ വ്യാപക പരാതിയുമായി നാട്ടുകാർ

തിരൂരങ്ങാടി: ലോക്ക്ഡൗൺ നിയന്ത്രണങ്ങളുടെ പേരിൽ തിരൂരങ്ങാടി പൊലീസ് അപമര്യാദയായി പെരുമാറുന്നതായി നാട്ടുകാർ.

തിരൂരങ്ങാടിയിൽ പുതുതായി ചെർജെടുത്ത എസ്ഐക്കെതിരെയാണ് വ്യാപകമായി പരാതിയുള്ളത്. പരിശോധനക്കിടെ പൊലീസ് അനാവശ്യമായി കേസെടുക്കുന്നതായും പ്രതികരിക്കുന്നവരെ അസഭ്യം പറയുകയും മർദിക്കുകയും ചെയ്യുന്നതായും ആക്ഷേപമുണ്ട്.

ഇന്നലെ തിരൂരങ്ങാടിയിൽ ബൈക്ക് യാത്രക്കാരനെ തടഞ്ഞു വച്ച് ഹെൽമറ്റ് ധരിച്ചില്ലെന്ന കാരണം പറഞ്ഞു ബൈക്കിന്റെ താക്കോൽ ഊരി എടുക്കുകയും ഇതിന്റെ പേരിൽ പിഴ കോടതിൽ അടക്കാമെന്ന് പറഞ്ഞതിന് യാത്രക്കാരന്റെ ബൈക്കിലുണ്ടായിരുന്ന പച്ചക്കറിയും മാംസവും സാധനങ്ങളും പൊലീസ് വലിച്ചെറിഞ്ഞ സംഭവവുമുണ്ടായി.ഇതിന്റെ വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ ചില സ്ഥലങ്ങളിൽ ഈ എസ്ഐയിൽ നിന്നും സമാന സംഭവങ്ങൾ ഉണ്ടായതായും നാട്ടുകാർ പറയുന്നു. ചെമ്മാട് ബൈക്കിൽ വരികയായിരുന്ന മാധ്യമ പ്രവർത്തകനോട് മോശമായി പെരുമാറിയതായും ആക്ഷേപമുണ്ട്.

അതേ സമയം പരിശോധനക്കെത്തിയ പൊലീസ് ഒരു മാസ്ക് മാത്രമാണ് ധരിച്ചിരുന്നത് എന്നും നാട്ടുകാർ പറയുന്നു.

## ദുരിതാശ്വാസനിധിയിലേക്ക് ഉണ്ണിക്കുളം ഗ്രാമപഞ്ചായത്ത് അഞ്ച് ലക്ഷം രൂപ നൽകി

ഉണ്ണിക്കുളം: ഗ്രാമപഞ്ചായത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അഞ്ച് ലക്ഷം രൂപ നൽകി. ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നുള്ള തുകയാണിത്. ചെക്ക് നിയുക്ത എംഎൽഎ അഡ്വ. കെ.എം. സച്ചിൻദേവിന് ഗ്രാമപഞ്ചയാത്ത് പ്രസിഡന്റ് ഇന്ദിര ഏറാടിയിൽ കൈമാറി.

# കോഴിക്കോട് 3927 പേർക്ക് കൊവിഡ്

കോഴിക്കോട്: ജില്ലയിൽ കൊവിഡ് ബാധിതരുടെ എണ്ണത്തിനെക്കാളും ഏറെയാളുകൾ നെഗറ്റിവായി മാറുന്നത് ഏറെ അശ്വാസമാകുന്നു.ഇന്നലെ 3927 കൊവിഡ് പോസിറ്റീവ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ നാല്പേർക്ക് പോസിറ്റീവായി. 81 പേരുടെ ഉറവിടം വ്യക്തമല്ല. സമ്പർക്കം വഴി 3842 പേർക്കാണ് രോഗം ബാധിച്ചത്. 15204 പേരെ പരിശോധനക്ക് വിധേയരാക്കി.

ജില്ലയിലെ കൊവിഡ് ആശുപത്രികൾ, എഫ്എൽടിസികൾ എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്ന 4890 പേർ കൂടി രോഗമുക്തി നേടി ആശുപത്രി വിട്ടു.27.28 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്.

രോഗം സ്ഥിരീകരിച്ച് 48,252 കോഴിക്കോട് സ്വദേശികളാണ് ചികിത്സയിലുള്ളത്.ജില്ലയിൽ പുതുതായി വന്ന 5385 പേർ ഉൾപ്പെടെ 129285 പേർ നിരീക്ഷണത്തിൽ. ഇതുവരെ 425950 പേർ നിരീക്ഷണം പൂർത്തിയാക്കി.

രോഗലക്ഷണങ്ങളോടുകൂടി പുതുതായി വന്ന 415 പേർ ഉൾപ്പെടെ 3308 പേർ ആശുപത്രികളിൽ നിരീക്ഷണത്തിലാണ് .

പുതുതായി വന്ന 329 പേർ ഉൾപ്പെടെ ആകെ 1304 പ്രവാസികളാണ് നിരീക്ഷണത്തിലുള്ളത്.

ഇതുവരെ 162970 പ്രവാസികൾ നിരീക്ഷണംപൂർത്തി യാക്കി.15204 സ്രവസാംപിൾ പരിശോധിച്ചു.

ആകെ 1957041 സ്രവസാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 1953943 എണ്ണത്തിന്റെ പരിശോധനാ ഫലം ലഭിച്ചു. ഇതിൽ 1721555 എണ്ണം നെഗറ്റീവാണ്.

മാനസികസംഘർഷം കുറയ്ക്കുന്നതിനായി മെന്റൽ ഹെൽത്ത് ഹെൽപ് ലൈനിലൂടെ 88 പേർക്ക് ഇന്ന് കൗൺസിലിംഗ് നൽകി.



*കോഴിക്കോട് മെഡിക്കൽ കോളേജിൽ പുതുതായി എത്തിച്ച രോഗികൾക്കായുള്ള സ്ട്രെച്ചർ ബെഡുകൾ ഇറക്കുന്നു*

## ജില്ലയിലെ 56 കൊവിഡ് ആശുപത്രികളിലായി 1056 കിടക്കകൾ

കോഴിക്കോട്: കൊവിഡ് രോഗികളെ പ്രവേശിപ്പിക്കുന്നതിനായി സജ്ജമാക്കിയ ജില്ലയിലെ 56 കൊവിഡ് ആശുപത്രികളിലെ 3221 കിടക്കകളിൽ 1056 എണ്ണം ഒഴിവുണ്ട്. 76 ഐ.സി.യു കിടക്കകളും 23 വെന്റിലേറ്ററുകളും ഓക്സിജൻ ലഭ്യതയുള്ള 345 കിടക്കകളും ഒഴിവുണ്ട്. 13 ഗവൺമെന്റ് കൊവിഡ് ആശുപത്രികളിലായി 301 കിടക്കകൾ, 22 ഐ. സി. യു, 11 വെന്റിലേറ്റർ, 175 ഓക്സിജൻ ഉള്ള കിടക്കകളും ബാക്കിയുണ്ട്. 10 സി.എഫ്.എൽ.ടി.സികളിലായി ആകെയുള്ള 916 കിടക്കകളിൽ 486 എണ്ണം ബാക്കിയുണ്ട്. എസ്. എൽ. ടി.സികളായ ലക്ഷദ്വീപ് ഗസ്റ്റ് ഹൗസിൽ 50 കിടക്കകളും, കാരപ്പറമ്പ് ഹോമിയോ കോളേജിൽ 26 എണ്ണവും, എൻ. ഐ. ഇ. എൽ. ടിയിൽ 100 എണ്ണവും എൻ. ഐ. ടി എം. ബി. എ ഹോസ്റ്റലിൽ 195 കിടക്കകളും ഒഴിവുണ്ട്. 79 ഡോമിസിലറി കെയർ സെന്ററുകളിൽ ആകെയുള്ള 2015 കിടക്കകളിൽ 1570 എണ്ണം ഒഴിവുണ്ട്.

## നിയമലംഘനം : 831 കേസുകൾ കൂടി

കോഴിക്കോട്: ജില്ലയിൽ കൊവിഡ് നിയന്ത്രണങ്ങൾ ലംഘിച്ചതിന്റെ പേരിൽ 831 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. സാമൂഹിക അകലം പാലിക്കാത്തതിനും പൊതുസ്ഥലങ്ങളിൽ കൂട്ടംകൂടി നിന്നതിനും കടകൾ കൃത്യസമയത്ത് അടയ്ക്കാത്തതിന്റെയും പേരിൽ നഗര പരിധിയിൽ 46 കേസുകളും റൂറലിൽ 84 കേസുകളുമാണെടുത്തത്.

മാസ്ക് ധരിക്കാത്തതിന്റെ പേരിൽ നഗര പരിധിയിൽ 398 കേസുകളും റൂറലിൽ 303 കേസുകളുമെടുത്തു. ഇവരിൽ നിന്ന് പിഴ ഈടാക്കി.

## ആവശ്യ വ്യാപാര സ്ഥാപന പ്രവർത്തന സമയക്രമം ചുരുക്കിയത് പുന: പരിശോധിക്കണം:അബ്ദുൾ ഹമീദ്

തേഞ്ഞിപ്പലം: കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അവശ്യ സർവീസായി തുറന്ന് പ്രവർത്തിക്കുന്ന കടകളുടെ സമയ പരിധി ചുരുക്കിയത് പുന: പരിശോധിക്കണമെന്ന് വള്ളിക്കുന്ന് എംഎൽഎ മുഖ്യമന്ത്രിയോ ടാവശ്യപ്പെട്ടു. നിലവിൽ വകൈുന്നേരം ഏഴ് വരെയായിരുന്നു കടകൾ തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി.

എന്നാൽ സർക്കാറിന്റെ കഴിഞ്ഞ ദിവസം നടന്ന ഡിഡിഎംഎ യോഗത്തിൽ അവശ്യ സർവ്വീസായ വ്യാപാര സ്ഥാപനങ്ങൾ ഉച്ചക്ക് ശേഷം മൂന്നു മണി വരെയാക്കി ചുരുക്കിയതായി പൊലീസ് അറിയിച്ചിരുന്നു.

എന്നാൽ നിലവിലെ സ്ഥിതി തുടരണമെന്നാവശ്യപ്പെട്ടാണ് എംഎൽഎ മുഖ്യമന്ത്രിക്ക് കത്ത് നൽകിയത്. പെരുന്നാളിന് അവശ്യസാധനങ്ങൾ വാങ്ങുന്നതിന് സമയം ചുരുക്കി ക്രമീകരിക്കുന്നത് അപ്രായോഗികമാണെന്നും ഇത് കൂടുതൽ തിരക്കിനിടയാക്കുമെന്നും എംഎൽഎ കത്തിൽ വ്യക്തമാക്കി.

## കൊടുവള്ളിയിൽ വാർ റൂമും ഹെൽപ്പ് ഡസ്ക്കും സജ്ജമായി

കൊടുവള്ളി: നഗരസഭയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർ റൂം, ഹെൽപ്പ് ഡസ്ക് എന്നിവ പ്രവത്തനമാരംഭിച്ചു. ബസ്സ്റ്റാന്റിന് സമീപത്തെ പഴയ സി.ഐ.ഓഫീസിലാണ് വാർ റൂമും ഹെൽപ്പ് ഡസ്ക്കും സജ്ജമാക്കിയത്.

നഗരസഭയിലെ യുവജന, സന്നദ്ധ സംഘടനകളിൽ അംഗങ്ങളായ100ലധികം പേരും 10 വാഹനങ്ങളും ഏഴ് ആംബുലൻസുകളും വാർ റൂമിന്റെ ഭാഗമായി പ്രവർത്തിക്കും.

24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് മൂന്നു ഷിഫ്റ്റിലായി 15 അദ്ധ്യാപകരാണ്.നഗരസഭയിലെ ഒരോ ഡിവിഷനിലും അധ്യാപകരെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നിയോഗിച്ചിട്ടുണ്ട്.

വാർ റൂം നഗരസഭ ചെയർമാൻ വെള്ളറ അബ്ദു ഉദ്ഘാടനം ചെയ്തു. നഗരസഭ വൈസ് ചെയർപേഴ്സൻ കെ.എം സുശിന ആരോഗ്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ടി. മൊയ്തീൻകോയ, നഗരസഭാ സിക്രട്ടറി എ. പ്രവീൺ, മോണിറ്ററിംഗ് ഓഫീസർ മുനീർ എന്നിവർ പങ്കെടുത്തു.വാർ റൂം ഫോൺ നമ്പറുകൾ 04952214800, 04952215800, 04952965236, 8921362175

## ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നു

കൊടുവള്ളി: നഗര സഭയിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൊബലൈ് മെഡിക്കൽ യൂണിറ്റിലേക്ക് ഡോക്റ്റർ, സ്റ്റാഫ് നഴ്സ്, ഹെൽത്ത് വർക്കർ എന്നിവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു. വിരമിച്ചവരെയും പരിഗണിക്കുന്നതാണ്. നഗരസഭ പരിധിയിൽ ഉള്ളവർക്ക് മുൻഗണന. താൽപര്യമുള്ളവർ ബുധനാഴ്ച്ച ഓഫീസ് സമയത്ത് അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാവണമെന്ന് സെക്രട്ടറി അറിയിച്ചു.

## കാലിക്കറ്റ് സർവ്വകലാശാലയെ അപകീർത്തിപ്പെടുത്തുവാൻ അനുവദിക്കില്ല: ആക്ട്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവ്വകലാശാലയെ അപകീർത്തിപ്പെടുത്താൻ അനുവദിക്കില്ലെന്ന് ആക്ട് .കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്ന അധ്യാപകനിയമനങ്ങളെ വസ്തുതകൾ മനസ്സിലാക്കാതെ തികച്ചും രാഷ്ട്രീയമായി ചിലകോണുകളിൽനിന്ന്സർവ്വകലാശാലയെ ഇകഴ്ത്തി കാണിക്കാനുള്ള ശ്രമത്തെ തള്ളിക്കളയണമെന്ന്ഇടത് അനുകൂല അദ്ധ്യാപക സംഘടനയായഅസോസിയേഷൻ ഓഫ് കാലിക്കറ്റ് യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ( ആക്ട് ) ആവശ്യപ്പെട്ടു.

സർവ്വകലാശാല അടുത്ത കാലത്തു നടത്തിയിട്ടുള്ള അധ്യാപക നിയമനങ്ങൾ പാർലമെന്റ് പാസ്സാക്കിയ

നിയമങ്ങൾക്കും കോടതി വിധിയുടെ അടിസ്ഥാനത്തിലും ജാതിസാമുദായിക റൊട്ടേഷൻ കൃത്യമായി പാലിച്ചു കൊണ്ടു തന്നെയാണ് നടന്നിട്ടുള്ളത്.

കാലിക്കറ്റ് സർവ്വകലാശാല അധ്യാപകരുടെ ആവിഷ്കാര സ്വാതന്ത്രത്തിന് മുൻതൂക്കം നൽകുന്നുണ്ടെന്നതും പ്രതികാര നടപടികൾ സ്വീകരിക്കാറില്ലെന്നതും വസ്തുതയാണ്.

സർവ്വകലാ ശാലയ്ക്കെതിരെ വസ്തുതാപരമല്ലാത്ത പരാമർശങ്ങൾ തന്റെ എഴുത്തിൽ വന്നു കൂടിയതെങ്ങിനെയെന്ന് ഡോ.കെഎസ്മാധവൻ മറുപടി നൽകിയിട്ടുമുണ്ടെന്ന് ആക്ട് സെക്രട്ടറി ഡോ.ഹരികുമാരൻ തമ്പി വാർത്താ കുറിപ്പിലൂടെ വ്യക്തമാക്കി .

## മാധ്യമ പ്രവർത്തകനെതിരായ പഞ്ചായത്ത് നീക്കം അപലപനീയം: പത്രപ്രവർത്തക യൂണിയൻ

കോഴിക്കോട്: ചങ്ങരോത്ത് കെട്ടിടങ്ങളിൽ അതിഥി തൊഴിലാളികളെ പൂട്ടിയിട്ടതു സംബന്ധിച്ച വാർത്തകളുടെ അടിസ്ഥാനത്തിൽ മാധ്യമപ്രവർത്തകനെതിരെ പ്രമേയം പാസാക്കുകയും ജാമ്യമില്ലാ കേസിൽ കുടുക്കുകയും ചെയ്ത ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി നടപടി അപലപനീയമാണെന്ന് കേരള പത്രപ്രവർത്തക യൂണിയൻ കോഴിക്കോട് ജില്ലാ കമ്മിറ്റി.

പഞ്ചായത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ എ.എൻ.ഐ. ന്യൂസ് ഏജൻസി റിപ്പോർട്ടർ എൻ.പി. സക്കീറിനെതിരെ പൊലീസ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തിരിക്കുകയാണ്. പോരായ്മകൾ ചൂണ്ടിക്കാണിക്കുന്നവരെ കലാപകാരിയെന്ന് മുദ്ര കുത്തുന്നതിന് പകരം വാർത്തകളിൽ ഉയർത്തിയ വിഷയങ്ങളിൽ പരിഹാരം കൊണ്ടുവരുകയാണ് ജനാധിപത്യ പ്രക്രിയയ്ക്കു ഭൂഷണമെന്നും യൂണിയൻ ജില്ലാ കമ്മിറ്റി വാർത്താക്കുറിപ്പിൽ വ്യക്തമാക്കി.

അതിഥി തൊഴിലാളികൾ താമസിക്കുന്ന കെട്ടിടങ്ങളിൽ കൊവിഡ് നെഗറ്റിവുകാരെയും പൊസിറ്റിവുകാരെയും ഒരുമിച്ചു താമസിപ്പിക്കരുതെന്ന് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പുറത്ത് പാറാവുകാരോ സന്നദ്ധപ്രവർത്തകരോ ഇല്ലാതെ കെട്ടിടങ്ങൾ പൂട്ടുന്നത് മനുഷ്യാവകാശ ലംഘനവുമാണ്. ഒരു അത്യാഹിതമോ മറ്റോ ഉണ്ടായാൽ ഈ കെട്ടിടങ്ങളിലെ മനുഷ്യർ എന്തു ചെയ്യും എന്നത് ആലോചിക്കേണ്ട വിഷയമാണ്. എന്നിരിക്കെ കെട്ടിടങ്ങൾ പൂട്ടിയിട്ടുവെന്ന സംഭവത്തിൽ വാർത്താമൂല്യമുണ്ട്.അതേസമയം, വാർത്ത നൽകിയ മാധ്യമങ്ങൾക്കെതിരെയല്ല പരാതി എന്നതും ശ്രദ്ധേയമാണ്. പരാതിയിൽ പരാമർശിച്ചിരിക്കുന്ന എൻ.പി സക്കീർ ജോലി ചെയ്യുന്ന എ.എൻ.ഐ. ന്യൂസ് ഏജൻസിയിൽ ഈ വിഷയത്തിൽ വന്ന ഏതെങ്കിലും വാർത്ത ആരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരിക്കെ തങ്ങൾക്കെന്തോ മറച്ചുവെക്കാൻ ഉള്ളതുകൊണ്ട് ബോധപൂർവം ഒരു പ്രതിയെ സൃഷ്ടിക്കുന്നതുപോലെ തോന്നുന്നു ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം. കെട്ടിച്ചമച്ച ഒരു ആരോപണത്തിനു മേൽ കലാപാഹ്വാനം നടത്തി എന്നൊക്കെ പറഞ്ഞ് പൊലീസിൽ പരാതി നൽകുന്നതും പ്രമേയം പാസാക്കുന്നതും ജനാധിപത്യത്തിന് നിരക്കുന്നതാണോ എന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ ആലോചിക്കണമെന്നും യൂണിയൻ ജില്ലാ പ്രസിഡന്റ് എം. ഫിറോസ് ഖാൻ, സെക്രട്ടറി പി.എസ്. രാകേഷ് എന്നിവർ പ്രസ്താവനയിൽ പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 14, Issue No.128 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com